# മർക്കൊസ്

*യോഹന്നാൻ സ്നാപകൻ*
*വഴിയൊരുക്കുന്നു*

1 ദൈവപുത്രനായ യേശുക്രിസ്തുവിനെ
ക്കുറിച്ചുള്ള സുവിശേഷത്തിൻെറ ആരംഭം:
2“ഞാൻ എൻെറ ദൂതനെ നിനക്കു മുമ്പേ
അയയ്ക്കുന്നു; അവൻ നിൻെറ വഴി ഒരുക്കും.”[a]
3 “മരുഭൂമിയിൽ വിളിച്ചു
പറയുന്നവന്റെ ശബ്ദം,
‘കർത്താവിന്റെ
വഴിയൊരുക്കുവിൻ;
അവിടുത്തേക്കുവേണ്ടി
പാത നേരെയാക്കുവിൻ ’[b]
എന്നിങ്ങനെ യെശയ്യാപ്രവാചകൻെറ പു
സ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ
4യോഹന്നാൻ വന്നു മരുഭൂമിയിൽ സ്നാനം
കഴിപ്പിക്കുകയും പാപങ്ങളുടെ മോചനത്തി
നായുള്ള മാനസാന്തരസ്നാനത്തെക്കുറിച്ചു
പ്രസംഗിക്കുകയും ചെയ്തു.
5യഹൂദ്യഗ്രാമങ്ങളിൽ എല്ലായിടത്തുനിന്നുമു
ള്ളവരും യെരൂശലേമിലുള്ള എല്ലാ ജനങ്ങളും
അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു. അവർ
തങ്ങളുടെ പാപങ്ങൾ ഏററു പറഞ്ഞ് യോർദ്ദാൻ
നദിയിൽ അദ്ദേഹത്താൽ സ്നാനം ഏററു.
6യോഹന്നാൻ ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും
അരയിൽ തോൽവാറും ധരിച്ചിരുന്നു. വെട്ടു
ക്കിളിയും കാട്ടുതേനും ആയിരുന്നു അദ്ദേഹ
ത്തിൻെറ ആഹാരം. അദ്ദേഹത്തിൻെറ സന്ദേശം
ഇതായിരുന്നു: 7“എന്നെക്കാൾ ശക്തനായ
ഒരാൾ എൻെറ പിന്നാലെ വരുന്നു, അദ്ദേഹ
ത്തിൻെറ ചെരുപ്പിൻെറ വാറു കുനിഞ്ഞ
ഴിക്കുവാൻ എനിക്കു യോഗ്യതയില്ല. 8ഞാൻ
നിങ്ങളെ വെള്ളംകൊണ്ടു സ്നാനം കഴിപ്പി
ക്കുന്നു; എന്നാൽ അദ്ദേഹം നിങ്ങളെ പരിശുദ്ധാ
ത്മാവുകൊണ്ടു സ്നാനം കഴിപ്പിക്കും.”

*യേശുവിൻെറ സ്നാനവും*
*അദ്ദേഹത്തിനുണ്ടായ പ്രലോഭനവും*

9ആ കാലത്ത് യേശു ഗലീലയിലെ നസറെ
ത്തിൽനിന്നു വന്നു. അദ്ദേഹം യോർദ്ദാൻ
നദിയിൽ യോഹന്നാനാൽ സ്നാനം ഏററു.
10യേശു വെള്ളത്തിൽ നിന്നു കയറിവന്ന ഉടനേ
ആകാശം പിളരുന്നതും ആത്മാവു പ്രാവു
പോലെ തൻെറമേൽ ഇറങ്ങിവരുന്നതും കണ്ടു.
11 “നീ എൻെറ പ്രിയപുത്രൻ; നിന്നിൽ ഞാൻ
പ്രസാദിച്ചിരിക്കുന്നു” എന്നു സ്വർഗ്ഗത്തിൽ
നിന്ന് ഒരു ശബ്ദവും ഉണ്ടായി.
12ഉടൻതന്നേ ആത്മാവ് അദ്ദേഹത്തെ മരു
ഭൂമിയിലേക്കു നയിച്ചു. 13സാത്താനാൽ പരീ
ക്ഷിക്കപ്പെട്ട്, നാല്പതു ദിവസം അദ്ദേഹം വന്യ
മൃഗങ്ങളോടുകൂടെ മരുഭൂമിയിൽ ആയിരുന്നു;
ദൂതന്മാർ അദ്ദേഹത്തെ ശുശ്രൂഷിച്ചു പോന്നു.

*ആദ്യശിഷ്യന്മാരെ വിളിക്കുന്നു*

14യോഹന്നാൻ ബന്ധനസ്ഥനായതിനു
ശേഷം യേശു ദൈവരാജ്യത്തിൻെറ സുവിശേ
ഷം പ്രസംഗിച്ചുകൊണ്ടു ഗലീലയിൽ വന്നു.
15“കാലം തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരി
ക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ
വിശ്വസിപ്പിൻ” എന്ന് അദ്ദേഹം പ്രസംഗിച്ചു.
16യേശു ഗലീലക്കടൽത്തീരത്തു കൂടി
നടന്നുപോകുമ്പോൾ ശിമോനും സഹോദ
രനായ അന്ത്രെയാസും കടലിൽ വല വീശുന്നതു
കണ്ടു. അവർ മീൻ പിടിക്കുന്നവരായിരുന്നു.
17യേശു അവരോട്: “എന്നെ അനുഗമിക്കുവിൻ;
ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവ
രാക്കും” എന്നു പറഞ്ഞു. 18ഉടനേ അവർ വല
ഉപേക്ഷിച്ച് അദ്ദേഹത്തെ അനുഗമിച്ചു.
19 അദ്ദേഹം അല്പം മുന്നോട്ടു ചെന്നപ്പോൾ,
സെബെദിയുടെ മകനായ യാക്കോബും
അയാളുടെ സഹോദരനായ യോഹന്നാനും
വഞ്ചിയിലിരുന്നു വല ഒരുക്കുന്നതു കണ്ടു.
20ഉടനെ അദ്ദേഹം അവരെയും വിളിച്ചു. അവർ
അപ്പനായ സെബെദിയെ കൂലിക്കാരോടുകൂടെ
വഞ്ചിയിൽ വിട്ടിട്ട് അദ്ദേഹത്തെ അനുഗമിച്ചു.

*യേശു ഒരു ദുരാത്മാവിനെ പുറത്താക്കുന്നു*

21അവർ കഫർന്നഹൂമിലേക്കു പോയി.
ശബ്ബത്തിൽ യേശു പള്ളിയിൽ ചെന്നു പഠിപ്പിച്ചു

*a* 2 മലാഖി. 3:1 *b* 3 യെശയ്യാവ് 40: 3

തുടങ്ങി. 22 അദ്ദേഹത്തിൻെറ ഉപദേശം കേട്ടു
ജനങ്ങൾ ആശ്ചര്യപ്പെട്ടു; എന്തെന്നാൽ,
വേദജ്ഞരെപ്പോലെ അല്ല, അധികാര
മുള്ളവനായിട്ടാണ് അദ്ദേഹം പഠിപ്പിച്ചത്. 23 ആ
പള്ളിയിൽ ദുരാത്മാവു[a] ബാധിച്ച ഒരു
മനുഷ്യൻ ഉണ്ടായിരുന്നു. 24''നസറായനായ
യേശുവേ, അങ്ങേയ്ക്കു ഞങ്ങളോട് എന്തു
കാര്യം? ഞങ്ങളെ നശിപ്പിക്കാനോ അങ്ങു
വന്നിരിക്കുന്നത്? അങ്ങ് ആരാണെന്ന്
എനിക്കറിയാം ദൈവത്തിൻെറ പരിശുദ്ധൻ
തന്നേ'' എന്ന് അയാൾ നിലവിളിച്ചു പറഞ്ഞു.
25'മിണ്ടരുത്' യേശു ശാസിച്ചു: ''അവനിൽ
നിന്നുപുറത്തുവരിക!'' 26 ദുരാത്മാവു ആ
മനുഷ്യനെ തള്ളിവീഴ്ത്തിയശേഷം ഉറക്കെ നി
ലവിളിച്ചുകൊണ്ട് അവനെ വിട്ടുപോയി.
27 ജനങ്ങളെല്ലാം അത്ഭുതപ്പെട്ട്, ''ഇതെന്ത്?
അധികാരത്തോടുകൂടിയുള്ള ഒരു പുതിയ
ഉപദേശം! അദ്ദേഹം ദുരാത്മാക്കളോടു പോലും
കല്പിക്കുകയും അവ അദ്ദേഹത്തെ അനുസരി
ക്കുകയും ചെയ്യുന്നുവല്ലോ!'' എന്ന് അന്യോന്യം
പറഞ്ഞു. 28അദ്ദേഹത്തെക്കുറിച്ചുള്ള വാർത്ത
ഗലീലപ്രദേശത്തെല്ലായിടത്തും അതിവേഗം
വ്യാപിച്ചു.

*യേശു അനേകരെ സൗഖ്യമാക്കുന്നു*

29അവർ പള്ളിയിൽനിന്ന് ഇറങ്ങിയ
ഉടനേതന്നെ യാക്കോബിനോടും യോഹ
ന്നാനോടുംകൂടെ ശിമോൻെറയും അന്ത്രെയാ
സിൻെറയും വീട്ടിലേക്കു പോയി. 30 ശിമോൻെറ
ഭാര്യാമാതാവ് പനിപിടിച്ചു കിടപ്പിലായിരുന്നു.
അവളുടെ കാര്യം ശിഷ്യന്മാർ യേശുവിനോടു
പറഞ്ഞു. 31യേശു അടുത്തുചെന്നു കൈക്കു
പിടിച്ച് അവളെ എഴുന്നേല്പിച്ചു. പനി വിട്ടു
മാറുകയും അവൾ അവരെ ശുശ്രൂഷിക്കുകയും
ചെയ്തു.
32അന്നു വൈകുന്നേരം, സൂര്യൻ അസ്തമിച്ച
തിനുശേഷം ജനങ്ങൾ എല്ലാ രോഗികളെയും
ഭൂതബാധിതരെയും യേശുവിൻെറ അടുക്കൽ
കൊണ്ടുവന്നു. 33നഗരവാസികളെല്ലാം
വാതില്ക്കൽ വന്നുകൂടി. 34പലവിധ രോഗങ്ങൾ
ബാധിച്ചിരുന്ന അനേകരെ യേശു സൗഖ്യമാക്കി;
അനവധി ഭൂതങ്ങളെയും പുറത്താക്കി. താൻ
ആരെന്ന് അവയ്ക്ക് അറിയാമായിരുന്നതു
കൊണ്ട് അദ്ദേഹം അവയെ സംസാരിക്കാൻ
അനുവദിച്ചില്ല.

*യേശു ഒരു വിജനസ്ഥലത്ത് പ്രാർത്ഥിക്കുന്നു*

35അതിരാവിലെ, ഇരുട്ടുള്ളപ്പോൾത്തന്നേ,
യേശു എഴുന്നേറ്റ് ഒരു വിജനസ്ഥലത്തു ചെന്നു
പ്രാർത്ഥിച്ചു. 36 ശിമോനും കൂടെയുള്ളവരും
അദ്ദേഹത്തെ അന്വേഷിച്ചു ചെന്നു; 37''എല്ലാ
വരും അങ്ങയെ അന്വേഷിക്കുന്നു'' എന്ന് അവർ
അദ്ദേഹത്തോടു പറഞ്ഞു.
38അതിനു യേശു: ''അടുത്തുള്ള
ഗ്രാമങ്ങളിലും ഞാൻ പ്രസംഗിക്കേണ്ടതിനു
നമുക്കു അവിടേയ്ക്കു പോകാം; അതിനായി
ട്ടാണല്ലോ ഞാൻ വന്നത്'' എന്നു മറുപടി
മറഞ്ഞു. 39അങ്ങനെ അദ്ദേഹം അവരുടെ പള്ളി
കളിൽ പ്രസംഗിച്ചും ഭൂതങ്ങളെ പുറത്താക്കിയും
കൊണ്ടു ഗലീലയിലെല്ലാം സഞ്ചരിച്ചു.

*ഒരു കുഷ്ഠരോഗി*

40ഒരു കുഷ്ഠരോഗി അദ്ദേഹത്തിൻെറ
അടുക്കൽ വന്ന്, ''അങ്ങേയ്ക്കു മനസ്സു
ണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും''
എന്ന് അപേക്ഷിച്ചു.
41യേശു മനസ്സലിഞ്ഞു കൈനീട്ടി ആ
മനുഷ്യനെ തൊട്ടു: ''എനിക്കു മനസ്സുണ്ട്;
ശുദ്ധനാവുക'' എന്നു പറഞ്ഞു. 42 തൽക്ഷണം
കുഷ്ഠം അയാളെ വിട്ടുമാറി, അയാൾ
ശുദ്ധനായി. 43 യേശു ഉടനേ കർശനമായ ഒരു
താക്കീതു നല്കി അയാളെ പറഞ്ഞയച്ചു:
44''നോക്കൂ, ഇത് ആരോടും പറയരുത്;
എന്നാൽ നീ ചെന്നു നിന്നെത്തന്നേ പുരോ
ഹിതനു കാണിച്ചുകൊടുക്കുകയും നിൻെറ
ശുദ്ധീകരണത്തിനുവേണ്ടി മോശെ കല്പിച്ചി
ട്ടുള്ള വഴിപാട് അവർക്കു സാക്ഷ്യത്തിനായി
അർപ്പിക്കുകയും ചെയ്യുക.'' 45എന്നാൽ
അയാൾ പോയി എല്ലാവരോടും ഈ വാർത്ത
പറഞ്ഞു പ്രസിദ്ധമാക്കി. അതുകൊണ്ടു യേശു
വിനു പരസ്യമായി പട്ടണത്തിൽ പ്രവേശിക്കു
വാൻ സാധിക്കാതെ വന്നു; അദ്ദേഹം പുറത്തു
വിജനസ്ഥലങ്ങളിൽ പാർത്തു. എന്നിട്ടും
ജനങ്ങൾ എല്ലായിടങ്ങളിൽനിന്നും അദ്ദേഹ
ത്തിൻെറ അടുക്കൽ വന്നുകൂടി.

*യേശു പക്ഷവാതക്കാരനെ*
*സൗഖ്യമാക്കുന്നു*

2 ചില ദിവസങ്ങൾക്കുശേഷം യേശു
വീണ്ടും കഫർന്നഹൂമിൽ വന്നു. അദ്ദേഹം
വീട്ടിൽ എത്തിയിരിക്കുന്നു എന്നു ജനങ്ങൾ
കേട്ടു. 2വാതിലിനു പുറത്തുപോലും
ഇടമില്ലാത്തവിധം അനവധിയാളുകൾ തിങ്ങി
ക്കൂടി. അദ്ദേഹം അവരോടു വചനം പ്രസംഗിച്ചു.
3 അപ്പോൾ ചിലർ ഒരു പക്ഷവാതക്കാരനുമായി
അവിടെയെത്തി; നാലുപേർ അയാളെ
എടുത്തിരുന്നു. 4ജനക്കൂട്ടം നിമിത്തം അയാളെ
യേശുവിൻെറ അടുത്തെത്തിക്കുവാൻ
കഴിഞ്ഞില്ല. അതുകൊണ്ട് അവർ യേശു
ഇരുന്ന സ്ഥലത്തിനുമീതെ മേൽക്കൂര പൊളിച്ചു

[a] 23 ഗ്രീക്കിൽ, *ദുരാത്മാക്കൾ:* 30-ാം വാക്യവും കാണുക

തുറന്നു പക്ഷവാതക്കാരനെ കിടക്കയോടെ
താഴെയിറക്കിവച്ചു. 5യേശു അവരുടെ
വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോട്:
''മകനേ, നിന്റെ പാപങ്ങൾ ക്ഷമിച്ചുതന്നിരി
ക്കുന്നു'' എന്നു പറഞ്ഞു.
6അവിടെ ചില വേദജ്ഞർ ഇരിക്കുന്നു
ണ്ടായിരുന്നു; അവർ ഇപ്രകാരം ചിന്തിച്ചു: 7''ഈ
മനുഷ്യൻ ഇങ്ങനെ സംസാരിക്കുന്നത് എന്ത്?
ഇത് ദൈവദൂഷണമാണ്; പാപങ്ങൾ ക്ഷമി
ക്കുവാൻ ദൈവത്തിനല്ലാതെ ആർക്കു കഴിയും?"
8അവർ ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്ന
ഇക്കാര്യം യേശു ആത്മാവിൽ ഗ്രഹിച്ചിട്ട്
അവരോടു ചോദിച്ചു: ''നിങ്ങൾ ഇങ്ങനെ
ചിന്തിക്കുന്നതെന്ത്? 9പക്ഷവാതക്കാരനോട്:
'നിന്റെ പാപങ്ങൾ ക്ഷമിച്ചുതന്നിരിക്കുന്നു
എന്നു പറയുന്നതോ', 'എഴുന്നേറ്റു നിന്റെ
കിടക്ക എടുത്തു നടക്കുക' എന്നു പറയുന്നതോ
ഏതാണ് എളുപ്പം? 10എന്നാൽ ഭൂമിയിൽ
പാപങ്ങൾ ക്ഷമിക്കുവാൻ മനുഷ്യപുത്രന്
അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്''
അദ്ദേഹം പക്ഷവാതക്കാരനോട്: 11''ഞാൻ
നിന്നോടു പറയുന്നു- എഴുന്നേറ്റു നിന്റെ
കിടക്കയെടുത്തു വീട്ടിൽ പോവുക.'' 12ഉടനെ
അയാൾ എഴുന്നേറ്റ്, കിടക്ക എടുത്ത് എല്ലാവരും
കാൺകെ നടന്നു പുറത്തേക്കു പോയി.
സകലരും ഇതിൽ ആശ്ചര്യപ്പെട്ടു; അവർ
ദൈവത്തെ മഹത്ത്വപ്പെടുത്തിക്കൊണ്ട്,
"ഇതുപോലെയുള്ളതൊന്നും ഞങ്ങൾ
ഒരിക്കലും കണ്ടിട്ടില്ല" എന്നു പറഞ്ഞു.

*ലേവിയെ വിളിക്കുന്നു*

13യേശു പിന്നെയും കടൽക്കരയിലേക്കു
പോയി. ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തിന്റെ
അടുത്തെത്തി. അദ്ദേഹം അവരെ ഉപദേശിച്ചു
തുടങ്ങി. 14അദ്ദേഹം നടന്നുപോകുമ്പോൾ
അല്ഫായിയുടെ മകനായ ലേവി ചുങ്കസ്ഥ
ലത്ത് ഇരിക്കുന്നതു കണ്ടു. യേശു അയാളോട്:
"എന്നെ അനുഗമിക്കുക" എന്നു പറഞ്ഞു.
അയാൾ എഴുന്നേറ്റ് അദ്ദേഹത്തെ അനുഗമിച്ചു.
15യേശു ലേവിയുടെ വീട്ടിൽ വിരുന്നിൽ
പങ്കെടുക്കുമ്പോൾ അനേകം നികുതി പിരി
വുകാരും പാപികളും അദ്ദേഹത്തോടും ശിഷ്യ
ന്മാരോടുമൊപ്പം ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു;
കാരണം അങ്ങനെയുള്ള അനേകർ
അദ്ദേഹത്തെ അനുഗമിച്ചിരുന്നു. 16അദ്ദേഹം
പാപികളോടും നികുതിപിരിവുകാരോടും കൂടെ
ഭക്ഷണം കഴിക്കുന്നതു കണ്ടിട്ടു പരീശന്മാരുടെ
കൂട്ടത്തിലുള്ള വേദജ്ഞർ അദ്ദേഹത്തിന്റെ
ശിഷ്യന്മാരോട്: "അദ്ദേഹം നികുതിപിരിവു
കാരോടും പാപികളോടുംകൂടെ ഭക്ഷിക്കുന്നത്
എന്ത്?" എന്നു ചോദിച്ചു.
17യേശു ഇതു കേട്ടിട്ട് അവരോട്:
"ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു
വൈദ്യനെക്കൊണ്ട് ആവശ്യം. ഞാൻ നീതിമാ
ന്മാരെയല്ല, പാപികളെയത്രേ മാനസാന്ത
രത്തിലേക്കു വിളിക്കുവാൻ വന്നിരിക്കുന്നത്"
എന്ന് ഉത്തരം പറഞ്ഞു.

*ഉപവാസത്തെപ്പറ്റിയുള്ള ചോദ്യം*

18യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും
ഉപവസിക്കുക പതിവായിരുന്നു. ചിലർ
യേശുവിന്റെ അടുക്കൽ വന്ന് അദ്ദേഹത്തോടു
ചോദിച്ചു: "യോഹന്നാന്റെയും പരീശന്മാരുടെ
യും ശിഷ്യന്മാർ ഉപവസിക്കുന്നു; എന്നാൽ
അങ്ങയുടെ ശിഷ്യന്മാർ അങ്ങനെ ചെയ്യാതിരി
ക്കുന്നത് എന്തുകൊണ്ട്?"
19യേശു മറുപടി പറഞ്ഞു: "മണവാളൻ
കൂടെയുള്ളപ്പോൾ അദ്ദേഹത്തിന്റെ തോഴ
ന്മാർക്ക് ഉപവസിക്കാൻ കഴിയുന്നതെങ്ങനെ?
മണവാളൻ കൂടെയുള്ളേടത്തോളം അവർക്ക്
അതു സാധ്യമല്ല. 20 എന്നാൽ മണവാളൻ
അവരുടെ ഇടയിൽനിന്നു മാറ്റപ്പെടുന്ന കാലം
വരും; അന്ന് അവർ ഉപവസിക്കും.
21ആരും പഴയ വസ്ത്രത്തിൽ പുതിയ
തുണിക്കഷണം തുന്നിച്ചേർക്കുന്നില്ല; അങ്ങനെ
ചെയ്താൽ പുതിയതുണി പഴയതിൽനിന്നു
വലിഞ്ഞിട്ടു കീറൽ ഏറെ വലുതാകും. 22ആരും
പുതിയ വീഞ്ഞു പഴയ തോൽക്കുടങ്ങളിൽ
പകർന്നു വയ്ക്കുന്നില്ല; അങ്ങനെ ചെയ്താൽ
വീഞ്ഞു കുടങ്ങളെ പിളർക്കുകയും വീഞ്ഞും
കുടങ്ങളും നശിക്കുകയും ചെയ്യും. പുതിയ
വീഞ്ഞു പകർന്നുവെയ്ക്കേണ്ടതു പുതിയ
തോൽക്കുടങ്ങളിലാണ്.

*ശബ്ബത്തിന്റെ കർത്താവ്*

23ഒരു ശബ്ബത്തിൽ യേശു വിളഭൂമിയിൽക്കൂടി
പോവുകയായിരുന്നു. പോകുന്നതിനിടയിൽ
ശിഷ്യന്മാർ കതിരുകൾ പറിച്ചു തുടങ്ങി.
24പരീശന്മാർ അദ്ദേഹത്തോട്: "നോക്കൂ, ശബ്ബ
ത്തിൽ ചെയ്യരുതാത്ത കാര്യം ഇവർ ചെയ്യുന്ന
തെന്ത്?" എന്നു ചോദിച്ചു.
25യേശു അവരോട് ഉത്തരം പറഞ്ഞു: "ദാവീ
ദും കൂടെയുള്ളവരും ഭക്ഷണമൊന്നുമില്ലാതെ
വിശന്നപ്പോൾ എന്തു ചെയ്തുവെന്നു നിങ്ങൾ
ഒരിക്കലും വായിച്ചിട്ടില്ലേ? 26അബ്യാഥാർ മഹാ
പുരോഹിതന്റെ കാലത്ത് അവൻ ദൈവഭവന
ത്തിൽ പ്രവേശിച്ച്, നിയമപ്രകാരം പുരോഹിത
ന്മാർ മാത്രം ഭക്ഷിക്കേണ്ടതായ കാഴ്ചയപ്പം
തിന്നു; കൂടെയുള്ളവർക്കും കൊടുത്തു."
27പിന്നെ അദ്ദേഹം: " ശബ്ബത്ത് മനുഷ്യനു
വേണ്ടിയാണ്; മനുഷ്യൻ ശബ്ബത്തിനു വേ
ണ്ടിയല്ല; 28മനുഷ്യപുത്രൻ ശബ്ബത്തിന്റെയും

കർത്താവാണ്" എന്നു പറഞ്ഞു.
3 അദ്ദേഹം വീണ്ടും പള്ളിയിൽ ചെന്നു. കൈ
ശോഷിച്ച ഒരു മനുഷ്യൻ അവിടെ
ഉണ്ടായിരുന്നു. 2അദ്ദേഹം അയാളെ ശബ്ബ
ത്തിൽ സുഖപ്പെടുത്തുമോ എന്നു ചിലർ ഉറ്റു
നോക്കിക്കൊണ്ടിരുന്നു. യേശുവിൽ കുറ്റമാ
രോപിക്കുക എന്നതായിരുന്നു അവരുടെ
ഉദ്ദേശ്യം. 3യേശു കൈ ശോഷിച്ച മനുഷ്യനോടു
പറഞ്ഞു: "എഴുന്നേറ്റ് എല്ലാവരുടേയും മുമ്പിൽ
വന്നു നില്ക്കുക."
4 പിന്നെ യേശു അവരോട്: "ശബ്ബത്തിൽ
നന്മചെയ്യുന്നതോ തിന്മചെയ്യുന്നതോ, ജീവനെ
രക്ഷിക്കുന്നതോ കൊല്ലുന്നതോ ഏതാണു
നിയമാനുസൃതം?" എന്നു ചോദിച്ചു. അവർ
മിണ്ടാതിരുന്നു.
5യേശു അവരുടെ ഹൃദയകാഠിന്യത്തിൽ
ദുഃഖിച്ചു, കോപത്തോടെ ചുറ്റും നോക്കി
ക്കൊണ്ട് ആ മനുഷ്യനോട്: " നിന്റെ കൈ
നീട്ടുക" എന്നു പറഞ്ഞു. അയാൾ കൈനീട്ടി,
അതു പൂർണ്ണമായി സുഖപ്പെട്ടു. 6ഉടനെ
പരീശന്മാർ പുറത്തിറങ്ങി യേശുവിനെ
എങ്ങനെ നശിപ്പിക്കാം എന്നതിനെക്കുറിച്ചു
ഹെരോദ്യരുമായി ഗൂഢാലോചന നടത്തി.

*ജനക്കൂട്ടം യേശുവിനെ അനുഗമിക്കുന്നു*

7യേശു ശിഷ്യന്മാരോടുകൂടെ തിരികെ കടൽ
ത്തീരത്തേയ്ക്കു പോയി. ഗലീലയിൽനിന്ന് ഒരു
വലിയ ജനക്കൂട്ടം പിന്നാലെ ചെന്നു.
8അദ്ദേഹംചെയ്തുകൊണ്ടിരുന്നതെല്ലാം കേട്ടിട്ട്
യഹൂദ്യയിൽ നിന്നും, യെരൂശലേമിൽനിന്നും,
ഏദോമിൽ നിന്നും, യോർദ്ദാന്റെ മറുകര
യിൽനിന്നും സോരിനും സീദോനും ചുറ്റുമുള്ള
പ്രദേശങ്ങളിൽനിന്നും അനവധി ആളുകൾ
അദ്ദേഹത്തിന്റെ അടുക്കലെത്തി. 9ജനബാ
ഹുല്യം നിമിത്തം, ആളുകൾ തന്നെ ഞെരുക്കാ
തിരിക്കേണ്ടതിന് ഒരു ചെറുവഞ്ചി തനിക്കായി
തയ്യാറാക്കുവാൻ യേശു ശിഷ്യന്മാരോടു
പറഞ്ഞു. 10അദ്ദേഹം അനേകരെ സൗഖ്യമാക്കി
യതുകൊണ്ട്, അദ്ദേഹത്തെ തൊടുവാൻ വേണ്ടി
രോഗബാധിതരായ ജനങ്ങൾ തിക്കിത്തിരക്കി
ക്കൊണ്ടിരുന്നു. 11ദുരാത്മാക്കൾ അദ്ദേഹത്തെ
കാണുമ്പോഴെല്ലാം അദ്ദേഹത്തിന്റെ മുമ്പിൽ
വീണ് "അങ്ങു ദൈവപുത്രൻ" എന്നു വിളിച്ചു
പറഞ്ഞു. 12എന്നാൽ താൻ ആരാണെന്ന കാര്യം
വെളിപ്പെടുത്തരുതെന്ന് അദ്ദേഹം അവരോട്
കർശനമായി ആജ്ഞാപിച്ചു.

*പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ നിയമനം*

13യേശു മലയുടെ മുകളിലേയ്ക്കു കയറി
പ്പോയി, തനിക്ക് ഇഷ്ടപ്പെട്ടവരെ അടുക്കൽ
വിളിച്ചു. അവർ അദ്ദേഹത്തിന്റെ അടുത്തു
ചെന്നു. 14തന്നോടുകൂടെ ആയിരിക്കുവാനും
പ്രസംഗത്തിന് അയയ്ക്കുവാനും, 15ഭൂതങ്ങളെ
പുറത്താക്കുവാൻ അധികാരം ഉണ്ടായിരിക്കു
വാനും പന്ത്രണ്ടുപേരെ അദ്ദേഹം നിയമിച്ചു.
അവർക്ക് അപ്പൊസ്തലന്മാർ എന്നു നാമ
കരണം ചെയ്തു. 16അദ്ദേഹം നിയമിച്ച പന്ത്രണ്ടു
പേർ ഇവരാണ്: ശിമോൻ (അയാൾക്കു
പത്രൊസ് എന്ന് അദ്ദേഹം പേരു നല്കി);
17സെബെദിയുടെ മകനായ യാക്കോബ്,
അയാളുടെ സഹോദരൻ യോഹന്നാൻ (ഇടി
മുഴക്കത്തിന്റെ മക്കൾ എന്നർത്ഥമുള്ള ബൊവ
നേർഗ്ഗെസ് എന്ന് അവർക്കു പേരിട്ടു.) 18അന്ത്രെ
യാസ്, ഫിലിപ്പൊസ്, ബർത്തൊലോമായി,
മത്തായി, തോമാസ്,അല്ഫായിയുടെ മകനായ
യാക്കോബ്, തദ്ദായി, കനാന്യനായ ശിമോൻ,
19അദ്ദേഹത്തെ ഒറ്റിക്കൊടുത്ത ഈസ്ക്കാ
ര്യോത്ത് യൂദാ.

*യേശുവും ബേൽസെബൂലും*

20പിന്നീട് യേശു ഒരു വീട്ടിൽ പ്രവേശിച്ചു.
അദ്ദേഹത്തിനും ശിഷ്യന്മാർക്കും ഭക്ഷണം
കഴിക്കാൻപോലും സാധിക്കാത്തവിധം വീണ്ടും
ജനക്കൂട്ടം വന്നുകൂടി. 21 'അയാൾക്കു
സുബോധം ഇല്ല' എന്നു യേശുവിനെപ്പറ്റി
ആളുകൾ പറയുന്നതു കേട്ട് അദ്ദേഹത്തിന്റെ
വീട്ടുകാർ അദ്ദേഹത്തെ പിടിച്ചുകൊണ്ടു
പോകുവാൻ അവിടേക്കു പോയി.
22യെരൂശലേമിൽനിന്നു വന്ന വേദജ്ഞർ
"അയാളെ ബേൽസെബൂൽ[a] ബാധിച്ചി
രിക്കുന്നു;ഭൂതങ്ങളുടെ തലവനെക്കൊണ്ടാ
കുന്നു അയാൾ ഭൂതങ്ങളെ പുറത്താക്കുന്നത്"
എന്നു പറഞ്ഞു.
23യേശു അവരെ വിളിച്ച് ഉപമകളിലൂടെ
അവരോടു സംസാരിച്ചു: "സാത്താനെ പുറത്താ
ക്കുവാൻ സാത്താന് എങ്ങനെ കഴിയും? 24ഒരു
രാജ്യം അതിൽത്തന്നേ ഭിന്നിച്ചിരിക്കുന്നു
വെങ്കിൽ ആ രാജ്യത്തിനു നിലനില്ക്കുവാൻ
കഴിയുകയില്ല. 25ഒരു ഭവനം അതിൽത്തന്നേ
ഛിദ്രിച്ചിരിക്കുന്നുവെങ്കിൽ അതിനു നിലനില്
ക്കുവാൻ സാധ്യമല്ല. 26സാത്താൻ അവനെത്ത
ന്നെ എതിർക്കുകയും സ്വയം ഭിന്നിക്കുകയും
ചെയ്താൽ അതിനു നിലനില്പില്ല; അവന്റെ
അന്ത്യം അടുത്തിരിക്കുന്നു. 27ബലിഷ്ഠനായ
ഒരുവനെ ആദ്യംതന്നേ പിടിച്ചു കെട്ടിയെങ്കിൽ
മാത്രമേ അവന്റെ വീട്ടിൽ കടന്നു സ്വത്തു
കൊള്ളയിടാൻ സാധിക്കുകയുള്ളു; അതിനു
ശേഷം വീടു കവർച്ച ചെയ്യാം. 28ഞാൻ
നിങ്ങളോടു സത്യം പറയുന്നു, മനുഷ്യരോട്
അവരുടെ സകല പാപങ്ങളും ദൂഷണങ്ങളും

[a] 22 *ബെസെബൂൽ, ബേൽസെബൂബ്* എന്നീ രൂപങ്ങളും ഉപയോഗിക്കുന്നു.

ക്ഷമിക്കും. 29എന്നാൽ പരിശുദ്ധാത്മാവി
നെതിരായുള്ള ദൂഷണം പറയുന്നവനോടോ
ഒരിക്കലും ക്ഷമിക്കയില്ല. അവൻ നിത്യശിക്ഷാ
വിധിക്കു യോഗ്യനാകും. 30“അയാൾക്കു
ദുരാത്മാവുണ്ട്” എന്ന് അവർ പറഞ്ഞതു
കൊണ്ടാണ് യേശു ഇതു പറഞ്ഞത്.

*യേശുവിന്റെ അമ്മയും സഹോദരന്മാരും*

31അപ്പോൾ യേശുവിന്റെ അമ്മയും സഹോ
ദരന്മാരും അവിടെയെത്തി. അവർ പുറത്തു
നിന്നുകൊണ്ട് അദ്ദേഹത്തെ വിളിക്കാൻ
ആളയച്ചു. 32ജനക്കൂട്ടം അദ്ദേഹത്തിനു ചുറ്റും
ഇരിക്കുന്നുണ്ടായിരുന്നു. അവർ അദ്ദേഹ
ത്തോട്: “അങ്ങയെ കാണാൻ ആഗ്രഹിച്ചു
കൊണ്ട് അങ്ങയുടെ അമ്മയും സഹോദരന്മാരും
പുറത്തു നില്ക്കുന്നു” എന്നു പറഞ്ഞു.
33“ആരാണ് എന്റെ അമ്മയും സഹോദര
ന്മാരും?” അദ്ദേഹം ചോദിച്ചു.
34പിന്നീട് തന്റെ ചുറ്റും ഇരിക്കുന്നവരെ
നോക്കി അദ്ദേഹം പറഞ്ഞു: “ഇതാ, എന്റെ
അമ്മയും സഹോദരന്മാരും! 35ദൈവത്തിന്റെ
ഇഷ്ടം ചെയ്യുന്ന ഏതൊരാളും എന്റെ
സഹോദരനും സഹോദരിയും അമ്മയും ആണ്.”

*വിതയ്ക്കുന്നവന്റെ ഉപമ*

4 യേശു തടാകതീരത്തുവച്ചു വീണ്ടും
അവരെ പഠിപ്പിക്കുവാൻ ആരംഭിച്ചു. വലിയ
ഒരു ജനക്കൂട്ടം വന്നുകൂടിയതിനാൽ അദ്ദേഹം
തടാകത്തിലുണ്ടായിരുന്ന ഒരു വഞ്ചിയിൽ
കയറി ഇരുന്നു. തീരത്ത്, വെള്ളത്തിന്ന
രികെവരെ ജനങ്ങൾ നിന്നിരുന്നു. 2ഉപമകളി
ലൂടെ അദ്ദേഹം പല കാര്യങ്ങൾ അവരെ
പഠിപ്പിച്ചു. ഉപദേശരൂപത്തിൽ അദ്ദേഹം
ഇപ്രകാരം പറഞ്ഞു: 3“കേൾക്കുവിൻ! ഒരു കൃഷി
ക്കാരൻ വിത്തു വിതയ്ക്കാൻ പുറപ്പെട്ടു.
4വിതയ്ക്കുമ്പോൾ കുറെ വിത്തു വഴിയരികിൽ
വീണു; പക്ഷികൾ വന്ന് അതു തിന്നുകളഞ്ഞു.
5ചിലതു പാറയുള്ള സ്ഥലങ്ങളിൽ വീണു.
അവിടെ അധികം മണ്ണില്ലായിരുന്നു. മണ്ണു
കുറവായതുകൊണ്ട് വിത്തു വേഗം കിളിർ
ത്തുപൊങ്ങി. 6എന്നാൽ സൂര്യൻ ഉദിച്ചുയർ
ന്നപ്പോൾ ചെടികൾ വാടുകയും വേരില്ലാ
തിരുന്നതുകൊണ്ട് ഉണങ്ങിപ്പോവുകയും
ചെയ്തു. 7ചില വിത്തുകൾ മുള്ളുകൾ
ക്കിടയിൽ വീണു. മുള്ളു വളർന്നു ചെടികളെ
ഞെരുക്കിയതുകൊണ്ട് അവ ഫലം പുറപ്പെടു
വിച്ചില്ല. 8എന്നാൽ ചില വിത്തുകൾ നല്ല മണ്ണിൽ
വീണു. അവ മുളച്ചു, വളർന്നു, മുപ്പതും
അറുപതും നൂറുംമേനി വിളവു നല്കി.” 9പിന്നെ
യേശു പറഞ്ഞു: “കേൾക്കാൻ ചെവിയുള്ളവൻ
കേൾക്കട്ടെ”
10അദ്ദേഹം തനിച്ചായപ്പോൾ പന്ത്രണ്ടു
ശിഷ്യന്മാരും ചുറ്റും ഉണ്ടായിരുന്ന മറ്റുള്ളവരും
ആ ഉപമകളെക്കുറിച്ച് അദ്ദേഹത്തോടു
ചോദിച്ചു. 11അദ്ദേഹം അവരോടു പറഞ്ഞു:
“ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു
നല്കപ്പെട്ടിരിക്കുന്നു; പുറത്തുള്ളവരോട്
എല്ലാം ഉപമകളിലൂടെ പറയുന്നു.
12അവർ കണ്ടിട്ടും ഗ്രഹിക്കുന്നില്ല,
അവർ കേട്ടിട്ടും തിരിച്ചറിയുന്നില്ല,
അല്ലെങ്കിൽ അവർ മനം തിരിയുകയും
അവരോടു ക്ഷമിക്കുകയും ചെയ്യുമായിരുന്നു.[a]
13പിന്നീട് യേശു അവരോട് ഇങ്ങനെ
പറഞ്ഞു: “ഈ ഉപമ നിങ്ങൾ മനസ്സിലാക്കു
ന്നില്ലേ? എങ്കിൽ മറ്റ് ഉപമകളെല്ലാം നിങ്ങൾ
എങ്ങനെ മനസ്സിലാക്കും? 14വിതയ്ക്കുന്നവൻ
വചനം വിതയ്ക്കുന്നു. 15ചിലർ വഴിയരികിലെ
വിത്തുപോലെയാണ്. അവർ വചനം കേട്ടു
കഴിയുന്ന മാത്രയിൽ സാത്താൻ വന്ന്, അവരിൽ
വിതയ്ക്കപ്പെട്ട വചനം എടുത്തുകളയുന്നു.
16മറ്റുള്ളവർ, പാറസ്ഥലത്തു വിതച്ച വിത്തു
പോലെ, വചനം കേൾക്കുകയും ഉടൻതന്നെ
സന്തോഷത്തോടെ സ്വീകരിക്കുകയും
ചെയ്യുന്നു. 17എന്നാൽ അവർക്കു വേരില്ലാ
ത്തതുകൊണ്ട് അല്പസമയത്തേക്കു മാത്രമേ
നിലനില്ക്കുന്നുള്ളൂ. വചനംമൂലം ക്ലേശമോ
പീഡനമോ ഉണ്ടാകുമ്പോൾ അവർ അതിവേഗം
വീണുപോകുന്നു. 18മറ്റുചിലർ, മുള്ളുകൾ
ക്കിടയിൽ വിതച്ച വിത്തുപോലെ വചനം
കേൾക്കുന്നു; 19എന്നാൽ ഇഹലോക ജീവിത
ത്തിന്റെ ചിന്താകുലങ്ങളും ധനത്തിന്റെ
ആകർഷണവും ഇതരമോഹങ്ങളും ഉള്ളിൽ
കടന്നു വചനത്തെ ഞെരുക്കി ഫലശൂന്യമാക്കി
ക്കളയുന്നു. 20മറ്റുള്ളവർ, നല്ല മണ്ണിൽ വിതച്ച
വിത്തുപോലെ വചനം കേൾക്കുകയും സ്വീകരി
ക്കുകയും മുപ്പതും അറുപതും, നൂറും മടങ്ങു
വിളവു നൽകുകയും ചെയ്യുന്നു.”

*തണ്ടിന്മേൽ വച്ച വിളക്ക്*

21അദ്ദേഹം അവരോടു പറഞ്ഞു: “നിങ്ങൾ
വിളക്കു കൊണ്ടുവരുന്നത് പറയുടെ കീഴിലോ
കട്ടിലിന്റെ അടിയിലോ വയ്ക്കാനാണോ?
തണ്ടിന്മേൽ അല്ലേ അതു വയ്ക്കേണ്ടത്?
22ഒളിച്ചുവച്ചിരിക്കുന്നതെല്ലാം വെളിപ്പെടുത്ത
പ്പെടേണ്ടതാണ്. മറഞ്ഞിരിക്കുന്നതെല്ലാം
വെളിച്ചത്തു കൊണ്ടുവരേണ്ടതാണ്. 23കേൾ
ക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ.”
24“നിങ്ങൾ കേൾക്കുന്നത് എന്ത് എന്നു സൂ
ക്ഷിച്ചുകൊൾവിൻ,” അദ്ദേഹം തുടർന്നു:
“നിങ്ങൾ അളക്കുന്ന അളവുകൊണ്ടു നിങ്ങൾ

[a] 12 യെശയ്യാവ് 6: 9, 10

ക്കും അളന്നുകിട്ടും; അതിൽ കൂടുതലും കിട്ടും.
25ഉള്ളവന് അധികം നല്കപ്പെടും; ഇല്ലാത്തവ
നിൽ നിന്ന് അവനുള്ളതുകൂടി എടുത്തു
കളയും."

### *വളരുന്ന വിത്തിന്റെ ഉപമ*

26അദ്ദേഹം വീണ്ടും പറഞ്ഞു: "ദൈവരാജ്യം
ഒരു മനുഷ്യൻ നിലത്തു വിത്തു വിതറുന്നതിനു
തുല്യമാണ്. 27രാത്രിയും പകലും, അയാൾ
ഉറങ്ങിയും ഉണർന്നും ഇരിക്കെ, വിത്തു മുളച്ചു
വളർന്നു വരുന്നു; എങ്ങനെയെന്ന് അയാൾ
അറിയുന്നില്ല. 28ആദ്യം തണ്ട്, പിന്നെ കതിർ
ക്കുല, പിന്നെ കതിർക്കുലയിൽ ധാന്യമണി
കൾ; ഇങ്ങനെ ഭൂമി സ്വയമായി ധാന്യം ഉല്പാ
ദിപ്പിക്കുന്നു. 29ധാന്യം വിളഞ്ഞാൽ ഉടനെ,
കൊയ്ത്തുകാലം വന്നതുകൊണ്ട് അയാൾ
അതിന് അരിവാൾ വയ്ക്കുന്നു.

### *കടുകുമണിയുടെ ഉപമ*

30അദ്ദേഹം വീണ്ടും പറഞ്ഞു: "ദൈവരാജ്യ
ത്തെ എന്തിനോടു സദൃശപ്പെടുത്താം?
അല്ലെങ്കിൽ ഏതു ഉപമയാൽ അതിനെ വിശദീ
കരിക്കാം? 31അതൊരു കടുകുമണിയോടു
സദൃശം; അതു നിങ്ങൾ മണ്ണിൽ നടുന്ന
വിത്തുകളിൽ ഏറ്റവും ചെറുതാണ്. 32എങ്കിലും
നട്ടുകഴിഞ്ഞാൽ, അതു വളർന്ന് ഉദ്യാനത്തിലെ
ചെടികളിൽ ഏറ്റവും വലുതായിത്തീരുകയും
ആകാശത്തിലെ പക്ഷികൾ അതിന്റെ തണ
ലിൽ കൂടുവയ്ക്കത്തക്കവിധം വലിയ ശാഖകൾ
ഉണ്ടാകുകയും ചെയ്യുന്നു."
33അവർക്കു മനസ്സിലാക്കുവാൻ കഴിയുന്ന
വിധം ഇതുപോലെയുള്ള അനേകം ഉപമക
ളിലൂടെ യേശു അവരോടു വചനം സംസാരിച്ചു.
34ഉപമകളിലൂടെയല്ലാതെ അദ്ദേഹം അവരോട്
ഒന്നും പറഞ്ഞില്ല. എന്നാൽ അദ്ദേഹം തന്റെ
ശിഷ്യന്മാരോടുകൂടെ തനിച്ചായിരുന്നപ്പോൾ
അവർക്ക് എല്ലാം വിശദീകരിച്ചു കൊടുത്തു.

### *യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു*

35അന്നു വൈകുന്നേരം അദ്ദേഹം ശിഷ്യന്മാ
രോട്: "നമുക്കു മറുകരയ്ക്കു പോകാം" എന്നു
പറഞ്ഞു. 36ജനക്കൂട്ടത്തെ വിട്ട് അവർ ഇരുന്ന
വഞ്ചിയിൽത്തന്നേ അദ്ദേഹത്തെ മറുകരയി
ലേക്കു കൊണ്ടുപോയി. മറ്റു വഞ്ചികളും ഒപ്പം
ഉണ്ടായിരുന്നു. 37അപ്പോൾ ഉഗ്രമായ ഒരു
കൊടുങ്കാറ്റ് ഉണ്ടായി; തിരകൾ വഞ്ചിയിൽ
ആഞ്ഞടിച്ചു; അതു മുങ്ങാറായി. 38യേശു
അമരത്തു തലയണ വച്ച് ഉറങ്ങുകയായിരുന്നു.
ശിഷ്യന്മാർ അദ്ദേഹത്തെ ഉണർത്തിയിട്ട്:
"ഗുരോ, ഞങ്ങൾ നശിക്കുന്നതിൽ അങ്ങേ
യ്ക്കു വിചാരം ഇല്ലേ?" എന്നു ചോദിച്ചു.
39അദ്ദേഹം എഴുന്നേറ്റു കാറ്റിനെ ശാസിച്ചു,
തിരകളോട്: "അടങ്ങുക, ശാന്തമാകുക" എന്നു
കല്പിച്ചു. അപ്പോൾ കാറ്റു നിലച്ചു; വലിയ
ശാന്തത ഉണ്ടായി.
40അദ്ദേഹം ശിഷ്യന്മാരോട്: "നിങ്ങൾ
ഇങ്ങനെ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക്
ഇപ്പോഴും വിശ്വാസം ഇല്ലേ?" എന്നു ചോദിച്ചു.
41അവർ വളരെ ഭയപ്പെട്ടു. "ഇദ്ദേഹം
ആരാണ്? കാറ്റും കടലുംപോലും ഇദ്ദേഹത്തെ
അനുസരിക്കുന്നുവല്ലോ" എന്നു തമ്മിൽ
പറഞ്ഞു.

### *ഭൂതബാധിതനെ സൗഖ്യമാക്കുന്നു*

**5** അവർ കടലിന്റെ മറുകരയിലുള്ള ഗരസേ
ന്യരുടെ[a] ദേശത്തേക്കു പോയി. 2യേശു
വഞ്ചിയിൽനിന്ന് ഇറങ്ങിയപ്പോൾ ദുരാത്മാ
വുള്ള ഒരു മനുഷ്യൻ ശവക്കല്ലറകൾക്കിട
യിൽനിന്ന് അദ്ദേഹത്തിന്റെ നേരെ വന്നു.
3ഈമനുഷ്യൻ കല്ലറകളിലാണ് പാർത്തി
രുന്നത്. ചങ്ങലകൊണ്ടുപോലും ആർക്കും
അയാളെ ബന്ധിക്കുവാൻ കഴിഞ്ഞിരുന്നില്ല.
4പലപ്പോഴും അയാളുടെ കൈകാലുകൾ ചങ്ങ
ലകൊണ്ടും, വിലങ്ങുകൊണ്ടും ബന്ധിച്ചി
രുന്നുവെങ്കിലും അയാൾ ചങ്ങല വലിച്ചു
പൊട്ടിക്കുകയും കാൽവിലങ്ങ് ഉരുമ്മിയൊടിച്ചു
കളയുകയും ചെയ്തിരുന്നു. അയാളെ ആർക്കും
കീഴടക്കുവാൻ കഴിഞ്ഞില്ല. 5രാവും പകലും
കല്ലറകൾക്കിടയിലും കുന്നുകളിലുംനിന്ന്
അയാൾ നിലവിളിക്കുകയും കല്ലുകൊണ്ട്
സ്വയം മുറിവേല്പിക്കുകയും ചെയ്തുപോന്നു.
6യേശുവിനെ ദൂരെനിന്നുതന്നേ കണ്ടിട്ട്
അയാൾ ഓടിച്ചെന്ന് അദ്ദേഹത്തിന്റെ മുമ്പിൽ
മുട്ടുകുത്തി. 7"യേശുവേ, അത്യുന്നതനായ
ദൈവത്തിന്റെ പുത്രാ, എന്നോട് അങ്ങേയ്ക്ക്
എന്തു കാര്യം? ദൈവനാമത്തിൽ ഞാൻ അപേ
ക്ഷിക്കുന്നു; എന്നെ പീഡിപ്പിക്കരുതേ" എന്ന്
അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു. 8"ദുരാ
ത്മാവേ, ഇവനിൽനിന്നു പുറത്തുപോകുക"
എന്ന് യേശു കല്പിച്ചിരുന്നു.
9പിന്നെ യേശു അയാളോട്: "നിന്റെ
പേരെന്താണ്?" എന്നു ചോദിച്ചു.
"എന്റെ പേര് ലെഗ്യോൻ; ഞങ്ങൾ
പലരാകുന്നു." അയാൾ ഉത്തരം പറഞ്ഞു.
10തങ്ങളെ ആ പ്രദേശത്തുനിന്നു പറഞ്ഞ
യയ്ക്കരുതെന്ന് അയാൾ യേശുവിനോടു
കേണപേക്ഷിച്ചു.
11അടുത്തുള്ള കുന്നിൻചെരുവിൽ ഒരു
വലിയ പന്നിക്കൂട്ടം മേഞ്ഞുകൊണ്ടിരുന്നു.
12ദുരാത്മാക്കൾ യേശുവിനോട്: "ഞങ്ങളെ

[a] 1 ചില കയ്യെഴുത്തുപ്രതികളിൽ *ഗദരേന്യരുടെ*; മറ്റു ചിലതിൽ, *ഗർസേന്യരുടെ*

പന്നികളിലേക്ക് അയയ്ക്കേണമേ; അവയിൽ
പ്രവേശിക്കുവാൻ ഞങ്ങളെ അനുവദി
ക്കേണമേ.” എന്ന് അപേക്ഷിച്ചു. 13അദ്ദേഹം
അവയ്ക്ക് അനുവാദംകൊടുത്തു; ദുരാത്മാക്കൾ
പുറത്തുവന്നു പന്നികളിൽ കടന്നു. രണ്ടായിര
ത്തോളം വരുന്ന ആ കൂട്ടം കുത്തനെയുള്ള മല
ഞ്ചെരുവിലൂടെ കടലിലേക്കു പാഞ്ഞു ശ്വാസം
മുട്ടിച്ചത്തു.

14പന്നികളെ മേയിച്ചുകൊണ്ടിരുന്നവർ ഓടി
ച്ചെന്നു പട്ടണത്തിലും നാട്ടിൻപുറങ്ങളിലും ഇത്
അറിയിച്ചു. സംഭവിച്ചത് എന്താണെന്നു കാണു
വാൻ ജനങ്ങൾ വന്നു കൂടി. 15അവർ യേശു
വിൻെറ അടുക്കൽ എത്തിയപ്പോൾ, ഭൂതബാധി
തനായ മനുഷ്യൻ വസ്ത്രംധരിച്ച്, സുബോധ
ത്തോടെ അവിടെ ഇരിക്കുന്നതു കണ്ടു; അവർ
വിസ്മയഭരിതരായി. 16ഭൂതഗ്രസ്തനു സംഭവിച്ച
തെന്തെന്ന് നേരിൽ കണ്ടവർ അതു ജനങ്ങ
ളോടു പറഞ്ഞു. പന്നികളുടെ കാര്യവും അവർ
പറഞ്ഞു. 17അപ്പോൾ ജനങ്ങൾ യേശുവിനോടു
തങ്ങളുടെ ദേശം വിട്ടുപോകുവാൻ അപേ
ക്ഷിച്ചു.

18യേശു വഞ്ചിയിൽ കയറുമ്പോൾ,
ഭൂതഗ്രസ്തനായിരുന്ന മനുഷ്യൻ അദ്ദേഹ
ത്തോടൊപ്പം പോകുവാൻ അനുവാദം ചോദിച്ചു.
19യേശു അവനെ അനുവദിക്കാതെ, “നീ
വീട്ടിലേക്കു പോയി, കർത്താവു നിനക്കുവേണ്ടി
എന്തെല്ലാം ചെയ്തുവെന്നും നിന്നോട് എങ്ങനെ
കരുണ കാണിച്ചുവെന്നും അവിടെയുള്ളവ
രോടു പറയുക” എന്നു പറഞ്ഞു. 20ആ
മനുഷ്യൻ പോയി യേശു തനിക്കു ചെയ്ത
തെല്ലാം ദെക്കപ്പൊലിയിൽ[a] അറിയിച്ചു.
ജനങ്ങൾ ആശ്ചര്യപ്പെട്ടു.

*മരിച്ച പെൺകുട്ടിയും രോഗിയായ സ്ത്രീയും*

21യേശു വീണ്ടും വഞ്ചിയിൽക്കയറി
തടാകത്തിൻെറ മറുകരയിൽ ചെന്നപ്പോൾ ഒരു
വലിയ ജനക്കൂട്ടം അദ്ദേഹത്തിനു ചുറ്റും
വന്നുകൂടി. 22പള്ളിയിലെ അധികാരികളിൽ
ഒരാളായ യായിറോസ് അവിടെ വന്നു. അയാൾ
യേശുവിനെ കണ്ട് അദ്ദേഹത്തിൻെറ കാൽ
ക്കൽവീണ് “എൻെറ കുഞ്ഞുമകൾ മരിക്കാ
റായിരിക്കുന്നു; 23അവൾ സുഖം പ്രാപിച്ചു
ജീവിക്കേണ്ടതിന് അങ്ങു ദയവായി വന്ന്
അവളുടെമേൽ കൈ വയ്ക്കേണമേ” എന്നു
കേണപേക്ഷിച്ചു. 24യേശു അയാളോടു
കൂടെപോയി.

വലിയ ജനക്കൂട്ടം അദ്ദേഹത്തെ പിൻതുടരു
കയും തിക്കിത്തിരക്കുകയും ചെയ്തു.
25പന്ത്രണ്ടു വർഷമായി രക്തസ്രവമുള്ള ഒരു
സ്ത്രീ അവിടെ ഉണ്ടായിരുന്നു. 26പല വൈദ്യന്മാ
രുടെയും ചികിത്സയാൽ അവൾ കഷ്ടപ്പെടു
കയും തനിക്കുള്ളതെല്ലാം ചിലവഴിക്കുകയും
ചെയ്തിട്ടും അവളുടെ സ്ഥിതി മെച്ചപ്പെടാതെ
മോശമായിക്കൊണ്ടിരുന്നു. 27യേശുവിനെപ്പറ്റി
കേട്ടിരുന്ന അവൾ ജനക്കൂട്ടത്തിൽ
അദ്ദേഹത്തിൻെറ പിന്നിൽ എത്തി അങ്കിയിൽ
തൊട്ടു. 28കാരണം, “അദ്ദേഹത്തിൻെറ വസ്ത്ര
ത്തിൽ ഒന്നു തൊട്ടാൽ എനിക്കു സൗഖ്യം
ലഭിക്കും” എന്ന് അവൾ ചിന്തിച്ചു. 29ഉടനേ
അവളുടെ രക്തസ്രവം നിലച്ചു. രോഗം മാറിയ
തായി അവൾ ശരീരത്തിൽ അനുഭവിച്ചറിഞ്ഞു.

30തന്നിൽനിന്നു ശക്തി പുറപ്പെട്ടതായി
അപ്പോൾത്തന്നെ യേശു മനസ്സിലാക്കി. ജന
മധ്യേ തിരിഞ്ഞുനിന്ന് അദ്ദേഹം: “ആരാണ്
എൻെറ വസ്ത്രത്തിൽ തൊട്ടത്?” എന്നു
ചോദിച്ചു.

31“ജനങ്ങൾ അങ്ങയെ തിക്കുന്നതു
കാണുന്നില്ലേ?” ശിഷ്യന്മാർ ചോദിച്ചു.
“എന്നിട്ടും ആരാണ് എന്നെ തൊട്ടത്?” എന്നു
അങ്ങു ചോദിക്കുന്നത് എന്താണ്?”

32എന്നാൽ അതു ചെയ്തത് ആരാണ് എന്നു
അറിയുവാൻ യേശു ചുറ്റും നോക്കി. 33തനിക്കു
സംഭവിച്ചത് അറിഞ്ഞിട്ട് ആ സ്ത്രീ ഭയന്നു
വിറച്ചുകൊണ്ട് വന്ന് അദ്ദേഹത്തിൻെറ
കാല്ക്കൽ വീണു; സത്യമെല്ലാം തുറന്നു
പറഞ്ഞു. 34അദ്ദേഹം അവളോട്: “മകളേ,
നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു;
സമാധാനത്തോടെ പോയി രോഗത്തിൽ നിന്നു
സ്വതന്ത്രയായി ജീവിക്കുക” എന്നു പറഞ്ഞു.

35യേശു ഇങ്ങനെ സംസാരിച്ചുകൊണ്ടിരുന്ന
പ്പോൾത്തന്നേ, പള്ളിയിലെ അധികാരിയായ
യായിറോസിൻെറ വീട്ടിൽനിന്നു ചില
ആളുകൾ വന്ന് “താങ്കളുടെ മകൾ മരിച്ചു
പോയി, ഇനി ഗുരുവിനെ ബുദ്ധിമുട്ടിക്കുന്നത്
എന്തിന്?” എന്നു പറഞ്ഞു.

36അവർ പറഞ്ഞതു ഗൗനിക്കാതെ യേശു
അധികാരിയോട്: “ഭയപ്പെടേണ്ടാ, വിശ്വസിക്ക
മാത്രം ചെയ്യുക” എന്നു പറഞ്ഞു.

37പത്രൊസും യാക്കോബും യാക്കോബിൻെറ
സഹോദരനായ യോഹന്നാനും അല്ലാതെ
മറ്റാരും തന്നോടൊപ്പം ചെല്ലുവാൻ യേശു
അനുവദിച്ചില്ല. 38അവർ അധികാരിയുടെ
വീട്ടിൽ എത്തിയപ്പോൾ, ജനങ്ങൾ നിലവിളിച്ചും
ഉറക്കെ കരഞ്ഞും ബഹളം കൂട്ടുന്നത് യേശു
കണ്ടു. 39അദ്ദേഹം അകത്തുചെന്ന് അവരോട്:
“എന്തിനാണ് ഈ ബഹളവും കരച്ചിലും? കുട്ടി
മരിച്ചിട്ടില്ല, ഉറങ്ങുകയാണ്” എന്നു പറഞ്ഞു.
40അവരോ അദ്ദേഹത്തെ പരിഹസിച്ചു.

യേശു, അവരെ എല്ലാം പുറത്താക്കിയ
തിനുശേഷം കുട്ടിയുടെ അപ്പനെയും അമ്മ

a 20 അതായത്, പത്തു പട്ടണങ്ങൾ

യെയും തന്നോടുകൂടെയുണ്ടായിരുന്ന ശിഷ്യ
ന്മാരെയും കൂട്ടിക്കൊണ്ട് അകത്തു കുട്ടി
കിടക്കുന്നേടത്തു ചെന്നു. 41അവളുടെ കൈക്കു
പിടിച്ച് അദ്ദേഹം അവളോട്: "*തലീഥാ കൂമി*"
എന്നു പറഞ്ഞു. "ബാലികേ, എഴുന്നേല്ക്കുക
എന്നു ഞാൻ നിന്നോടു പറയുന്നു" എന്നാണ്
അതിൻെറ അർത്ഥം. 42ഉടൻതന്നേ ബാലിക
എഴുന്നേറ്റു നടന്നു. അവൾക്കു പന്ത്രണ്ടു
വയസ്സുണ്ടായിരുന്നു. ഇതിൽ അവർ അത്യന്തം
വിസ്മയിച്ചു. 43സംഭവിച്ചത് ആരും അറിയരു
തെന്ന് അദ്ദേഹം അവരോടു കർശനമായി
കല്പിച്ചു. അവൾക്ക് എന്തെങ്കിലും ആഹാരം
കൊടുക്കുവാൻ അദ്ദേഹം അവരോടു പറഞ്ഞു.

*ബഹുമാനം ലഭിക്കാത്ത പ്രവാചകൻ*

6 യേശു അവിടം വിട്ടു സ്വദേശത്തേക്കു
പോയി. ശിഷ്യന്മാരും അദ്ദേഹത്തോടൊപ്പം
ഉണ്ടായിരുന്നു. 2ശബ്ബത്തുദിവസം അദ്ദേഹം
പള്ളിയിൽ പഠിപ്പിക്കുവാൻ തുടങ്ങി. പലരും
അതു കേട്ട് ആശ്ചര്യപ്പെട്ടു.
"ഈ മനുഷ്യന് ഇവയെല്ലാം എവിടെനിന്നു
കിട്ടി? എന്തൊരു ജ്ഞാനമാണ് ഇയാൾക്കു
ലഭിച്ചിരിക്കുന്നത്? എന്ത് അത്ഭുതങ്ങളാണ്
ഇയാൾ ചെയ്യുന്നത്? 3ഇത് ആ മരപ്പണി
ക്കാരനല്ലേ? മറിയയുടെ മകനും യാക്കോബ്,
യോസെ[a] യൂദാ, ശിമോൻ എന്നിവരുടെ
സഹോദരനും അല്ലേ ഇയാൾ? ഇയാളുടെ
സഹോദരിമാരും ഇവിടെ നമ്മോടുകൂടെ ഇല്ലേ?"
എന്ന് അവർ ചോദിച്ചു. അങ്ങനെ അദ്ദേഹ
ത്തിൻെറ നേരെ അവർക്ക് ഇടർച്ചയുണ്ടായി.
4യേശു അവരോട്: "ഒരു പ്രവാചകൻ
ബഹുമാനിക്കപ്പെടാത്തത് അവൻെറ സ്വദേ
ശത്തും ചാർച്ചക്കാരുടെയിടയിലും സ്വന്തം
ഭവനത്തിലും മാത്രമാണ്" എന്നു പറഞ്ഞു.
5ഏതാനും ചില രോഗികളുടെമേൽ കൈവച്ച്
അവരെ സൗഖ്യമാക്കിയതല്ലാതെ അവിടെ
അത്ഭുതപ്രവൃത്തികളൊന്നും ചെയ്യാൻ
അദ്ദേഹത്തിനു കഴിഞ്ഞില്ല. 6അവരുടെ അവി
ശ്വാസംനിമിത്തം അദ്ദേഹം ആശ്ചര്യപ്പെട്ടു.

*യേശു പന്ത്രണ്ടുപേരെ അയയ്ക്കുന്നു*

അതിനുശേഷം യേശു ഗ്രാമങ്ങൾതോറും
ചുറ്റിസഞ്ചരിച്ചു പഠിപ്പിച്ചുകൊണ്ടിരുന്നു.
7അദ്ദേഹം ആ പന്ത്രണ്ടുപേരെ അടുക്കൽ
വിളിച്ച് അശുദ്ധാത്മാക്കളുടെമേൽ അധി
കാരംനല്കി. അവരെ ഈരണ്ടു പേരായി
അയച്ചു.
8"യാത്രയ്ക്ക് ഒരു വടി അല്ലാതെ അപ്പമോ,
സഞ്ചിയോ, മടിയിൽ പണമോ നിങ്ങൾ
എടുക്കരുത്. 9ചെരിപ്പു ധരിക്കാം, ഒന്നിലധികം
വസ്ത്രം അരുത്. 10ഏതെങ്കിലും വീട്ടിൽ പ്രവേ
ശിച്ചാൽ ആ പട്ടണം വിട്ടു പോകുന്നതുവരെ
അവിടെത്തന്നേ പാർക്കുവിൻ. 11ഏതെങ്കിലും
സ്ഥലത്തു നിങ്ങൾക്കു സ്വാഗതം
ലഭിക്കാതെയും അവിടെയുള്ളവർ നിങ്ങളുടെ
വാക്കു കേൾക്കാതെയും ഇരുന്നാൽ
അവിടംവിട്ടുപോകുമ്പോൾ, അവർക്കെതിരേ
സാക്ഷ്യത്തിനായി നിങ്ങളുടെ പാദങ്ങളിലെ
പൊടികുടഞ്ഞുകളയുവിൻ" - ഇവയായിരുന്നു
അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ.
12അവർ പോയി ജനങ്ങൾ മാനസാന്തര
പ്പെടണമെന്നു പ്രസംഗിച്ചു; 13അനവധി
ഭൂതങ്ങളെ പുറത്താക്കുകയും അനേകം രോഗി
കളുടെമേൽ എണ്ണപൂശി അവരെ സൗഖ്യ
മാക്കുകയും ചെയ്തു.

*യോഹന്നാൻ സ്നാപകൻെറ ശിരച്ഛേദം*

14ഹെരോദാരാജാവ് ഇതേപ്പറ്റി കേട്ടു;
കാരണം യേശുവിൻെറ പേരു പ്രസിദ്ധമായി
ക്കഴിഞ്ഞിരുന്നു. "യോഹന്നാൻ സ്നാപൻ
മരിച്ചവരിൽനിന്ന് എഴുന്നേറ്റിരിക്കുന്നു.
അതുകൊണ്ടാണ് അദ്ദേഹത്തിൽ ഈ
അത്ഭുതശക്തികൾ വ്യാപരിക്കുന്നത്" എന്നു
ചിലർ പറഞ്ഞു.
15മറ്റുചിലർ: "അദ്ദേഹം ഏലിയാവ് ആ
കുന്നു" എന്നു പറഞ്ഞു.
വേറേ ചിലർ: "അദ്ദേഹം പുരാതന പ്രവാചക
ന്മാരെപ്പോലെയുള്ള ഒരു പ്രവാചകനാണ്"
എന്ന് അഭിപ്രായപ്പെട്ടു.
16എന്നാൽ ഹെരോദാവു ഇതുകേട്ടപ്പോൾ:
"ഞാൻ ശിരച്ഛേദം ചെയ്യിച്ച യോഹന്നാൻ
മരിച്ചവരിൽനിന്ന് എഴുന്നേറ്റിരിക്കുന്നു" എന്നു
പറഞ്ഞു.
17യോഹന്നാനെ ബന്ധനസ്ഥനാക്കി
കാരാഗൃഹത്തിൽ അടയ്ക്കുവാൻ കല്പന
കൊടുത്തതു ഹെരോദാവ് ആയിരുന്നു.
ഹെരോദ്യ നിമിത്തം ആയിരുന്നു അയാൾ ഇതു
ചെയ്തത്. അയാൾ തൻെറ സഹോദരനായ
ഫീലിപ്പോസിൻെറ ഭാര്യ ഹെരോദ്യയെ
വിവാഹം കഴിച്ചിരുന്നു.
18"സഹോദരൻെറ ഭാര്യയെ സ്വീകരിക്കുന്ന
തു നിയമവിരുദ്ധമാണ്" എന്നു ഹെരോദാ
വിനോട് യോഹന്നാൻ പറഞ്ഞിരുന്നു.
19അതുകൊണ്ട് ഹെരോദ്യയ്ക്ക് യോഹന്നാ
ൻെറ നേരെ പക ഉണ്ടായിരുന്നു. അദ്ദേഹത്തെ
കൊന്നുകളയുവാൻ അവൾ ആഗ്രഹിച്ചു.
എന്നാൽ അവൾക്ക് അതു കഴിഞ്ഞില്ല.
20എന്തെന്നാൽ യോഹന്നാൻ നീതിമാനും
വിശുദ്ധനുമാണെന്നറിഞ്ഞു ഹെരോദാവ്

[a] 3 *യോസെ* എന്നത് *യോസേഫ്* എന്നതിൻെറ മറ്റൊരു രൂപമാണ്.

അദ്ദേഹത്തെ ഭയപ്പെടുകയും പരിരക്ഷിക്കു
കയും ചെയ്തിരുന്നു. യോഹന്നാൻെറ വചനം
കേട്ടു ഹെരോദാവ് അസ്വസ്ഥനായി എങ്കിലും
അതു സന്തോഷത്തോടെ കേട്ടുപോന്നു.

21ഒടുവിൽ ഒരവസരം ഉണ്ടായി. ഹെരോ
ദാവ് തൻെറ ജന്മദിനത്തിൽ, ഉന്നതോദ്യോഗ
സ്ഥർക്കും സൈനികാധികാരികൾക്കും ഗലീ
ലയിലെ പ്രമുഖർക്കും വേണ്ടി ഒരു വിരുന്നു
നടത്തി. 22ഹെരോദ്യയുടെ മകൾ അകത്തു
വന്നു നൃത്തം ചെയ്ത് ഹെരോദാവിനെയും
അതിഥികളെയും സന്തോഷിപ്പിച്ചു.

രാജാവ് പെൺകുട്ടിയോട്: "നിനക്ക് ആഗ്രഹ
മുള്ളതെന്തും എന്നോടു ചോദിച്ചു കൊള്ളുക,
അതു ഞാൻ നിനക്കു തരാം" എന്നു പറഞ്ഞു.
23"നീ എന്തുചോദിച്ചാലും, രാജ്യത്തിൻെറ
പകുതിയായാൽപോലും ഞാൻ നിനക്കു തരും"
എന്ന് അയാൾ അവളോടു സത്യം ചെയ്തു
പറഞ്ഞു.

24അവൾ പുറത്തുപോയി "ഞാൻ എന്താണു
ചോദിക്കേണ്ടത്?" എന്ന് അമ്മയോടു ചോദിച്ചു.

"യോഹന്നാൻസ്നാപകൻെറ തല ആവ
ശ്യപ്പെടുക" അവൾ പറഞ്ഞു.

25ഉടനേതന്നെ, പെൺകുട്ടി വേഗത്തിൽ
രാജാവിൻെറ അടുക്കൽ തിരിച്ചെത്തി.
"യോഹന്നാൻസ്നാപകൻെറ തല ഇപ്പോൾ
ത്തന്നെ ഒരു തളികയിലാക്കി എനിക്കു തരണം"
എന്ന് അപേക്ഷിച്ചു.

26രാജാവ് അത്യന്തം ദുഃഖിതനായി, എന്നാൽ
വിരുന്നുകാരുടെ മുമ്പിൽ ചെയ്ത സത്യം
നിമിത്തം അവളുടെ അപേക്ഷ നിരസിക്കാൻ
അയാൾക്കു നിവൃത്തിയില്ലാതായി. 27അതു
കൊണ്ട് അയാൾ ഉടൻതന്നേ യോഹന്നാൻെറ
തല കൊണ്ടുവരുന്നതിനുള്ള കല്പ നയുമായി
ഒരു പടയാളിയെ അയച്ചു. അയാൾ ചെന്ന് കാ
രാഗൃഹത്തിൽവച്ച് യോഹന്നാൻെറ തലവെട്ടി
28ഒരു തളികയിലാക്കി കൊണ്ടുവന്നു; അയാൾ
അതു പെൺകുട്ടിക്കു കൊടുത്തു. അത് അവൾ
അമ്മയ്ക്കു നല്കി. 29ഇതു കേട്ട് യോഹന്നാ
ൻെറ ശിഷ്യന്മാർ വന്ന് അദ്ദേഹത്തിൻെറ ശരീരം
എടുത്ത് ഒരു കല്ലറയിൽ സംസ്കരിച്ചു.

*യേശു അയ്യായിരം പേർക്ക്*
*ആഹാരം നല്കുന്നു*

30അപ്പൊസ്തലന്മാർ യേശുവിൻെറ അടു
ക്കൽ വന്നു തങ്ങൾ ചെയ്തതും ഉപദേശി
ച്ചതുമെല്ലാം അദ്ദേഹത്തെ അറിയിച്ചു. 31ധാരാ
ളം ആളുകൾ വരികയും പോകുകയും ചെയ്തി
രുന്നതുകൊണ്ട് അവർക്ക് ആഹാരം
കഴിക്കുവാൻപോലും അവസരം ലഭിച്ചില്ല.
അതുകൊണ്ട് അദ്ദേഹം അവരോട്: "നിങ്ങൾ
എൻെറകൂടെ ഒരു വിജനസ്ഥലത്തു വന്നു
അല്പം വിശ്രമിക്കുക" എന്നു പറഞ്ഞു.

32അങ്ങനെ അവർ വഞ്ചിയിൽ കയറി ഒരു
വിജനസ്ഥലത്തേക്കു പോയി. 33എന്നാൽ
അവർ പോകുന്നതു കണ്ട് അവരെ തിരിച്ച
റിഞ്ഞ അനേകം ആളുകൾ എല്ലാ പട്ടണങ്ങ
ളിൽനിന്നും ഓടി അവർക്കുമുമ്പേ ആ സ്ഥല
ത്തെത്തി. 34കരയ്ക്കിറങ്ങിയപ്പോൾ യേശു ഒരു
വലിയ ജനക്കൂട്ടത്തെ കണ്ടു; അവർ ഇടയനി
ല്ലാത്ത ആടുകളെപ്പോലെ ആയിരുന്നതിനാൽ
അവരിൽ മനസ്സലിഞ്ഞ് 35 അദ്ദേഹം അവരെ
പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി. നേരം
വൈകിയപ്പോൾ അദ്ദേഹത്തിൻെറ ശിഷ്യന്മാർ
അടുത്തെത്തി. "ഇതൊരു വിജനസ്ഥലമാണ്,"
അവർ പറഞ്ഞു: "നേരം വളരെ വൈകിയി
രിക്കുന്നു. 36ചുറ്റുമുള്ള പ്രദേശങ്ങളിലും
ഗ്രാമങ്ങളിലും പോയി എന്തെങ്കിലും ഭക്ഷണ
സാധനങ്ങൾ വാങ്ങുവാൻ ജനങ്ങളെ
പറഞ്ഞയച്ചാലും."

37അതിനു യേശു: "നിങ്ങൾ അവർക്ക്
എന്തെങ്കിലും ഭക്ഷിക്കാൻ കൊടുക്കുവിൻ"
എന്നു പറഞ്ഞു.

"അതിന് ഇരുനൂറ് വെള്ളിക്കാശു[a] വേണ്ടി
വരും. ഞങ്ങൾ പോയി അത്രയും ചെലവാക്കി
അപ്പം വാങ്ങി അവർക്കു ഭക്ഷിക്കാൻ കൊടുക്ക
ണമോ?" എന്നു അവർ അദ്ദേഹത്തോടു
ചോദിച്ചു. 38അദ്ദേഹം അവരോട്: "നിങ്ങളുടെ
പക്കൽ എത്ര അപ്പം ഉണ്ട്? പോയി നോക്കു
വിൻ" എന്നു പറഞ്ഞു.

അവർ നോക്കിയിട്ട്, "അഞ്ച്; രണ്ടു മീനും
ഉണ്ട്" എന്നു പറഞ്ഞു.

39ജനങ്ങളെ പച്ചപ്പുല്പ്പുറത്തു പന്തിപന്തി
യായി ഇരുത്തുവാൻ യേശു അവരോടു
പറഞ്ഞു. 40അവർ നൂറും അമ്പതും വീതം നിര
നിരയായി നിലത്തിരുന്നു. 41അദ്ദേഹം അഞ്ച്
അപ്പവും രണ്ടുമീനും എടുത്തു സ്വർഗ്ഗത്തേയ്ക്ക്
നോക്കി വാഴ്ത്തി, അപ്പം നുറുക്കി. ജനങ്ങൾക്കു
വിളമ്പിക്കൊടുക്കുവാൻ അതു ശിഷ്യന്മാരെ
ഏല്പിച്ചു. ആ രണ്ടു മീനും അദ്ദേഹം എല്ലാവർ
ക്കുമായി പങ്കിട്ടു. 42എല്ലാവരും തിന്നു
തൃപ്തരായി; 43ശേഷിച്ച അപ്പനുറുക്കുകളും
മീനും പന്ത്രണ്ടു കുട്ട നിറയെ ശേഖരിച്ചു.
44ഭക്ഷണം കഴിച്ച പുരുഷന്മാർ അയ്യായിരം
പേരായിരുന്നു.

*യേശു വെള്ളത്തിനുമീതെ നടക്കുന്നു*

45ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനിടയിൽ,
യേശു തൻെറ ശിഷ്യന്മാരെ തനിക്കുമുമ്പേ
ബേത്ത്സയിദയിലേക്കയച്ചു. 46അവരെ
പറഞ്ഞയച്ചതിനുശേഷം അദ്ദേഹം പ്രാർത്ഥി
ക്കുന്നതിന് ഒരു മലയിലേക്കു പോയി.

[a] 37 ഗ്രീക്കിൽ ഇരുനൂറ് ദിനാർ ഈ തുക കൊണ്ട് ഒരാൾക്ക് എട്ടുമാസം കൂലി കൊടുക്കാം

47സന്ധ്യയായപ്പോൾ വഞ്ചി തടാകത്തിന്റെ
നടുവിലും അദ്ദേഹം തനിച്ചു കരയിലും
ആയിരുന്നു, 48കാറ്റു പ്രതികൂലമായിരുന്നതു
കൊണ്ടു ശിഷ്യന്മാർ വഞ്ചി തുഴഞ്ഞു
ക്ളേശിക്കുന്നതു യേശു കണ്ടു. രാത്രിയുടെ
നാലാം യാമത്തിൽ അദ്ദേഹം തടാകത്തി
നുമീതെ നടന്ന് അവരുടെ അടുത്തെത്തി;
അവരെ കടന്നുപോകുവാൻ ഭാവിച്ചു.
49അദ്ദേഹം വെള്ളത്തിനുമീതെ നടക്കുന്നതു
കണ്ട് അതൊരു ഭൂതമായിരിക്കുമെന്ന് അവർ
വിചാരിച്ചു. 50അദ്ദേഹത്തെ കണ്ട്
അവരെല്ലാവരും ഭയന്നു നിലവിളിച്ചു.
ഉടനെ അദ്ദേഹം അവരോട്: "ധൈര്യ
പ്പെടുവിൻ, ഞാൻ ആകുന്നു, ഭയപ്പെടേണ്ടാ"
എന്നു പറഞ്ഞു. 51പിന്നെ അദ്ദേഹം അവരോ
ടൊപ്പം വഞ്ചിയിൽ കയറി; കാറ്റു ശമിച്ചു. അവർ
തികച്ചും ആശ്ചര്യഭരിതരായി. 52അവരുടെ
ഹൃദയം കഠിനപ്പെട്ടിരുന്നതുകൊണ്ട് അപ്പ
ത്തിന്റെ സംഭവം അവർ ഗ്രഹിച്ചിരുന്നില്ല.
53അവർ തടാകത്തിന്റെ മറുകരെ ഗെന്നേ
സരത്തിൽ എത്തി വഞ്ചി അവിടെ അടുപ്പിച്ചു.
54വഞ്ചിയിൽ നിന്നിറങ്ങിയ ഉടനേ ജനങ്ങൾ
യേശുവിനെ തിരിച്ചറിഞ്ഞു. 55 അവർ ആ
പ്രദേശത്തെല്ലാം ഓടിനടന്ന് യേശു ഉണ്ടെന്നു
കേട്ട സ്ഥലങ്ങളിലേക്കു രോഗികളെ കിടക്കക
ളിൽ എടുത്തുകൊണ്ടുവന്നു. 56ഗ്രാമങ്ങളിലും
പട്ടണങ്ങളിലും നാട്ടിൻ പുറങ്ങളിലും അദ്ദേഹം
പോയിടത്തെല്ലാം അവർ രോഗികളെ കൊണ്ടു
വന്നു ചന്തസ്ഥലങ്ങളിൽ കിടത്തി. അദ്ദേഹ
ത്തിന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും
തൊടാനുള്ള അനുവാദത്തിനായി അവർ
അപേക്ഷിച്ചു. അദ്ദേഹത്തെ തൊട്ടവരെല്ലാം
സൗഖ്യം പ്രാപിച്ചു.

*ശുദ്ധവും അശുദ്ധവും*

7 യെരൂശലേമിൽ നിന്നുവന്ന പരീശരും വേദ
ജ്ഞരിൽ ചിലരും യേശുവിന്റെ ചുററും
കൂടി. 2അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ചിലർ
ശുദ്ധിയില്ലാത്ത, അതായത് കഴുകാത്ത കൈ
കൊണ്ട്, ആഹാരം കഴിക്കുന്നത് അവർ കണ്ടു.
3പൂർവ്വികരുടെ പാരമ്പര്യമനുസരിച്ചു പരീ
ശരും യഹൂദരെല്ലാവരും ആചാരപരമായി കൈ
കഴുകാതെ ആഹാരം കഴിക്കുകയില്ല. 4ചന്ത
സ്ഥലത്തുനിന്നു വരുമ്പോഴും ശുദ്ധിവരു
ത്താതെ ഒന്നും ഭക്ഷിക്കുകയില്ല. പാനപാത്ര
ങ്ങൾ, കുടങ്ങൾ, ഓട്ടുപാത്രങ്ങൾ എന്നിവ
കഴുകുക തുടങ്ങി മറ്റനേകം ആചാരങ്ങളും
അവർ അനുഷ്ഠിച്ചിരുന്നു.
5അതുകൊണ്ട്, പരീശരും വേദജ്ഞരും യേശു
വിനോട്: "അങ്ങയുടെ ശിഷ്യന്മാർ
പൂർവ്വികരുടെ പാരമ്പര്യം അനുസരിച്ചു
ജീവിക്കാതെ 'അശുദ്ധമായ' കൈകൾകൊണ്ടു
ഭക്ഷണം കഴിക്കുന്നതെന്തുകൊണ്ടാണ്?"
എന്നു ചോദിച്ചു.
6അതിന് അദ്ദേഹം: "കപടഭക്തരേ,
നിങ്ങളെപ്പററി,

'ഈ ജനം അധരങ്ങളാൽ എന്നെ
ആദരിക്കുന്നു;
അവരുടെ ഹൃദയമോ
എന്നിൽ നിന്ന് അകന്നിരിക്കുന്നു.
അവർ എന്നെ വ്യർത്ഥമായി
ആരാധിക്കുന്നു · 7അവർ മനുഷ്യരുടെ
നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പി
ക്കുന്നു'[a] എന്ന് യെശയ്യാവ് പ്രവചിച്ചതു
ശരിതന്നെ."

8നിങ്ങൾ ദൈവകല്പനകൾ വിട്ടുകളഞ്ഞിട്ടു
മനുഷ്യരുടെ പാരമ്പര്യങ്ങൾ മുറുകെ
പ്പിടിക്കുന്നു" എന്നു പറഞ്ഞു.
9അദ്ദേഹം അവരോടു വീണ്ടും പറഞ്ഞു:
"സ്വന്തം പാരമ്പര്യങ്ങൾ പാലിക്കാൻവേണ്ടി[b]
കൗശലപൂർവ്വം നിങ്ങൾ ദൈവകല്പനകളെ
വിട്ടുകളഞ്ഞിരിക്കുന്നു. 10'നിന്റെ അപ്പനെയും
അമ്മയെയും ബഹുമാനിക്കുക'[c] എന്നും
'അപ്പനെയോ അമ്മയെയോ ശപിക്കുന്നവൻ
നിശ്ചയമായും മരിക്കണം'[d] എന്നും മോശെ
കല്പിച്ചിരിക്കുന്നു. 11എന്നാൽ നിങ്ങൾ: "ഒരു
മനുഷ്യൻ അപ്പനോടോ അമ്മയോടോ
'നിങ്ങൾക്ക് എന്നിൽനിന്നും ലഭിക്കേണ്ട എല്ലാ
സഹായവും കൊർബ്ബാൻ അഥവാ ദൈവത്തിനു
വഴിപാട് ആണ്' എന്നു പറഞ്ഞാൽ അവന്റെ
കടമ തീർന്നു എന്നു പറയുന്നു. 12അങ്ങനെ
അപ്പനോ അമ്മയ്ക്കോവേണ്ടി ഒരിക്കലും
എന്തെങ്കിലും ചെയ്തു കൊടുക്കാൻ നിങ്ങൾ
അവനെ അനുവദിക്കുന്നുമില്ല. 13അങ്ങനെ
നിങ്ങൾക്കു പരമ്പരാസിദ്ധമായ സമ്പ്രദായങ്ങളി
ലൂടെ നിങ്ങൾ ദൈവകല്പനയെ നിഷ്ഫല
മാക്കുന്നു. ഇതുപോലെയുള്ള പലതും നിങ്ങൾ
ചെയ്യുന്നുണ്ട്."
14യേശു ജനക്കൂട്ടത്തെ വീണ്ടും തന്റെ
അടുത്തേക്കു വിളിച്ചു അവരോട്: "എല്ലാവരും
എന്റെ വാക്കു കേട്ടു മനസ്സിലാക്കിക്കൊൾവിൻ.
15പുറമേനിന്നുള്ള യാതൊന്നിനും മനുഷ്യന്റെ
അകത്തേക്കു ചെന്ന് അവനെ അശുദ്ധനാക്കു
വാൻ സാധ്യമല്ല. 16പിന്നെയോ, മനുഷ്യനിൽ
നിന്നു പുറപ്പെടുന്നതാണ് അവനെ അശുദ്ധ
നാക്കുന്നത്. [കേൾക്കാൻ ചെവിയുള്ളവൻ
കേൾക്കട്ടെ]" എന്നു പറഞ്ഞു.
17ജനക്കൂട്ടത്തെ വിട്ട് അദ്ദേഹം വീട്ടിൽ

[a] 7 യെശയ്യാവ് 29 : 13 [b] 9 ചില കയ്യെഴുത്തുപ്രതികളിൽ *സ്ഥാപിക്കാൻ വേണ്ടി* [c] 10 പുറപ്പാട് 20:12; ആവർത്തനം 5: 16 [d] 10 പുറപ്പാട് 21: 17; ലേവ്യ 20: 9

പ്രവേശിച്ചപ്പോൾ ശിഷ്യന്മാർ ഈ ഉപമയെ
ക്കുറിച്ച് അദ്ദേഹത്തോടു ചോദിച്ചു. 18“നിങ്ങൾ
ഇത്ര മന്ദബുദ്ധികളോ?” അദ്ദേഹം ചോദിച്ചു.
“പുറമേനിന്ന് ഉള്ളിലേക്കുചെല്ലുന്ന യാതൊ
ന്നിനും മനുഷ്യനെ അശുദ്ധനാക്കാൻ കഴിയു
കയില്ല എന്നു നിങ്ങൾ അറിയുന്നില്ലയോ?
19കാരണം, അത് അവന്റെ ഹൃദയത്തിലേക്കല്ല
ഉദരത്തിലേക്കും പിന്നെ ശരീരത്തിനു
പുറത്തേയ്ക്കുമാണ് പോകുന്നത്.” എല്ലാ
ഭക്ഷണവും ശുദ്ധമെന്ന് ഈ വാക്കുകളിലൂടെ
അദ്ദേഹം വ്യക്തമാക്കി.
20അദ്ദേഹം തുടർന്നു: “മനുഷ്യന്റെ
അകത്തുനിന്നു പുറപ്പെടുന്നതാണ് അവനെ
അശുദ്ധനാക്കുന്നത്. 21ദുഷ്ടവിചാരങ്ങൾ,
വ്യഭിചാരം, മോഷണം, കൊലപാതകം, പരസം
ഗം, 22അത്യാഗ്രഹം , ദുഷ്ടത, വഞ്ചന, ഭോഗാ
സക്തി, ഈർഷ്യ, ദൂഷണം, അഹങ്കാരം, മൂഢത
എന്നിവ ഉള്ളിൽനിന്ന്, മനുഷ്യന്റെ
ഹൃദയത്തിൽനിന്നു വരുന്നു. 23ഈ
തിന്മകളെല്ലാം ഉള്ളിൽനിന്നുവന്നു മനുഷ്യനെ
അശുദ്ധനാക്കുന്നു.”

*സുറൊഫൊയ്നീക്യ*
*സ്ത്രീയുടെ വിശ്വാസം*

24യേശു ആ സ്ഥലംവിട്ടു സോർപ്രദേശ
ത്തേക്കു പോയി. അദ്ദേഹം ഒരു ഭവനത്തിൽ
പ്രവേശിച്ചു; അത് ആരും അറിയരുതെന്ന്
അദ്ദേഹം ആഗ്രഹിച്ചു, എങ്കിലും തന്റെ
സാന്നിധ്യം രഹസ്യമായി വയ്ക്കുക സാധ്യ
മല്ലായിരുന്നു. 25ദുരാത്മാവു ബാധിച്ച ഒരു
പെൺകുട്ടിയുടെ അമ്മ അദ്ദേഹത്തെക്കുറിച്ചു
കേട്ടു, വന്ന് അദ്ദേഹത്തിന്റെ കാല്ക്കൽ
വീണു. 26അവൾ സുറൊഫൊയ്നീക്യയിൽ
ജനിച്ച ഒരു ഗ്രീക്കുകാരി ആയിരുന്നു. തന്റെ
മകളിൽനിന്നു ഭൂതത്തെ പുറത്താക്കുവാൻ
അവൾ യേശുവിനോട് അപേക്ഷിച്ചു.
27യേശു അവളോട്: “ആദ്യം മക്കൾ തിന്നു
തൃപ്തരാകട്ടെ. മക്കളുടെ അപ്പം എടുത്തു
നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് ഉചിത
മല്ലല്ലോ” എന്നു പറഞ്ഞു.
28“അതേ കർത്താവേ,” അവൾ മറുപടി
പറഞ്ഞു: “എന്നാൽ മേശയുടെ കീഴിൽ ഉള്ള
നായ്ക്കളും മക്കളുടെ കൈകളിൽനിന്നു
വീഴുന്ന അപ്പനുറുക്കുകൾ തിന്നുന്നുവല്ലോ.”
29അപ്പോൾ യേശു അവളോട്: “നിന്റെ ഈ
മറുപടിനിമിത്തം പൊയ്ക്കൊള്ളുക; ഭൂതം
നിന്റെ മകളെ വിട്ടുപോയിരിക്കുന്നു.” എന്നു
പറഞ്ഞു. 30അവൾ വീട്ടിൽ എത്തിയപ്പോൾ
കുട്ടി ഭൂതബാധ ഒഴിഞ്ഞവളായി കട്ടിലിൽ
കിടക്കുന്നതു കണ്ടു.

*ബധിരനും മൂകനുമായ*
*മനുഷ്യനെ സുഖപ്പെടുത്തുന്നു*

31പിന്നീട് യേശു സോർപ്രദേശം വിട്ടു
സീദോനിലൂടെ ദെക്കപ്പൊലിവഴി കടല്പ്പുറ
ത്തേക്കുപോയി. 32അവിടെ ചിലർ ബധിരനും
മൂകനുമായ ഒരു മനുഷ്യനെ അദ്ദേഹത്തിന്റെ
അടുക്കൽ കൊണ്ടുവന്നു; അയാളുടെമേൽ
കൈവയ്ക്കണമെന്ന് അവർ അദ്ദേഹത്തോടു
യാചിച്ചു.
33യേശു ആ മനുഷ്യനെ ജനക്കൂട്ടത്തിൽ
നിന്നു മാറ്റിനിർത്തി തന്റെ വിരലുകൾ
അവന്റെ ചെവികളിൽ ഇട്ടു; തുപ്പി അവന്റെ
നാവിൽ തൊട്ടു. 34അദ്ദേഹം സ്വർഗ്ഗത്തേക്കു
നോക്കി ഒരു ദീർഘനിശ്വാസത്തോടെ
തുറക്കുക എന്നർത്ഥമുള്ള *‘എഫ്ഫഥാ’* എന്നു
പറഞ്ഞു. 35അപ്പോൾ അവന്റെ ചെവികൾ
തുറന്നു; നാവിന്റെ തടസ്സം നീങ്ങി. അവൻ
വ്യക്തമായി സംസാരിച്ചു.
36“ഇത് ആരോടും പറയരുത്” എന്ന് യേശു
കല്പിച്ചു. അദ്ദേഹം എത്രയേറെ കല്പിച്ചുവോ
അത്രയേറെ അവർ അതേപ്പറ്റി സംസാരിച്ചു
കൊണ്ടിരുന്നു. 37“അദ്ദേഹം എല്ലാം നന്നായി
ചെയ്തിരിക്കുന്നു, ബധിരർക്കു കേൾവിയും
മൂകർക്കു സംസാരശേഷിയും നല്കുന്നു
വല്ലോ” എന്നു പറഞ്ഞ് അവർ അത്യന്തം
ആശ്ചര്യപ്പെട്ടു.

*യേശു നാലായിരം പേർക്കു*
*ഭക്ഷണം നല്കുന്നു*

8 ആ ദിവസങ്ങളിൽ വീണ്ടും ഒരു വലിയ
ജനക്കൂട്ടം വന്നുകൂടി. അവർക്കു ഭക്ഷിക്കു
വാൻ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട്
യേശു ശിഷ്യന്മാരെ അടുത്തു വിളിച്ച്
അവരോട്: 2“ഈ ജനക്കൂട്ടത്തോട് എനിക്കു
മനസ്സലിവു തോന്നുന്നു. മൂന്നു ദിവസമായി
അവർ എന്നോടുകൂടെ പാർക്കുന്നു; അവർക്കു
ഭക്ഷിക്കാൻ ഒന്നുമില്ല. 3ഞാൻ അവരെ
വിശപ്പോടെ വീട്ടിലേക്ക് അയച്ചാൽ അവർ
വഴിയിൽ തളർന്നുവീഴും; അവരിൽ ചിലർ
വളരെ ദൂരത്തുനിന്നു വന്നവരാണ്” എന്നു
പറഞ്ഞു.
4അദ്ദേഹത്തിന്റെ ശിഷ്യന്മാർ, “ഇവിടെ ഈ
മരുഭൂമിയിൽ ഇവർക്കു മതിയാകുന്നത്ര അപ്പം
കിട്ടുന്നത് എവിടെനിന്ന്?” എന്നു പറഞ്ഞു.
5“നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ട്?”
യേശു ചോദിച്ചു.
“ഏഴ്” അവർ മറുപടി പറഞ്ഞു. 6ജനക്കൂട്ട
ത്തോടു നിലത്തിരിക്കാൻ അദ്ദേഹം കല്പിച്ചു.
പിന്നീട് ആ ഏഴ് അപ്പം എടുത്തു സ്തോത്രം
ചെയ്തു നുറുക്കി ജനങ്ങൾക്കു വിളമ്പുവാൻ

ശിഷ്യന്മാരെ ഏല്പിച്ചു. അവർ വിളമ്പി.
7അവരുടെ പക്കൽ കുറെ ചെറിയ മീനും
ഉണ്ടായിരുന്നു; അതിനുവേണ്ടിയും അദ്ദേഹം
സ്തോത്രം ചെയ്തശേഷം, വിളമ്പുവാൻ
ശിഷ്യന്മാരോടു പറഞ്ഞു. 8ജനങ്ങൾ ഭക്ഷിച്ചു
തൃപ്തരായി. ശിഷ്യന്മാർ ശേഷിച്ച അപ്പനുറു
ക്കുകൾ ഏഴുകുട്ട നിറയെ ശേഖരിച്ചു. 9അവിടെ
ഏകദേശം നാലായിരം പുരുഷന്മാർ
ഉണ്ടായിരുന്നു. അവരെ പറഞ്ഞയച്ചശേഷം
10അദ്ദേഹം ശിഷ്യന്മാരോടുകൂടെ വഞ്ചിയിൽ
കയറി ദല്മനൂഥാ പ്രദേശത്തേക്കു പോയി.
11പരീശന്മാർ വന്ന് യേശുവിനോടു
തർക്കിച്ചുതുടങ്ങി. അദ്ദേഹത്തെ പരീക്ഷിക്കു
ന്നതിനായി അവർ സ്വർഗ്ഗത്തിൽനിന്നുള്ള ഒരു
അടയാളം ആവശ്യപ്പെട്ടു. 12അദ്ദേഹം ആത്മാ
വിൽ ഞരങ്ങിക്കൊണ്ടു പറഞ്ഞു: " ഈ തലമുറ
എന്തുകൊണ്ടാണ് അടയാളം അന്വേഷിക്കു
ന്നത്? ഞാൻ നിങ്ങളോടു സത്യം പറയുന്നു:
ഈ തലമുറയ്ക്ക് ഒരു അടയാളവും നല്ക
പ്പെടുകയില്ല." 13പിന്നീട് അദ്ദേഹം അവരെ വിട്ടു
വഞ്ചിയിൽ കയറി മറുകരയ്ക്കു പോയി.

*പരീശന്മാരുടെയും*
*ഹെരോദാവിൻെറയും പുളിച്ചമാവ്*

14വഞ്ചിയിൽ തങ്ങളുടെ പക്കൽ ഉണ്ടായിരു
ന്ന ഒരു അപ്പം ഒഴികെ വേറേ അപ്പം കൊണ്ടു
വരുവാൻ ശിഷ്യന്മാർ മറന്നു പോയിരുന്നു.
15"സൂക്ഷിച്ചുകൊൾവിൻ, " യേശു അവർക്കു
മുന്നറിയിപ്പു നല്കി. "പരീശന്മാരുടെയും
ഹെരോദാവിൻെറയും പുളിമാവിനെപ്പറ്റി
ജാഗ്രതയുള്ളവരായിരിപ്പിൻ."
16"നമ്മുടെ പക്കൽ അപ്പം ഇല്ലാത്ത
തുകൊണ്ടായിരിക്കാം അദ്ദേഹം ഇങ്ങനെ
പറഞ്ഞത്" എന്ന് അവർ അന്യോന്യം പറഞ്ഞു.
17യേശു ഇതു മനസ്സിലാക്കിക്കൊണ്ട്, "അപ്പം
ഇല്ലാത്തതിനെപ്പറ്റി നിങ്ങൾ എന്തിനു സംസാ
രിക്കുന്നു? നിങ്ങൾ ഇപ്പോഴും കാണുകയും
ഗ്രഹിക്കുകയും ചെയ്യുന്നില്ലേ? നിങ്ങളുടെ
ഹൃദയം കഠിനമായിരിക്കുന്നുവോ? 18കണ്ണുണ്ടാ
യിട്ടും കാണുന്നില്ലേ? ചെവിയുണ്ടായിട്ടും
കേൾക്കുന്നില്ലേ? നിങ്ങൾ ഓർക്കുന്നതുമില്ലേ?
19ഞാൻ അഞ്ച് അപ്പം അയ്യായിരം പേർക്കു
വേണ്ടി നുറുക്കിയപ്പോൾ ശേഷിച്ച കഷണ
ങ്ങൾ എത്ര കുട്ടനിറച്ചാണ് നിങ്ങൾ പെറു
ക്കിയത്?" എന്ന് അവരോടു ചോദിച്ചു.
"പന്ത്രണ്ട്" അവർ മറുപടി പറഞ്ഞു.
20നാലായിരം പേർക്ക് ഏഴ് അപ്പം നുറു
ക്കിയപ്പോൾ ശേഷിച്ച കഷണങ്ങൾ എത്ര വട്ടി
നിറച്ചെടുത്തു?"
"ഏഴ്" അവർ മറുപടി പറഞ്ഞു.
21"ഇപ്പോഴും നിങ്ങൾ ഗ്രഹിക്കുന്നില്ലേ?"
അദ്ദേഹം അവരോടു ചോദിച്ചു.

*ബേത്ത്സയിദയിൽവച്ച് ഒരു*
*അന്ധനെ സൗഖ്യമാക്കുന്നു*

22അവർ ബേത്ത്സയിദയിൽ എത്തി.
അന്ധനായ ഒരാളെ ചിലർ കൊണ്ടുവന്ന്
അയാളെ തൊടണമെന്നു യേശുവിനോട്
അപേക്ഷിച്ചു. 23അദ്ദേഹം അന്ധൻെറ കൈക്കു
പിടിച്ച് അയാളെ ഗ്രാമത്തിനുപുറത്തു
കൊണ്ടുപോയി. യേശു അയാളുടെ കണ്ണുകളിൽ
തുപ്പി, തൻെറ കൈകൾ അയാളുടെമേൽ
വച്ചുകൊണ്ട് അയാളോട്: "നീ എന്തെങ്കിലും
കാണുന്നുണ്ടോ?" എന്നു ചോദിച്ചു.
24അയാൾ മുഖമുയർത്തിയിട്ട്: "ഞാൻ
മനുഷ്യരെ മരങ്ങളെപ്പോലെയും അവർ
നടക്കുന്നതായും കാണുന്നു" എന്നു പറഞ്ഞു.
25യേശു വീണ്ടും അയാളുടെ കണ്ണുകളിൽ
കൈകാം വച്ചു. അപ്പോൾ അയാളുടെ കണ്ണു
കൾ തുറന്നു. അയാൾക്കു കാഴ്ച തിരിച്ചു കിട്ടി.
അയാൾ സകലതും വ്യക്തമായിക്കണ്ടു.
26"ഗ്രാമത്തിലേക്കു പോകരുത്"[a] എന്നു പറഞ്ഞ്
യേശു അയാളെ വീട്ടിലേക്ക് അയച്ചു.

*ക്രിസ്തുവിലുള്ള വിശ്വാസം*
*പത്രൊസ് ഏറ്റുപറയുന്നു*

27യേശുവും ശിഷ്യന്മാരും കൈസര്യാ
ഫിലിപ്പിയിലെ ഗ്രാമങ്ങളിലേക്കു പോയി.
വഴിയിൽ വച്ച് അദ്ദേഹം അവരോട്: "ഞാൻ ആർ
എന്നു ജനം പറയുന്നു?" എന്നു ചോദിച്ചു.
28"യോഹന്നാൻസ്നാപകൻ എന്നു ചിലർ
പറയുന്നു, മറ്റുചിലർ ഏലിയാവ് എന്നും വേറെ
ചിലരോ പ്രവാചകരിൽ ഒരുവൻ എന്നും
പറയുന്നു" അവർ ഉത്തരം പറഞ്ഞു.
29 "എന്നാൽ നിങ്ങൾ എന്തു പറയുന്നു?
ഞാൻ ആരാണെന്നാണു നിങ്ങൾ പറയുന്നത്?"
അദ്ദേഹം ചോദിച്ചു.
അതിനു പത്രൊസ് "അങ്ങ് ക്രിസ്തു
ആകുന്നു" എന്ന് ഉത്തരം പറഞ്ഞു.
30തന്നെപ്പറ്റി ആരോടും പറയരുതെന്ന് യേശു
അവരോടു ആജ്ഞാപിച്ചു.

*സ്വന്തം മരണത്തെക്കുറിച്ചു യേശു*
*പ്രവചിക്കുന്നു*

31മനുഷ്യപുത്രൻ വളരെ കഷ്ടതകൾ സഹി
ക്കുകയും മൂപ്പന്മാർ, മുഖ്യപുരോഹിതർ, വേദ
ജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും
വധിക്കപ്പെടുകയും മൂന്നാംദിവസം ഉയിർത്തെ
ഴുന്നേല്ക്കുകയും വേണ്ടതാണെന്ന് അദ്ദേഹം
അവരെ പഠിപ്പിച്ചുതുടങ്ങി. 32 അദ്ദേഹം ഈ

[a] 26 ചില കയ്യെഴുത്തുപ്രതികളിൽ *ഗ്രാമത്തിൽ ചെന്ന് ആരോടും പറയരുത്*

കാര്യം തുറന്നു പറഞ്ഞു. അപ്പോൾ പത്രൊസ്
അദ്ദേഹത്തെ മാറ്റിനിർത്തി ശാസിച്ചുതുടങ്ങി.
33യേശുവോ തിരിഞ്ഞു തൻെറ ശിഷ്യന്മാരെ
നോക്കി, പത്രൊസിനെ ശാസിച്ചു. "സാത്താ
നേ, എന്നെ വിട്ടു പോ; നീ ദൈവത്തിൻെറ
കാര്യങ്ങളിലല്ല, മനുഷ്യൻെറ കാര്യങ്ങളിലാണു
മനസ്സുവച്ചിരിക്കുന്നത്" എന്നു പറഞ്ഞു.
34 പിന്നെ അദ്ദേഹം ശിഷ്യന്മാരെയും ജനക്കൂട്ട
ത്തെയും അടുക്കൽ വിളിച്ച് ഇങ്ങനെ പറഞ്ഞു:
"ഒരുവൻ എൻെറ പിന്നാലെ വരുവാൻ ഇച്ഛി
ക്കുന്നുവെങ്കിൽ അയാൾ സ്വയം ത്യജിച്ചു തൻെറ
ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ.
35സ്വന്തം ജീവനെ രക്ഷിക്കുവാൻ ആ
ഗ്രഹിക്കുന്നവൻ അതിനെ നഷ്ടമാക്കും;
എന്നാൽ എനിക്കും സുവിശേഷത്തിനും വേണ്ടി
സ്വന്തം ജീവനെ നഷ്ടപ്പെടുത്തുന്നവൻ
അതിനെ രക്ഷിക്കും. 36ഒരു മനുഷ്യൻ സർവ്വലോ
കവും നേടിയാലും തൻെറ ജീവനെ നഷ്ട
പ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?
37തൻെറ ജീവന് എന്തു പകരംകൊടുക്കുവാൻ
ഒരു മനുഷ്യനു കഴിയും? 38വ്യഭിചാരവും
പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും
എന്നെയും എൻെറ വചനങ്ങളെയുംക്കുറിച്ചു
ലജ്ജിച്ചാൽ അവനെ കുറിച്ചു മനുഷ്യപുത്രനും
തൻെറ പിതാവിൻെറ തേജസ്സിൽ വിശുദ്ധദൂ
തരോടുകൂടെ വരുമ്പോൾ ലജ്ജിക്കും."

9 പിന്നെ യേശു അവരോടു പറഞ്ഞു:
"ദൈവരാജ്യം ശക്തിയോടെ വരുന്നതു
കാണുംമുമ്പു മരണം ആസ്വദിക്കാത്ത ചിലർ
ഇവിടെ നില്ക്കുന്നുണ്ട് എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു."

*യേശുവിൻെറ രൂപാന്തരം*

2ആറുദിവസം കഴിഞ്ഞ് യേശു പത്രൊ
സിനെയും യാക്കോബിനെയും യോഹന്നാ
നെയും കൂട്ടിക്കൊണ്ട് ഒരു ഉയർന്നമലയിലേക്കു
പോയി. അവിടെ അദ്ദേഹം അവരുടെ മുമ്പിൽ
രൂപാന്തരപ്പെട്ടു. 3അദ്ദേഹത്തിൻെറ വസ്ത്രം
ഭൂമിയിൽ ആർക്കും വെളുപ്പിക്കാവുന്നതിലും
അധികം വെണ്മയുള്ളതായി തിളങ്ങി.
4ഏലിയാവും മോശെയും അവർക്കു പ്രത്യ
ക്ഷരായി, യേശുവിനോടു സംസാരിച്ചു
കൊണ്ടിരുന്നു.
5പത്രൊസ് യേശുവിനോട്: "റബ്ബീ, നാം
ഇവിടെ ആയിരിക്കുന്നതു നല്ലത്; ഞങ്ങൾ
മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം; ഒന്ന്
അങ്ങേയ്ക്ക്, ഒന്നു മോശെയ്ക്ക്, ഒന്ന്
ഏലിയാവിന്" എന്നു പറഞ്ഞു.
6എന്തു പറയണമെന്ന് അയാൾക്കറിഞ്ഞു
കൂടായിരുന്നു. അവർ അത്രയധികം
ഭയപ്പെട്ടിരുന്നു.
7അപ്പോൾ ഒരു മേഘം വന്ന് അവരെ മറച്ചു.
മേഘത്തിൽ നിന്ന് "ഇവൻ എൻെറ പ്രിയപു
ത്രൻ; ഇവനു ചെവി കൊടുപ്പിൻ" എന്ന് ഒരു
ശബ്ദമുണ്ടായി.
8 പെട്ടെന്ന്, അവർ ചുറ്റും നോക്കി; അപ്പോൾ
തങ്ങളോടുകൂടെ യേശുവിനെ അല്ലാതെ
മറ്റാരെയും കണ്ടില്ല.
9അവർ മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ,
യേശു അവരോട്: മനുഷ്യപുത്രൻ
മരിച്ചവരിൽനിന്ന് ഉയിർക്കുന്നതുവരെ, ഈ
കണ്ടത് ആരോടും പറയരുതെന്നു കല്പിച്ചു.
10'മരിച്ചവരിൽനിന്ന് ഉയിർക്കുക' എന്നതിൻെറ
അർത്ഥം എന്തെന്നു ചർച്ചചെയ്തുകൊണ്ട്
അവർ ഇക്കാര്യം രഹസ്യമായി സൂക്ഷിച്ചു.
11 അവർ അദ്ദേഹത്തോട് : "ആദ്യം
ഏലിയാവു വരേണ്ടതാകുന്നു എന്നു വേദജ്ഞർ
പറയുന്നതെന്തുകൊണ്ടാണ്?" എന്നു ചോദിച്ചു.
12യേശു അവരോട് ഉത്തരം പറഞ്ഞു:
"തീർച്ചയായും ആദ്യം ഏലിയാവു വന്ന് എല്ലാ
കാര്യങ്ങളും പുനഃസ്ഥാപിക്കും. എന്നാൽ
മനുഷ്യപുത്രൻ വളരെ കഷ്ടത സഹിക്കു
കയും തിരസ്കരിക്കപ്പെടുകയും ചെയ്യേണ്ടതാ
ണെന്ന് എഴുതിയിരിക്കുന്നത് എങ്ങനെ?
13എന്നാൽ ഏലിയാവു വന്നുകഴിഞ്ഞു.
അവനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നപ്രകാരം
അവർ തങ്ങൾക്കു ബോധിച്ചതെല്ലാം
അവനോടു ചെയ്തിരിക്കുന്നു" എന്നു ഞാൻ
നിങ്ങളോടു പറയുന്നു.

*ദുരാത്മാവു ബാധിച്ച*
*ബാലനെ സൗഖ്യമാക്കുന്നു*

14അവർ മറ്റു ശിഷ്യന്മാരുടെ
അടുത്തെത്തിയപ്പോൾ ഒരു വലിയ ജനക്കൂട്ടം
അവർക്കുചുറ്റും നില്ക്കുന്നതും വേദജ്ഞർ
അവരോടു തർക്കിക്കുന്നതും കണ്ടു.
15യേശുവിനെ കണ്ട ഉടനേ ജനങ്ങളെല്ലാം
ആശ്ചര്യഭരിതരായി ഓടിച്ചെന്ന് അദ്ദേഹത്തെ
അഭിവാദനം ചെയ്തു.
16 "എന്തിനെക്കുറിച്ചാണ് നിങ്ങൾ അവരോടു
തർക്കിച്ചുകൊണ്ടിരിക്കുന്നത്?" യേശു
ചോദിച്ചു.
17 ജനക്കൂട്ടത്തിൽ ഒരാൾ: "ഗുരോ, ഒരു
ആത്മാവു ബാധിച്ചിരിക്കയാൽ സംസാരശേഷി
നഷ്ടപ്പെട്ട എൻെറ മകനെ ഞാൻ അങ്ങയുടെ
അടുക്കൽ കൊണ്ടുവന്നു. 18അത് അവനെ
പിടികൂടുമ്പോഴെല്ലാം അവനെ നിലത്തു
തള്ളിയിടും; അവൻെറ വായിൽനിന്നു നുരയും
പതയും വരികയും, അവൻ പല്ലു കടിക്കുകയും,
ശരീരം മരവിക്കുകയും ചെയ്യും. അതിനെ
പുറത്താക്കുവാൻ ഞാൻ അങ്ങയുടെ ശിഷ്യന്മാ
രോട് അപേക്ഷിച്ചു; എന്നാൽ അവർക്കു

കഴിഞ്ഞില്ല" എന്നു പറഞ്ഞു.
19"അവിശ്വാസമുള്ള തലമുറയേ, ഞാൻ
എത്രകാലം നിങ്ങളോടുകൂടെ വസിക്കും?
എത്രകാലം നിങ്ങളെ വഹിക്കും? ബാലനെ
എൻെറ അടുക്കൽ കൊണ്ടുവരുവിൻ" യേശു
പറഞ്ഞു.
20അവർ അവനെ കൊണ്ടുവന്നു. യേശു
വിനെ കണ്ട ഉടനേ ആ ആത്മാവ് ബാലനെ
തള്ളിയിട്ടു. അവൻ നിലത്തു വീണുരുളുകയും
വായിലൂടെ നുരയും പതയും വരികയും ചെയ്തു.
21യേശു ബാലൻെറ പിതാവിനോടു
ചോദിച്ചു: "ഇവൻ ഇങ്ങനെ ആയിട്ട്
എത്രനാളായി?"
"കുട്ടിക്കാലം മുതൽ തന്നേ. 22 അത് അവനെ
കൊല്ലേണ്ടതിനു പലപ്പോഴും തീയിലും
വെള്ളത്തിലും തള്ളിയിട്ടിട്ടുണ്ട്. അങ്ങേയ്ക്കു
കഴിയുമെങ്കിൽ ദയവുതോന്നി ഞങ്ങളെ
സഹായിക്കണമേ" എന്ന് അയാൾ മറുപടി
പറഞ്ഞു. 23"അങ്ങേയ്ക്കു കഴിയുമെങ്കിൽ
എന്നോ? വിശ്വസിക്കുന്നവനു സകലവും
കഴിയും" യേശു പറഞ്ഞു.
24ഉടനേ ബാലൻെറ പിതാവ്: "ഞാൻ
വിശ്വസിക്കുന്നു, എൻെറ അവിശ്വാസത്തെ ജയി
ക്കുവാൻ എന്നെ സഹായിക്കണമേ" എന്നു
നിലവിളിച്ചു പറഞ്ഞു.
25ഒരു ജനക്കൂട്ടം അവിടേക്ക് ഓടിക്കൂടുന്നതു
കണ്ടിട്ട് യേശു ദുഷ്ടാത്മാവിനെ ശാസിച്ചു:
"ബധിരനും മൂകനുമായ ആത്മാവേ, അവനിൽ
നിന്നു പുറത്തുപോകൂ, ഇനിയൊരിക്കലും
അവനിൽ കടക്കരുത് എന്നു ഞാൻ നിന്നോടു
കല്പിക്കുന്നു." 26ആത്മാവു നിലവിളിച്ച് അവ
നെ നിലത്തു തള്ളിയിട്ടുരുട്ടിയശേഷം അവനെ
വിട്ടുപോയി. ബാലൻ ഒരു മൃതശരീരംപോലെ
ആയിത്തീർന്നതുകൊണ്ട് "അവൻ മരിച്ചു
പോയി" എന്നു പലരും പറഞ്ഞു. 27യേശു
അവനെ കൈക്കുപിടിച്ച് ഉയർത്തി, അവൻ
എഴുന്നേറ്റു നിന്നു.
28യേശു വീട്ടിൽ എത്തിയപ്പോൾ ശിഷ്യന്മാർ
അദ്ദേഹത്തോട്: "ഞങ്ങൾക്ക് അതിനെ
പുറത്താക്കാൻ കഴിയാഞ്ഞതെന്തുകൊണ്ടാ
ണ്?" എന്നു രഹസ്യമായി ചോദിച്ചു.
29അതിന് യേശു: "പ്രാർത്ഥനയാൽ[a] മാത്ര
മല്ലാതെ ഈ വക ഒഴിഞ്ഞുപോവുകയില്ല" എന്ന്
ഉത്തരം പറഞ്ഞു.
30അവർ ആ സ്ഥലം വിട്ടു ഗലീലയിലൂടെ
കടന്നുപോയി. തങ്ങൾ എവിടെയാണെന്ന്
ആരും അറിയരുതെന്ന് യേശു ആഗ്രഹിച്ചു.
31യേശു ശിഷ്യന്മാരെ പഠിപ്പിച്ചു; അവരോടു
പറഞ്ഞു: "മനുഷ്യപുത്രൻ മനുഷ്യരുടെ
കൈയിൽ ഏല്പിക്കപ്പെടും. അവർ അവനെ
കൊല്ലുകയും മൂന്നു ദിവസം കഴിഞ്ഞ് അവൻ
ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും."
32എന്നാൽ അദ്ദേഹം പറഞ്ഞതിൻെറ
അർത്ഥമെന്തെന്ന് അവർ ഗ്രഹിച്ചില്ല; അതേ
ക്കുറിച്ചുചോദിക്കുവാൻ അവർ ഭയപ്പെട്ടു.

*ഏറ്റവും വലിയവൻ ആര്?*

33 അവർ കഫർന്നഹൂമിൽ എത്തി. അദ്ദേഹം
വീട്ടിൽ വന്നശേഷം അവരോട്: "നിങ്ങൾ
വഴിയിൽവച്ച് എന്തിനെക്കുറിച്ചായിരുന്നു
തർക്കിച്ചുകൊണ്ടിരുന്നത്?" എന്നു ചോദിച്ചു.
34അവരോ തങ്ങളിൽ ഏറ്റവും വലിയവൻ
ആരാണ് എന്നതിനെപ്പറ്റി വാദിച്ചതുകൊണ്ടു
മിണ്ടാതിരുന്നു. 35അദ്ദേഹം ഇരുന്നശേഷം പന്തി
രുവരെ വിളിച്ച് "നിങ്ങളിൽ ഒന്നാമൻ ആകു
വാൻ ആഗ്രഹിക്കുന്നവൻ ഒടുക്കത്തവനും
എല്ലാവർക്കും ദാസനുമാകണം" എന്നു
പറഞ്ഞു.
36അനന്തരം അദ്ദേഹം ഒരു ശിശുവിനെ എടു
ത്ത് അവരുടെ നടുവിൽ നിറുത്തി. അവനെ
കൈകളിൽ എടുത്തുകൊണ്ട് അദ്ദേഹം അവ
രോടു പറഞ്ഞു: 37"ഇങ്ങനെയുള്ള ഒരു
ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊ
ള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ
സ്വീകരിക്കുന്നവനോ എന്നെയല്ല, എന്നെ
അയച്ചവനെ സ്വീകരിക്കുന്നു."

*നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്ക് അനുകൂലമാണ്*

38യോഹന്നാൻ പറഞ്ഞു: "ഗുരോ, ഒരു
മനുഷ്യൻ അങ്ങയുടെ നാമത്തിൽ ഭൂതങ്ങളെ
പുറത്താക്കുന്നതു ഞങ്ങൾ കണ്ടു, അയാൾ ന
മ്മെ അനുഗമിക്കുന്നവനല്ലായ്കയാൽ ഞങ്ങൾ
അയാളെ വിലക്കി."
39"അവനെ തടയരുത്", യേശുപറഞ്ഞു,
"എൻെറ നാമത്തിൽ ഒരത്ഭുതം പ്രവർ
ത്തിക്കുന്ന ഒരുവന് അടുത്ത നിമിഷത്തിൽ
എന്നെ ദുഷിച്ചു പറയുവാൻ സാധ്യമല്ല;
40നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്ക്
അനുകൂലമാണ്. 41നിങ്ങൾ ക്രിസ്തുവിനുള്ള
വരാകയാൽ എൻെറ നാമത്തിൽ ഒരു പാത്രം
വെള്ളം നിങ്ങൾക്കു തരുന്നവന് പ്രതിഫലം
ലഭിക്കാതിരിക്കുകയില്ല എന്നു ഞാൻ
സത്യമായി നിങ്ങളോടു പറയുന്നു.

*പാപത്തിനു കാരണമാകുന്നതിനെക്കുറിച്ച്*

42"എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവ
രിൽ ഒരുവൻ പാപത്തിൽ വീഴുവാൻ ആരെങ്കി
ലും ഇടയാക്കിയാൽ അവൻെറ കഴുത്തിൽ ഒരു
വലിയ തിരികല്ലു കെട്ടി അവനെ കടലിൽ

[a] 29 ചില കയ്യെഴുത്തുപ്രതികളിൽ, *പ്രാർത്ഥനയാലും ഉപവാസത്താലും*

എറിയുന്നതാണ് ഏറെ നല്ലത്. 43നിൻെറ കൈ
പാപത്തിനു കാരണമായാൽ അതിനെ
വെട്ടിക്കളയുക. 44രണ്ടു കൈയുള്ളവനായി
കെടാത്ത തീയുള്ള നരകത്തിൽ പോകുന്നതി
നേക്കാൾ, അംഗഭംഗം ഉള്ളവനായി ജീവനിൽ
കടക്കുന്നതാണു നിനക്കു നല്ലത്. 45നിൻെറ
കാൽ പാപത്തിനു കാരണമാകുന്നുവെങ്കിൽ
അതു വെട്ടിക്കളയുക. 46രണ്ടു കാൽ ഉള്ളവനാ
യി നരകത്തിൽ എറിയപ്പെടുന്നതിനേക്കാൾ
മുടന്തനായി ജീവനിൽ കടക്കുന്നതാണു
നിനക്കു നല്ലത്. 47നിൻെറ കണ്ണ് പാപത്തിനു
കാരണമാകുന്നുവെങ്കിൽ അതു ചൂഴ്ന്നു
കളയുക. രണ്ടു കണ്ണുള്ളവനായി നരകത്തിൽ
എറിയപ്പെടുന്നതിനേക്കാൾ ഒരു കണ്ണുള്ളവ
നായി ദൈവരാജ്യത്തിൽ കടക്കുന്ന താണു
നിനക്കു നല്ലത്.
48അവിടെ
'അവരുടെ പുഴു ചാകുന്നില്ല,
തീ കെടുന്നതുമില്ല.' [a]
49എല്ലാവർക്കും തീകൊണ്ട്
ഉപ്പു ചേർക്കപ്പെടും.
50ഉപ്പു നല്ലതാണ്; എന്നാൽ അതിൻെറ
ഉപ്പുരസം നഷ്ടമായാൽ അതിനെ വീണ്ടും ഉപ്പു
രസമുള്ളതാക്കുവാൻ നിങ്ങൾക്ക് എങ്ങനെ
സാധിക്കും? നിങ്ങൾ ഉപ്പുള്ളവരും, പരസ്പരം
സമാധാനമുള്ളവരും ആയിരിപ്പിൻ."

*വിവാഹമോചനം*

10 യേശു ആ സ്ഥലം വിട്ട് യോർദ്ദാൻെറ
മറുകരയിലുള്ള യഹൂദ്യപ്രദേശത്തേക്കു
പോയി. ജനക്കൂട്ടം വീണ്ടും അദ്ദേഹത്തിൻെറ
ചുറ്റുംകൂടി; പതിവുപോലെ അദ്ദേഹം അവരെ
പിന്നെയും പഠിപ്പിച്ചു.
2ചില പരീശന്മാർ വന്ന്, "പുരുഷൻ തൻെറ
ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃ
തമോ?" എന്ന് അദ്ദേഹത്തെ പരീക്ഷിച്ചു
കൊണ്ടു ചോദിച്ചു.
3അദ്ദേഹം മറുപടിയായി: "മോശെ നിങ്ങ
ളോടു കല്പിച്ചത് എന്താണ്?" എന്നു ചോദിച്ചു.
4"ഉപേക്ഷണപത്രം എഴുതിയിട്ടു ഭാര്യയെ
ഉപേക്ഷിക്കുവാൻ മോശെ അനുവദിച്ചി
രിക്കുന്നു" അവർ പറഞ്ഞു.
5"നിങ്ങളുടെ ഹൃദയകാഠിന്യംനിമിത്തമാണു
മോശെ ഈ കല്പന നിങ്ങൾക്ക് എഴുതി
ത്തന്നത്" യേശു മറുപടി പറഞ്ഞു. 6"എന്നാൽ
സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം 'അവരെ
ആണും പെണ്ണുമായി സൃഷ്ടിച്ചു.[b]' 7അതു
കൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും
വിട്ടു ഭാര്യയോടു പറ്റിച്ചേരും.[c] 8ഇരുവരും ഒരു
ശരീരമായിത്തീരും.[d] പിന്നീട് അവർ രണ്ടല്ല,
ഒന്നത്രേ. 9അതുകൊണ്ടു ദൈവം
യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്."
10അവർ വീട്ടിൽ വന്നപ്പോൾ ശിഷ്യന്മാർ
ഇതേപ്പറ്റി യേശുവിനോടു വീണ്ടും ചോദിച്ചു.
11അദ്ദേഹം പറഞ്ഞു: "ഭാര്യയെ ഉപേക്ഷിച്ചു
മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യുന്നവൻ
അവൾക്ക് എതിരായി വ്യഭിചാരം ചെയ്യുന്നു.
12ഭർത്താവിനെ ഉപേക്ഷിച്ചു മറ്റൊരാളെ വിവാഹം
ചെയ്യുന്നവളും വ്യഭിചാരം ചെയ്യുകയാണ്."

*യേശുവും ശിശുക്കളും*

13യേശു തൊടേണ്ടതിനു ജനങ്ങൾ ശിശു
ക്കളെ അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടു
വന്നു. എന്നാൽ ശിഷ്യന്മാർ അവരെ ശാസിച്ചു.
14ഇതുകണ്ടു യേശു കോപിച്ച് "ശിശുക്കളെ
എൻെറ അടുക്കൽ വരുവാൻ അനുവദിക്കുവിൻ;
അവരെ തടയരുത്; ദൈവരാജ്യം ഇവരെ
പ്പോലെയുള്ളവരുടേതത്രേ. 15ഒരു ശിശുവിനെ
പ്പോലെ ദൈവരാജ്യത്തെ സ്വീകരിക്കാത്ത ആരും
ഒരു നാളും അതിൽ കടക്കുകയില്ല എന്നു
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്നു
പറഞ്ഞു. 16അദ്ദേഹം ശിശുക്കളെ കൈകളിൽ
എടുത്ത് അവരുടെമേൽ കൈവച്ച് അവരെ
അനുഗ്രഹിച്ചു.

*സമ്പത്തും നിത്യജീവനും*

17യേശു യാത്ര പുറപ്പെടുമ്പോൾ ഒരു മനുഷ്യൻ
ഓടിവന്ന് അദ്ദേഹത്തിൻെറ മുമ്പിൽ മുട്ടുകുത്തി.
"നല്ല ഗുരോ, നിത്യജീവൻ അവകാശമാക്കുവാൻ
ഞാൻ എന്തു ചെയ്യണം?"
എന്നു ചോദിച്ചു.
18അതിന് ഉത്തരമായി യേശു അവനോട്: "നീ
എന്നെ 'നല്ലവൻ' എന്നു വിളിക്കുന്നതെന്ത്?
ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല.
19'കൊല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്,
മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്,
ചതിക്കരുത്, നിൻെറ അപ്പനെയും അമ്മയെയും
ബഹുമാനിക്കുക' [e] എന്നീ കല്പനകൾ നിനക്ക്
അറിയാമല്ലോ" എന്നു പറഞ്ഞു.
20"ഗുരോ, എൻെറ ബാല്യംമുതൽ ഞാൻ
ഇവയെല്ലാം പാലിക്കുന്നുണ്ട്" അയാൾ പറഞ്ഞു.
21യേശു അയാളെ നോക്കി; അയാളെ
സ്നേഹിച്ചു. അദ്ദേഹം പറഞ്ഞു: "ഒരു കുറവു
നിനക്കുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റു
ദരിദ്രർക്കു കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ
നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നീടുവന്ന്
എന്നെ അനുഗമിക്കുക".
22ഇതുകേട്ട് അയാളുടെ മുഖം വാടി. അയാൾ

[a] 48 യെശയ്യാവ് 66:24 [b] 6 ഉല്പത്തി 1:27 [c] 7 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *ഭാര്യയോടുപറ്റിച്ചേരും* എന്ന ഭാഗം ഇല്ല [d] 8 ഉല്പത്തി 2:24 [e] 19 പുറപ്പാട് 20:12-16, ആവർത്തനം 5:16-20

വളരെ സമ്പത്തുള്ളവനായിരുന്നതുകൊണ്ടു
ദുഃഖിതനായി അവിടെനിന്നു പോയി.
23യേശു ചുറ്റും നോക്കിയിട്ടു തൻെറ
ശിഷ്യന്മാരോട്: "ധനവാൻ ദൈവരാജ്യത്തിൽ
കടക്കുന്നത് എത്ര പ്രയാസം!" എന്നു പറഞ്ഞു.
24ശിഷ്യന്മാർ അദ്ദേഹത്തിൻെറ വാക്കുകൾ
കേട്ടു വിസ്മയിച്ചു. യേശു വീണ്ടും പറഞ്ഞു:
"കുഞ്ഞുങ്ങളേ, ദൈവരാജ്യത്തിൽ പ്രവേശി
ക്കുന്നത് [a] എത്രയോ പ്രയാസം! 25ഒരു ധനവാൻ
ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം
സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം."
26ശിഷ്യന്മാർ അത്യധികം വിസ്മയത്തോടെ
പരസ്പരം ചോദിച്ചു: "അങ്ങനെയെങ്കിൽ രക്ഷ
പ്രാപിക്കുവാൻ ആർക്കു കഴിയും?"
27യേശു അവരെ നോക്കി പറഞ്ഞു: " അതു
മനുഷ്യന് അസാധ്യം; എന്നാൽ ദൈവത്തിന്
അങ്ങനെയല്ല; ദൈവത്തിനു എല്ലാം
സാധ്യമാണ്."
28പത്രൊാസ് അദ്ദേഹത്തോട്: "ഞങ്ങൾ എല്ലാം
വിട്ട് അങ്ങയെ അനുഗമിച്ചുവല്ലോ" എന്നു
പറഞ്ഞു.29അതിനു യേശു മറുപടി പറഞ്ഞത്:
"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു;
എനിക്കും സുവിശേഷത്തിനുംവേണ്ടി ഭവനത്തെ
യോ സഹോദരന്മാരെയോ സഹോദരിമാരെയോ
അമ്മയെയോ അപ്പനെയോ മക്കളെയോ
30നിലങ്ങളെയോ വിട്ടുകളഞ്ഞിട്ടുള്ള ഏവനും
ഈ ലോകത്തിൽതന്നേ പീഡനങ്ങളോടുകൂടെ
ഭവനങ്ങളെയും സഹോദരന്മാരെയും സഹോ
ദരിമാരെയും അമ്മമാരെയും മക്കളെയും നിലങ്ങ
ളെയും നൂറു മടങ്ങായി ലഭിക്കും; വരുവാനുള്ള
ലോകത്തിൽ അയാൾക്കു നിത്യജീവനും ലഭിക്കും.
31എന്നാൽ മുമ്പന്മാർപലരും പിമ്പന്മാരും
പിമ്പന്മാർ മുമ്പന്മാരും ആകും."

*സ്വന്തം മരണത്തെപ്പറ്റി യേശു വീണ്ടും പ്രവചിക്കുന്നു*

32അവർ യെരൂശലേമിലേക്കു യാത്ര തുടർന്നു.
യേശു അവർക്കു മുമ്പിൽ നടന്നു. ശിഷ്യന്മാർക്കു
വിസ്മയവും അനുഗമിച്ചവർക്കു ഭയവും ഉണ്ടായി.
അദ്ദേഹം പന്ത്രണ്ടു ശിഷ്യന്മാരെ വീണ്ടും
അടുക്കൽ വിളിച്ചു തനിക്കു സംഭവിക്കാൻ
പോകുന്നതെന്താണെന്ന് അവരോടു പറഞ്ഞു:
33"നാം യെരൂശലേമിലേക്കു പോകുകയാണ്;
മനുഷ്യപുത്രൻ മുഖ്യപുരോഹിതന്മാരുടെയും
വേദജ്ഞരുടെയും കയ്യിൽ ഏല്പിക്കപ്പെടും.
അവർ അവനെ മരണശിക്ഷയ്ക്കു വിധിച്ചു
വിജാതീയരുടെ കൈയിൽ ഏല്പിക്കും. 34അവർ
അവനെ പരിഹസിക്കുകയും അവൻെറ മേൽ
തുപ്പുകയും ചാട്ടകൊണ്ട് അടിക്കുകയും
കൊല്ലുകയും ചെയ്യും. മൂന്നു ദിവസത്തിനുശേഷം
അവൻ ഉയിർത്തെഴുന്നേല്ക്കും."

*യാക്കോബിൻെറയും യോഹന്നാൻെറയും അപേക്ഷ*

35സെബെദിയുടെ പുത്രന്മാരായ യാക്കോബും
യോഹന്നാനും യേശുവിൻെറ അടുക്കൽ വന്നു.
അവർ അദ്ദേഹത്തോട്: "ഗുരോ, ഞങ്ങൾ
അങ്ങയോടു ചോദിക്കുന്നത് അങ്ങു ഞങ്ങാംക്കു
ചെയ്തുതരണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു"
എന്നു പറഞ്ഞു.
36"ഞാൻ നിങ്ങൾക്കു വേണ്ടി എന്തു
ചെയ്യണമെന്നാണു നിങ്ങൾ ആഗ്രഹിക്കുന്നത്?"
അദ്ദേഹം ചോദിച്ചു.
37അതിനു അവർ മറുപടി പറഞ്ഞു:
"അങ്ങയുടെ മഹത്ത്വത്തിൽ, ഞങ്ങളിൽ ഒരാൾ
അങ്ങയുടെ വലത്തും മറ്റേയാൾ ഇടത്തും
ഇരിക്കാൻ അനുവദിക്കേണമേ."
38യേശു അവരോട്: "നിങ്ങൾ എന്താണു
ചോദിക്കുന്നതെന്നു നിങ്ങൾക്കറിഞ്ഞുകൂടാ.
ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കുവാനോ
ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കുവാനോ
നിങ്ങൾക്കു കഴിയുമോ?" എന്നു ചോദിച്ചു.
39 "ഞങ്ങൾക്കു കഴിയും!" അവർ മറുപടി
പറഞ്ഞു. യേശു അവരോട്: "ഞാൻ കുടിക്കുന്ന
പാനപാത്രം നിങ്ങൾ കുടിക്കും; ഞാൻ ഏല്ക്കുന്ന
സ്നാനം നിങ്ങൾ ഏല്ക്കും; 40എന്നാൽ എൻെറ
വലത്തോ ഇടത്തോ ഇരിക്കാൻ അനുവദി
ക്കുന്നതു ഞാനല്ല; ഈ സ്ഥാനങ്ങൾ
ആർക്കുവേണ്ടി ഒരുക്കിയിരിക്കുന്നുവോ
അവർക്കുള്ളതാണ്" എന്നു പറഞ്ഞു.
41ഇതു കേട്ടപ്പോൾ മറ്റു പത്തുപേരും
യാക്കോബിനോടും യോഹന്നാനോടും നീരസ
പ്പെട്ടു. 42യേശു അവരെ തൻെറ അടുക്കൽ വിളിച്ച്
അവരോടു പറഞ്ഞു: "വിജാതീയരുടെ ഭരണ
കർത്താക്കളായി കരുതപ്പെടുന്നവർ അവരുടെ
മേൽ ആധിപത്യം നടത്തുന്നുവെന്നും അവരുടെ
പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോ
ഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ.
43നിങ്ങളുടെയിടയിൽ അതു പാടില്ല. നിങ്ങളിൽ
വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവൻ
നിങ്ങളുടെ ദാസൻ ആയിരിക്കണം; 44ഒന്നാമൻ
ആകുവാൻ ആഗ്രഹിക്കുന്നവനെല്ലാം നിങ്ങളുടെ
അടിമയാകണം. 45മനുഷ്യപുത്രൻ പോലും
വന്നതു സേവിക്കപ്പെടുവാനല്ല, സേവിക്കുവാനും
അനേകർക്കുവേണ്ടി തൻെറ ജീവനെ വീണ്ടെ
ടുപ്പു വിലയായി കൊടുക്കുവാനും അത്രേ".

*അന്ധനായ ബർത്തിമായിക്കു കാഴ്ച ലഭിക്കുന്നു*

46പിന്നീട് അവർ യെരീഹോവിൽ എത്തി.

[a] 24 ചില കയ്യെഴുത്തുപ്രതികളിൽ *ധനത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്*

യേശുവും ശിഷ്യന്മാരും ഒരു വലിയ ജനക്കൂട്ട
ത്തോടൊപ്പം നഗരം വിട്ടുപോകുമ്പോൾ തിമായി
യുടെ മകനായ ബർത്തിമായി എന്ന അന്ധനായ
മനുഷ്യൻ ഭിക്ഷ യാചിച്ചുകൊണ്ടു വഴിയരികിൽ
ഇരിക്കുകയായിരുന്നു. 47അതു നസറായനായ
യേശു ആകുന്നു എന്നു കേട്ടപ്പോൾ അയാൾ
"യേശുവേ, ദാവീദുപുത്രാ, എന്നോടു കരുണയു
ണ്ടാകണമേ" എന്ന് ഉച്ചത്തിൽ നിലവിളിച്ചു.
48മിണ്ടാതിരിക്കാൻ പലരും അയാളെ ശാസി
ച്ചു. എന്നാൽ അയാൾ, "ദാവീദുപുത്രാ, എന്നോടു
കരുണയുണ്ടാകണമേ" എന്ന് അധികം ഉച്ചത്തി
ൽ നിലവിളിച്ചു.
49യേശു അവിടെ നിന്നു; "അവനെ വിളിക്കുക"
എന്നു പറഞ്ഞു.
അവർ അന്ധനെ വിളിച്ച് അയാളോട്:
"ധൈര്യമായിരിക്കുക, എഴുന്നേല്ക്കുക, നിന്നെ
വിളിക്കുന്നു" എന്നു പറഞ്ഞു. 50അവൻ
പുറങ്കുപ്പായം വലിച്ചെറിഞ്ഞിട്ടു ചാടിയെണീറ്റ്
യേശുവിൻെറ അടുത്തെത്തി.
51"ഞാൻ നിനക്ക് എന്തു ചെയ്തു
തരണമെന്നാണു നീ ആഗ്രഹിക്കുന്നത്?" യേശു
ചോദിച്ചു. അന്ധനായ മനുഷ്യൻ, "ഗുരോ,
എനിക്കു കാഴ്ച കിട്ടണം" എന്നു പറഞ്ഞു.
52യേശു അയാളോട്: "പൊയ്ക്കൊള്ളുക,
നിൻെറ വിശ്വാസം നിന്നെ സൗഖ്യമാക്കി
യിരിക്കുന്നു" എന്നു പറഞ്ഞു. ഉടനേ അയാൾക്കു
കാഴ്ച ലഭിക്കുകയും അയാൾ യാത്രയിൽ
യേശുവിനെ അനുഗമിക്കുകയും ചെയ്തു.

*യെരൂശലേമിലേക്കുള്ള ജൈത്രയാത്ര*

11 അവർ യെരൂശലേമിനു സമീപം ഒലിവു
മലയുടെ അരികെയുള്ള ബേത്ത്ഫാ
ഗയിലും ബേഥാന്യയിലും എത്തിയപ്പോൾ യേശു
ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ചു ഇപ്രകാരം
പറഞ്ഞയച്ചു: 2"നിങ്ങൾക്കു മുമ്പിലുള്ള ഗ്രാമത്തി
ലേക്കു പോകുവിൻ. അതിൽ കടക്കുമ്പോൾത്ത
ന്നെ, അവിടെ ആരും ഒരിക്കലും കയറിയിട്ടില്ലാത്ത
ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും.
അതിനെ അഴിച്ചുകൊണ്ടുപോരുവിൻ. 3"നിങ്ങൾ
ഇങ്ങനെ ചെയ്യുന്നത് എന്ത്?" എന്ന് ആരെങ്കിലും
നിങ്ങളോടു ചോദിച്ചാൽ 'കർത്താവിന് ഇതിനെ
ആവശ്യമുണ്ട്; അവിടുന്ന് ഉടനേതന്നേ ഇതിനെ
ഇവിടെ തിരിച്ചയക്കും' എന്നു അയാളോടു
പറയുക."
4അവർ പോയി തെരുവിൽ വാതിലിനു പുറത്താ
യി ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കണ്ടു.
അവർ അതിനെ അഴിക്കുമ്പോൾ, 5അവിടെ
നിന്നിരുന്ന ചില ആളുകൾ: "നിങ്ങൾ എന്താണു
ചെയ്യുന്നത്? കഴുതക്കുട്ടിയെ അഴിക്കുന്നുവോ?"
എന്നു ചോദിച്ചു. 6യേശു പറഞ്ഞിരുന്നതുപോലെ
ശിഷ്യന്മാർ മറുപടി പറഞ്ഞു. അവർ അവരെ
പോകാൻ അനുവദിച്ചു. 7അവർ കഴുതക്കുട്ടിയെ
യേശുവിൻെറ അടുക്കൽ കൊണ്ടുവന്നു
തങ്ങളുടെ വസ്ത്രങ്ങൾ അതിൻെറ പുറത്തു
വിരിച്ചു. അദ്ദേഹം അതിന്മേൽ കയറിയിരുന്നു.
8പലരും തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ
വിരിച്ചു. ചിലർ പറമ്പുകളിൽനിന്നു ചില്ലി
ക്കൊമ്പുകൾ വെട്ടിക്കൊണ്ടുവന്നു നിരത്തി.
9മുമ്പിലും പിമ്പിലും നടന്നവർ ആർത്തുവിളിച്ചു:
"ഹോശന്നാ, കർത്താവിൻെറ നാമത്തിൽ
വരുന്നവൻ വാഴ്ത്തപ്പെട്ടവൻ [a]
10നമ്മുടെ പിതാവായ ദാവീദിൻെറ
വരുവാനുള്ള രാജ്യം വാഴ്ത്തപ്പെട്ടത്!
അത്യുന്നതങ്ങളിൽ ഹോശന്നാ!"
11യേശു യെരൂശലേമിൽ പ്രവേശിച്ചു
ദൈവാലയത്തിലേക്കു ചെന്നു. അദ്ദേഹം ചുറ്റു
മുള്ളതെല്ലാം നോക്കിക്കണ്ടു. എന്നാൽ നേരം
വൈകിയിരുന്നതുകൊണ്ട് പന്ത്രണ്ടു പേരോ
ടുകൂടെ ബേഥാന്യയിലേക്കു പോയി.

*യേശു ദൈവാലയം ശുദ്ധീകരിക്കുന്നു*

12അടുത്ത ദിവസം അവർ ബേഥാന്യ
വിട്ടുപോരുമ്പോൾ യേശുവിനു വിശന്നു.
13ഇലകൾ നിറഞ്ഞ ഒരു അത്തിമരം ദൂരെ കണ്ടിട്ട്
അദ്ദേഹം അതിൽ ഫലം വല്ലതും ഉണ്ടോ എന്നു
നോക്കുവാൻ ചെന്നു. എന്നാൽ അതിൻെറ
അടുത്ത് എത്തിയപ്പോൾ അതിൽ ഇലകളല്ലാതെ
ഒന്നും കണ്ടില്ല; അത് അത്തിപ്പഴത്തിൻെറ കാലം
ആയിരുന്നില്ല. 14അപ്പോൾ അദ്ദേഹം ആ
മരത്തോട്: "നിന്നിൽനിന്ന് ആരും ഇനിമേൽ ഫലം
തിന്നാതിരിക്കട്ടെ" എന്നു പറഞ്ഞു. അദ്ദേഹം
പറയുന്നതു ശിഷ്യന്മാർ കേട്ടു.
15യെരൂശലേമിൽ എത്തിയപ്പോൾ യേശു
ദൈവാലയാങ്കണത്തിൽ ചെന്ന് അവിടെ
വാങ്ങുകയും വില്ക്കുകയും ചെയ്തുകൊണ്ടി
രുന്നവരെ പുറത്താക്കിത്തുടങ്ങി. അദ്ദേഹം
നാണയം മാറിക്കൊടുക്കുന്നവരുടെ മേശകളും
പ്രാവുകളെ വില്ക്കുന്നവരുടെ ഇരിപ്പിടങ്ങളും
മറിച്ചിട്ടു; 16ദൈവാലയത്തിൽക്കൂടി കച്ചവട
സാധനങ്ങൾ ഒന്നും കൊണ്ടുപോകുവാൻ
ആരെയും അനുവദിച്ചില്ല. 17പിന്നീട്, അവരെ
ഇപ്രകാരം ഉപദേശിച്ചു:
"'എൻെറ ആലയം സകല ജനതകൾക്കുമുള്ള
പ്രാർത്ഥനാലയം [b] ' എന്നു വിളിക്കപ്പെടും എന്ന്
എഴുതിയിട്ടില്ലയോ? നിങ്ങളോ അതിനെ
കള്ളന്മാരുടെ ഗുഹ [c] ആക്കിയിരിക്കുന്നു."
18ഇതു കേട്ട് മുഖ്യപുരോഹിതന്മാരും
വേദജ്ഞരും അദ്ദേഹത്തെ കൊല്ലുവാനുള്ള
മാർഗ്ഗം അന്വേഷിച്ചു. ജനങ്ങളെല്ലാം അദ്ദേഹ
ത്തിൻെറ ഉപദേശത്തിൽ വിസ്മയിച്ചിരുന്നതു

[a] 9 സങ്കീർത്തനം 118:25,26 [b] 17 യെശയ്യാവ് 56:7 [c] 17 യിരെമ്യാവ് 7:11

കൊണ്ട് അവർ അദ്ദേഹത്തെ ഭയപ്പെട്ടു.
19സന്ധ്യയായപ്പോൾ അദ്ദേഹം[a] നഗരം
വിട്ടുപോയി.

*ഉണങ്ങിയ അത്തിമരം*

20രാവിലെ അവർ പോകുമ്പോൾ ആ അത്തി
വൃക്ഷം വേരോടെ ഉണങ്ങിപ്പോയിരിക്കുന്നതു
കണ്ടു. 21അപ്പോൾ പത്രൊസിന് ഓർമ്മ വന്നു;
അയാൾ യേശുവിനോടു പറഞ്ഞു: "ഗുരോ,
നോക്കൂ, അങ്ങു ശപിച്ച അത്തിവൃക്ഷം ഉണങ്ങി
പ്പോയിരിക്കുന്നു!"
22"ദൈവത്തിൽ വിശ്വാസമുള്ളവരായി
രിക്കുക"[b] യേശു ഉത്തരം പറഞ്ഞു: 23"സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു: ആരെങ്കിലും
തൻെറ ഹൃദയത്തിൽ സംശയിക്കാതെ ഈ
മലയോട്, 'ഇളകിപോയി കടലിൽ വീഴുക' എന്നു
പറയുകയും താൻ പറയുന്നതു സംഭവിക്കുമെന്നു
വിശ്വസിക്കുകയും ചെയ്താൽ അത് അവനു
സാധിക്കും. 24അതുകൊണ്ട് ഞാൻ നിങ്ങളോടു
പറയുന്നു: നിങ്ങൾ പ്രാർത്ഥനയിൽ യാചിക്കു
ന്നതെന്തും ലഭിച്ചു എന്നു വിശ്വസിപ്പിൻ, എന്നാൽ
അതു നിങ്ങൾക്കു ലഭിക്കും. 25നിങ്ങൾ
പ്രാർത്ഥിക്കുവാൻ നില്ക്കുമ്പോൾ, ആരോടെ
ങ്കിലും എന്തെങ്കിലും ഉണ്ടെങ്കിൽ അത് അവനോട്
ക്ഷമിക്കുവിൻ. 26അപ്പോൾ സ്വർഗ്ഗസ്ഥനായ
പിതാവ് നിങ്ങളുടെ പാപങ്ങൾ നിങ്ങളോടും
ക്ഷമിക്കും ."[c]

*യേശുവിൻെറ അധികാരം ചോദ്യം ചെയ്യപ്പെടുന്നു*

27അവർ വീണ്ടും യെരൂശലേമിൽ എത്തി.
യേശു ദൈവാലയത്തിൽ നടന്നുകൊണ്ടിരുന്നു.
മുഖ്യപുരോഹിതന്മാരും വേദജ്ഞരും മൂപ്പന്മാരും
അദ്ദേഹത്തിൻെറ അടുക്കൽ വന്നു. 28"എന്ത്
അധികാരത്താലാണ് താങ്കൾ ഈ കാര്യങ്ങൾ
ചെയ്യുന്നത്? ഇതു ചെയ്യാൻ താങ്കൾക്ക് ആരാണ്
അധികാരം നല്കിയത്?" അവർ ചോദിച്ചു.
29യേശു അതിന് ഉത്തരമായി: "ഞാനും
നിങ്ങളോട് ഒരു ചോദ്യം ചോദിക്കും, അതിനു
ത്തരം പറയുവിൻ; അപ്പോൾ, എന്ത് അധികാര
ത്താൽ ഞാൻ ഈ കാര്യങ്ങൾ ചെയ്യുന്നുവെന്നു
നിങ്ങളോടും പറയാം. 30യോഹന്നാൻെറ സ്നാനം
സ്വർഗ്ഗത്തിൽ നിന്നുള്ളതോ മനുഷ്യരിൽ
നിന്നുള്ളതോ? എന്നോടു പറയുക" എന്നു
പറഞ്ഞു
31അതിനെപ്പറ്റി അവർ പരസ്പരം പറഞ്ഞു:
'സ്വർഗ്ഗത്തിൽനിന്ന്' എന്നു നാം പറഞ്ഞാൽ,
'പിന്നെ അദ്ദേഹത്തിൽ നിങ്ങൾ വിശ്വസി
ക്കാതിരുന്നത് എന്തുകൊണ്ട്' എന്ന് അവൻ
നമ്മോടു ചോദിക്കും. 32'മനുഷ്യരിൽനിന്നുള്ളത്
എന്നു പറയുന്നെങ്കിലോ-' യോഹന്നാൻ
യഥാർത്ഥത്തിൽ ഒരു പ്രവാചകനായിരുന്നു എന്ന്
എല്ലാവരും കരുതിയിരുന്നതിനാൽ അവർ
ജനങ്ങളെ ഭയപ്പെട്ടു.
33അതുകൊണ്ട് അവർ യേശുവിനോട്:
"ഞങ്ങൾക്ക് അറിഞ്ഞുകൂടാ" എന്നു പറഞ്ഞു.
യേശു അവരോട്: "എങ്കിൽ എന്തധികാരം
കൊണ്ട് ഞാൻ ഈ കാര്യങ്ങൾ ചെയ്യുന്നുവെന്നു
ഞാനും നിങ്ങളോടു പറയുന്നില്ല" എന്നു
പറഞ്ഞു.

*കുടിയാന്മാരുടെ ഉപമ*

12 പിന്നീട് അദ്ദേഹം അവരോട് ഉപമക
ളിലൂടെ സംസാരിച്ചുതുടങ്ങി: "ഒരു
മനുഷ്യൻ ഒരു മുന്തിരിത്തോട്ടം നട്ടു പിടിപ്പിച്ചു.
അയാൾ അതിനുചുറ്റും വേലി കെട്ടി,
മുന്തിരിച്ചക്കും അവിടെ സ്ഥാപിച്ചു, ഒരു
കാവൽഗോപുരവും പണിതു. അതിനുശേഷം ആ
മുന്തിരിത്തോട്ടം ചില കൃഷിക്കാർക്കു പാട്ടത്തിനു
കൊടുത്തിട്ട് അദ്ദേഹം ദൂരസ്ഥലത്തേക്കു പോയി.
2വിളവെടുപ്പിൻെറ കാലം ആയപ്പോൾ, തോട്ട
ത്തിലെ ഫലത്തിൻെറ ഓഹരി കൃഷിക്കാരിൽ
നിന്നു വാങ്ങുവാൻ അദ്ദേഹം ഒരു ദാസനെ
അവരുടെ അടുക്കൽ അയച്ചു. 3എന്നാൽ അവർ
അവനെ പിടിച്ച് അടിക്കുകയും വെറുക്കൈയോടെ
മടക്കി അയയ്ക്കുകയും ചെയ്തു. 4വീണ്ടും അ
ദ്ദേഹം മറ്റൊരു ദാസനെ അവരുടെ അടുക്കൽ
അയച്ചു; അവർ ആ മനുഷ്യൻെറ തലയിൽ മുറി
വേല്പിക്കുകയും അവനെ അപമാനിക്കുകയും
ചെയ്തു. 5അദ്ദേഹം വീണ്ടും മറ്റൊരുവനെ
അയച്ചു; അവനെ അവർ കൊന്നുകളഞ്ഞു. മറ്റു
പലരെയും അദ്ദേഹം അയച്ചു; അവരിൽ ചിലരെ
അവർ അടിക്കുകയും ചിലരെ കൊല്ലുകയും
ചെയ്തു.
6"അദ്ദേഹത്തിന് ഇനി ഒരാളെമാത്രമേ
അയയ്ക്കുവാൻ ഉണ്ടായിരുന്നുള്ളു: താൻ
സ്നേഹിച്ച മകൻ. 'അവർ എൻെറ മകനെ
ആദരിക്കും' എന്നു പറഞ്ഞ് ഒടുവിൽ അദ്ദേഹം
അവനെ അയച്ചു. 7"എന്നാൽ കുടിയാന്മാർ
മകനെ കണ്ടപ്പോൾ, 'ഇവനാണ് അവകാശി. വരൂ,
നമുക്ക് ഇവനെ കൊന്ന് ഇവൻെറ അവകാശം
കൈക്കലാക്കാം' എന്നു തമ്മിൽത്തമ്മിൽ
പറഞ്ഞു. 8അങ്ങനെ അവർ അവനെ പിടിച്ചു
കൊന്നു മുന്തിരിത്തോട്ടത്തിനു വെളിയിൽ

[a] 19 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ *അവൻ*

[b] 22 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *നിങ്ങൾക്കു ദൈവത്തിൽ വിശ്വാസമുണ്ടെങ്കിൽ*

[c] 25 ചില കയ്യെഴുത്തുപ്രതികളിൽ, *ക്ഷമിക്കും. 26എന്നാൽ നിങ്ങൾ ക്ഷമിക്കുന്നില്ല എങ്കിൽ, സ്വർഗ്ഗത്തിലു ള്ള നിങ്ങളുടെ പിതാവ് നിങ്ങളുടെ പാപങ്ങളും ക്ഷമിക്കുകയില്ല*

എറിഞ്ഞു.
9 "മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ
അപ്പോൾ എന്തു ചെയ്യും? അദ്ദേഹം വന്ന് ആ
കുടിയാന്മാരെ കൊന്ന് തോട്ടം മറ്റുള്ളവരെ
ഏല്പിക്കും.
10 "പണിയുന്നവർ തള്ളിക്കളഞ്ഞ കല്ല്
മൂലക്കല്ലായിത്തീർന്നിരിക്കുന്നു;
11 ഇത് കർത്താവു ചെയ്തു,
നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യകരവുമായി
രിക്കുന്നു'[a] എന്നുള്ള തിരുവെഴുത്തു നിങ്ങൾ
വായിച്ചിട്ടില്ലേ?"
12 ഈ ഉപമ തങ്ങളെക്കുറിച്ചാണു അദ്ദേഹം
പറഞ്ഞതെന്നു മനസ്സിലാക്കി നേതാക്കന്മാർ
അദ്ദേഹത്തെ തടവിലാക്കുവാൻ മാർഗ്ഗം
അന്വേഷിച്ചു. എന്നാൽ ജനക്കൂട്ടത്തെ അവർ
ഭയന്നു. അതുകൊണ്ട് അവർ അദ്ദേഹത്തെ
വിട്ടുപോയി.

*കൈസർക്കു കരം കൊടുക്കുന്നത്*

13 പിന്നീട് അവർ യേശുവിനെ വാക്കുകളിൽ
കുടുക്കുന്നതിനു ചില പരീശരെയും ഹെരോ
ദ്യരെയും അദ്ദേഹത്തിൻെറ അടുക്കൽ അയച്ചു.
14 അവർ വന്ന് അദ്ദേഹത്തോട്: "ഗുരോ, അങ്ങു
സത്യവാനും ആരുടെയും മുഖംനോക്കാത്തവനും
ആരോടും പക്ഷപാതം കാണിക്കാതെ ദൈവത്തി
ൻെറ വഴി സത്യമായി പഠിപ്പിക്കുന്നവനുമെന്നു
ഞങ്ങൾക്കറിയാം. കൈസർക്കു കരം കൊടു
ക്കുന്നതു ന്യായമോ ന്യായരഹിതമോ?
" 15 ഞങ്ങൾ കൊടുക്കണമോ കൊടുക്കാതിരി
ക്കണമോ? " എന്നു ചോദിച്ചു.
യേശു അവരുടെ കാപട്യം മനസ്സിലാക്കി
ചോദിച്ചു: "നിങ്ങൾ എന്നെ പരീക്ഷിക്കു
ന്നതെന്ത്?" ഒരു ദിനാർ കൊണ്ടുവരൂ, അതു
ഞാൻ നോക്കട്ടെ." 16 അവർ ഒരു നാണയം
കൊണ്ടു വന്നു. അദ്ദേഹം അവരോട്: "ഈ
ചിത്രവും മേലെഴുത്തും ആരുടേത്?" എന്നു
ചോദിച്ചു.
"കൈസരുടേത്" അവർ ഉത്തരം പറഞ്ഞു.
17 അപ്പോൾ യേശു അവരോട്: "കൈസർ
ക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു
ദൈവത്തിനും കൊടുക്കുവിൻ" എന്നു പറഞ്ഞു.
അവർ അദ്ദേഹത്തെക്കുറിച്ച് ആശ്ചര്യപ്പെട്ടു.

*പുനരുത്ഥാനത്തെപ്പറ്റി*

18 പുനരുത്ഥാനം ഇല്ല എന്നു പറയുന്ന
സദൂക്യർ ഒരു ചോദ്യവുമായി അദ്ദേഹത്തിൻെറ
അടുക്കൽ വന്നു. 19 അവർ അദ്ദേഹത്തോട്
ഇങ്ങനെ ചോദിച്ചു: "ഗുരോ, ഒരു മനുഷ്യൻെറ
സഹോദരൻ മക്കളില്ലാതെ മരിക്കുകയും ഭാര്യ
ജീവിച്ചിരിക്കുകയും ചെയ്താൽ ആ വിധവയെ
സഹോദരൻ വിവാഹം ചെയ്തു തൻെറ മരിച്ചു
പോയ സഹോദരനുവേണ്ടി സന്താനങ്ങളെ
ജനിപ്പിക്കണം എന്നു മോശെ എഴുതിയിട്ടുണ്ടല്ലോ.
20 ഒരിടത്ത് ഏഴു സഹോദരന്മാർ ഉണ്ടായിരുന്നു.
ഒന്നാമൻ വിവാഹം ചെയ്തു; മക്കളില്ലാതെ മരിച്ചു.
21 രണ്ടാമൻ ആ വിധവയെ വിവാഹം ചെയ്തു;
അയാളും സന്തതിയില്ലാതെ മരിച്ചു. മൂന്നാമനും
അങ്ങനെ തന്നേ. 22 ഏഴു പേരും സന്താന
ങ്ങളില്ലാതെ മരിച്ചു; ഒടുവിൽ ആ സ്ത്രീയും
മരിച്ചു. 23 പുനരുത്ഥാനത്തിൽ അവൾ ആരുടെ
ഭാര്യയായിരിക്കും? ഏഴുപേരും അവളെ വിവാഹം
ചെയ്തിരുന്നുവല്ലോ.
24 യേശു മറുപടി പറഞ്ഞു: "തിരുവെഴുത്തുക
ളെയും ദൈവശക്തിയെയും മനസ്സിലാക്കാത്ത
തുകൊണ്ടല്ലേ, നിങ്ങൾക്കു തെറ്റു പറ്റുന്നത്?
25 മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുമ്പോൾ
വിവാഹം ചെയ്യുന്നില്ല; വിവാഹത്തിനു കൊടുക്ക
പ്പെടുന്നതുമില്ല; അവർ സ്വർഗ്ഗത്തിലെ
ദൂതന്മാരെപ്പോലെ ആയിരിക്കും. 26 മരിച്ചവരുടെ
പുനരുത്ഥാനത്തെക്കുറിച്ചു മോശെയുടെ
പുസ്തകത്തിൽ, മുൾപ്പടർപ്പിനെക്കുറിച്ചുള്ള
വിവരണത്തിൽ 'ഞാൻ അബ്രാഹാമിൻെറ
ദൈവവും യിസ്ഹാക്കിൻെറ ദൈവവും
യാക്കോബിൻെറ ദൈവവും ആകുന്നു' എന്നു
ദൈവം മോശെയോടു അരുളിച്ചെയ്തിരിക്കുന്നതു
നിങ്ങൾ വായിച്ചിട്ടില്ലേ? 27 അവിടുന്ന് മരിച്ചവരുടെ
ദൈവമല്ല, ജീവിക്കുന്നവരുടെ ദൈവമത്രേ.
നിങ്ങൾ വളരെ തെറ്റിപ്പോകുന്നു.

*ഏറ്റവും പ്രധാനപ്പെട്ട കല്പന*

28 വേദജ്ഞരിൽ ഒരാൾ വന്ന് അവർ ചർച്ച
ചെയ്തുകൊണ്ടിരുന്നതു കേട്ടു. യേശു അവർക്കു
നല്ല മറുപടി കൊടുത്തതു ശ്രദ്ധിച്ചിട്ട് അയാൾ
യേശുവിനോട്: "എല്ലാറ്റിലും വലിയ കല്പന
ഏതാണ്" എന്നു ചോദിച്ചു.
29 അതിനു യേശു ഉത്തരം പറഞ്ഞു, "ഏറ്റവും
പ്രധാനപ്പെട്ട കല്പന ഇതാണ്: "അല്ലയോ,
യിസ്രായേലേ, കേൾക്കുക, നമ്മുടെ ദൈവമായ
കർത്താവാണ് ഏക കർത്താവ്; 30 നിൻെറ ദൈവ
മായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും
പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും
പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം.[b]
31 രണ്ടാമത്തേത്, "നിൻെറ അയല്ക്കാരനെ
നിന്നെപ്പോലെതന്നേ സ്നേഹിക്കണം" [c]
എന്നതാണ്. ഇവയെക്കാൾ വലിയ കല്പന
വേറെ ഇല്ല."
32 അയാൾ യേശുവിനോട് : "ഗുരോ, അങ്ങു
പറഞ്ഞതു ശരി; ദൈവം ഏകനെന്നും അവിടു
ന്നല്ലാതെ മറ്റാരുമില്ലെന്നും അങ്ങു പറഞ്ഞതു
ശരിതന്നേ. 33 പൂർണ്ണഹൃദയത്തോടും പൂർണ്ണ

[a] 11 സങ്കീർത്തനം 118:22,23 [b] 30 ആവർത്തനം 6:4,5 [c] 31 ലേവ്യ 19:18

മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ
ദൈവത്തെ സ്നേഹിക്കുന്നതും തന്നെപ്പോലെ
തന്നേ തൻെറ അയല്ക്കാരനെ സ്നേഹിക്കു
ന്നതും എല്ലാ ഹോമയാഗങ്ങളെക്കാളും
ബലികളെക്കാളും അധികം പ്രാധാന്യമുള്ള
താണ്" എന്നു മറുപടി പറഞ്ഞു.
34അയാൾ വിവേകപൂർവ്വം മറുപടി പറഞ്ഞു
എന്നു കണ്ടിട്ട് യേശു: "നീ ദൈവരാജ്യത്തിൽ
നിന്ന് അകലെയല്ല" എന്നു പറഞ്ഞു. പിന്നീട്
അദ്ദേഹത്തോട് ഒരു ചോദ്യവും ചോദിക്കാൻ
ആരും മുതിർന്നില്ല.

*ക്രിസ്തു ആരുടെ പുത്രൻ?*

35ദൈവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്ന
പ്പോൾ യേശു ഇങ്ങനെ ചോദിച്ചു: "ക്രിസ്തു
ദാവീദിൻെറ പുത്രനെന്നു വേദജ്ഞർ പറയുന്നത്
എങ്ങനെ? 36ദാവീദു പരിശുദ്ധാത്മാവിനാൽ
പ്രേരിതനായി,

" 'ഞാൻ നിൻെറ ശത്രുക്കളെ നിൻെറ
കാല്ക്കീഴിൽ ആക്കുന്നതുവരെ നീ
എൻെറ വലത്തുഭാഗത്തിരിക്കുക'
എന്നു കർത്താവു എൻെറ
കർത്താവിനോട് അരുളിച്ചെയ്തു"[a]
എന്നു പ്രസ്താവിച്ചുവല്ലോ!

37ദാവീദുതന്നേ അദ്ദേഹത്തെ 'കർത്താവ്'
എന്നു വിളിക്കുന്നുവെങ്കിൽ അദ്ദേഹം ദാവീദിൻെറ
പുത്രൻ ആകുന്നതെങ്ങനെ?"
ആ വലിയ ജനക്കൂട്ടം അദ്ദേഹത്തിൻെറ
വാക്കുകൾ സന്തോഷത്തോടെ കേട്ടു.
38യേശു പഠിപ്പിക്കുന്നതിനിടയിൽ ഇങ്ങനെ
പറഞ്ഞു: "വേദജ്ഞരെ സൂക്ഷിച്ചുകൊള്ളുക.
അവർ നീണ്ട അങ്കി ധരിച്ചുകൊണ്ടു നടക്കുവാനും
ചന്തസ്ഥലങ്ങളിൽ അഭിവാദനം ലഭിക്കുവാനും
39പള്ളികളിൽ പ്രധാന ഇരിപ്പിടങ്ങളും
വിരുന്നുകളിൽ മുഖ്യസ്ഥാനങ്ങളും കരസ്ഥ
മാക്കുവാനും ആഗ്രഹിക്കുന്നു. 40അവർ
വിധവമാരുടെ വീടുകൾ വിഴുങ്ങുകയും കപടമാ
യിനീണ്ട പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുന്നു.
ഇവർക്കു കഠിനമായ ശിക്ഷാവിധി ലഭിക്കും."

*വിധവയുടെ വഴിപാട്*

41വഴിപാടുകൾ അർപ്പിക്കുന്ന സ്ഥലത്തിനു
എതിരേ ഇരുന്നുകൊണ്ട് ജനക്കൂട്ടം ദൈവാ
ലയഭണ്ഡാരത്തിൽ പണം ഇടുന്നതു യേശു
ശ്രദ്ധിച്ചു. ധനവാന്മാർ പലരും വൻതുകകൾ ഇട്ടു.
42എന്നാൽ ഒരു വിധവ വന്നു വളരെ ചെറിയ
രണ്ടു ചെമ്പുനാണയങ്ങൾ [b] ഇട്ടു. അതിന് ഒരു
പൈസയുടെ [c] വിലമാത്രമേ ഉണ്ടായിരുന്നുള്ളൂ.
43യേശു ശിഷ്യന്മാരെ അടുക്കൽ വിളിച്ച്
അവരോട്: "ഭണ്ഡാരത്തിൽ മറ്റെല്ലാവരും
ഇട്ടതിലും അധികം ഈ പാവപ്പെട്ട വിധവ
ഇട്ടിരിക്കുന്നു എന്നു സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു. 44അവർ എല്ലാവരും
തങ്ങളുടെ സമൃദ്ധിയിൽനിന്നു കൊടുത്തു;
ഇവളോ, ഇവളുടെ ദാരിദ്ര്യത്തിൽനിന്ന്, തൻെറ
ഉപജീവനത്തിനുള്ള വക മുഴുവൻ ഇട്ടിരിക്കുന്നു"
എന്നു പറഞ്ഞു.

*യുഗാന്ത്യത്തിൻെറ അടയാളങ്ങൾ*

13 യേശു ദൈവാലയം വിട്ടുപോകുമ്പോൾ
ശിഷ്യന്മാരിൽ ഒരുവൻ, "ഗുരോ, നോക്കൂ,
എന്തു വലിപ്പമുള്ള കല്ലുകൾ! എത്ര പ്രൗഢിയുള്ള
കെട്ടിടങ്ങൾ!" എന്നു പറഞ്ഞു. 2യേശു
അയാളോട്: "നീ ഈ മഹാസൗധങ്ങൾ കാണു
ന്നുവോ? കല്ലു കല്ലിന്മേൽ ശേഷിക്കാതെ ഇ
തെല്ലാം തകർക്കപ്പെടും." എന്ന് ഉത്തരം പറഞ്ഞു.
3ദൈവാലയത്തിന് എതിരേയുള്ള ഒലിവു
മലയിൽ യേശു ഇരിക്കുമ്പോൾ പത്രൊസും
യാക്കോബും യോഹന്നാനും അന്ത്രെയാസും
അദ്ദേഹത്തോടു സ്വകാര്യമായി ചോദിച്ചു: 4"അത്
എപ്പോൾ സംഭവിക്കും? ഇവ സംഭവിക്കാൻ പോ
കുന്നതിൻെറ അടയാളം എന്തായിരിക്കുമെന്ന്
ഞങ്ങൾക്കു പറഞ്ഞുതന്നാലും."
5യേശു അവരോടു പറഞ്ഞു: "ആരും നിങ്ങളെ
വഴി തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചു
കൊള്ളുവിൻ. 6 'ഞാൻ തന്നെയാണു ക്രിസ്തു'
എന്ന് അവകാശപ്പെട്ടുകൊണ്ട് എൻെറ
നാമത്തിൽ പലരും വരികയും അനേകരെ
വഴിതെറ്റിക്കുകയും ചെയ്യും. 7നിങ്ങൾ യുദ്ധങ്ങ
ളെക്കുറിച്ചും യുദ്ധശ്രുതികളെക്കുറിച്ചും
കേൾക്കുമ്പോൾ പരിഭ്രാന്തരാകരുത്. അവ
സംഭവിക്കേണ്ടതാണ്. എന്നാൽ അന്ത്യം വരാ
നിരിക്കുന്നതേയുള്ളൂ. 8ജാതി ജാതിയോടും
രാഷ്ട്രം രാഷ്ട്രത്തോടും കലഹിക്കും. പല
സ്ഥലങ്ങളിലും ഭൂകമ്പവും ക്ഷാമവും ഉണ്ടാകും.
ഇവ ഈറ്റുനോവിൻെറ ആരംഭം മാത്രം.
9"നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം.
നിങ്ങളെ ന്യായാധിപസമിതികൾക്ക് ഏല്പിച്ചു
കൊടുക്കുകയും പള്ളികളിൽവച്ചു ചാട്ടവാറു
കൊണ്ട് അടിക്കുകയും ചെയ്യും. ഞാൻ നിമിത്തം
നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ,
അവർക്കു സാക്ഷ്യത്തിനായി നിങ്ങളെ നിറുത്തും.
10എന്നാൽ സകലജനതകളോടും സുവിശേഷം
പ്രസംഗിക്കപ്പെടേണ്ടതാണ്. 11അവർ നിങ്ങളെ
കൊണ്ടുപോയി കുറ്റവിചാരണയ്ക്ക് ഏല്പി
ക്കുമ്പോൾ, എന്താണു പറയേണ്ടതെന്നു
മുൻകൂട്ടി ചിന്തിച്ചു ഭാരപ്പെടരുത്. ആ സമയത്ത്
നിങ്ങൾക്കു നല്കപ്പെടുന്നതെന്തോ അതു
പറയുക; എന്തെന്നാൽ നിങ്ങളല്ല, പരിശുദ്ധാ
ത്മാവാണ് സംസാരിക്കുന്നത്.

[a] 36 സങ്കീർത്തനം 110:1 [b] 42 ഗ്രീക്കിൽ രണ്ടു ലപ്ത [c] 42 ഗ്രീക്കിൽ കൊദ്രാൻറ്

12"സഹോദരൻസഹോദരനെയുംപിതാവുമക
നെയും മരണത്തിന് ഒറ്റിക്കൊടുക്കും. മക്കൾ
അമ്മയപ്പന്മാരെ എതിർക്കുകയും അവരെ
കൊല്ലിക്കുകയും ചെയ്യും. 13എൻെറ നാമം
നിമിത്തം എല്ലാ മനുഷ്യരും നിങ്ങളെ വെറുക്കും;
എന്നാൽ അന്ത്യംവരെയും സഹിച്ചു നില്ക്കുന്ന
വൻ രക്ഷിക്കപ്പെടും.

14"എന്നാൽ ശൂന്യമാക്കുന്ന മ്ളേച്ഛത[a]
നില്ക്കരുതാത്ത സ്ഥാനത്തു നില്ക്കുന്നതു
നിങ്ങൾ കാണുമ്പോൾ - വായിക്കുന്നവൻ മന
സ്സിലാക്കിക്കൊള്ളട്ടെ- അപ്പോൾ, യഹൂദ്യയിൽ
ഉള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ.
15വീടിൻെറ മട്ടുപ്പാവിൽ ഇരിക്കുന്നവൻ താഴെ
ഇറങ്ങുകയോ എന്തെങ്കിലും എടുക്കുവാൻ
വീട്ടിനുള്ളിൽ കടക്കുകയോ അരുത്. 16വയലിൽ
നില്ക്കുന്നവൻ മേലങ്കി എടുക്കാൻ തിരിച്ചു
പോകരുത്. 17ആ ദിവസങ്ങളിൽ
ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും
ഹാ കഷ്ടം! 18ശീതകാലത്തു ഇതു സംഭവി
ക്കാതിരിക്കാൻ പ്രാർത്ഥിക്കുവിൻ. 19എന്തുകൊ
ണ്ടെന്നാൽ ദൈവം ലോകത്തെ സൃഷ്ടിച്ച കാലം
മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും ഇനി
യൊരിക്കലും ഉണ്ടാകാത്തതുമായ പീഡന
ത്തിൻെറ നാളുകൾ ആയിരിക്കും അവ.
20കർത്താവ് ആ ദിവസങ്ങൾ പരിമിതപ്പെടുത്തി
യില്ലെങ്കിൽ ആരും രക്ഷിക്കപ്പെടുകയില്ല; എന്നാൽ
താൻ തിരഞ്ഞെടുത്തിട്ടുള്ളവർക്കുവേണ്ടി
കർത്താവ് ആ നാളുകൾ പരിമിതപ്പെടുത്തി
യിരിക്കുന്നു. 21'ഇതാ ക്രിസ്തു ഇവിടെ' എന്നോ
'അതാ! അവിടെ' എന്നോ ആരെങ്കിലും അന്ന്
നിങ്ങളോടു പറഞ്ഞാൽ അതു വിശ്വസിക്കരുത്.
22സാധിക്കുമെങ്കിൽ, തിരഞ്ഞെടുക്കപ്പെട്ടവരെ
പ്പോലും, വഴിതെറ്റിക്കുന്നതിനുവേണ്ടി കള്ള
ക്രിസ്തുക്കളും കള്ളപ്രവാചകന്മാരും വന്ന്
അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കും.
23ആകയാൽ ജാഗ്രത പാലിക്കുവിൻ; ഞാൻ
നിങ്ങളെ സകലവും മുൻകൂട്ടി അറിയിച്ചിരിക്കുന്നു.

24 'ഈ ദുരിതങ്ങൾക്കുശേഷം,
ആ നാളുകളിൽ
'സൂര്യൻ ഇരുണ്ടുപോകും;
ചന്ദ്രൻ വെളിച്ചം തരികയില്ല.
25 നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും.
ആകാശഗോളങ്ങൾ ഇളകും.'[b]

26"അപ്പോൾ മനുഷ്യപുത്രൻ മഹാശക്തി
യോടും തേജസ്സോടുംകൂടെ മേഘങ്ങളിൽ വരു
ന്നതു മനുഷ്യർ കാണും. 27അദ്ദേഹം തൻെറ
ദൂതന്മാരെ അയച്ച്, താൻ തിരഞ്ഞെടുത്തിട്ടു
ള്ളവരെ, ഭൂമിയുടെയും ആകാശത്തിൻെറയും
അതിരുകൾവരെയുള്ള നാലു ദിക്കുകളിൽനിന്നു
കൂട്ടിച്ചേർക്കും.

28"അത്തിമരത്തിൽനിന്ന് ഈ പാഠം പഠി
ക്കുവിൻ. അതിൻെറ ചില്ലകൾ ഇളതാവുകയും
തളിർക്കുകയും ചെയ്യുമ്പോൾ വേനല്ക്കാലം
അടുത്തിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം.
29അതുപോലെ, ഈ കാര്യങ്ങളെല്ലാം കാണു
മ്പോൾ അദ്ദേഹം അടുത്ത്, വാതില്ക്കൽത്തന്നെ
എത്തിയിരിക്കുന്നുവെന്നു ധരിച്ചുകൊള്ളുവിൻ.
30ഈ കാര്യങ്ങളൊക്കെയും സംഭവിച്ചു
കഴിഞ്ഞല്ലാതെ ഈ തലമുറ[c] നിശ്ചയമായും
കടന്നു പോവുകയില്ല എന്നു സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു. 31ആകാശവും ഭൂമിയും
മാറിപ്പോകും; എൻെറ വചനങ്ങളോ ഒരുനാളും
മാറിപ്പോവുകയില്ല.

*നാളും നാഴികയും ആരും അറിയുന്നില്ല*

32"എന്നാൽ പിതാവല്ലാതെ സ്വർഗ്ഗത്തിലെ
ദൂതന്മാരോ പുത്രൻപോലുമോ ആ നാളും
നാഴികയും അറിയുന്നില്ല. 33സൂക്ഷിച്ചു
കൊൾവിൻ! ജാഗ്രതയോടെയിരിപ്പിൻ[d] ആ
സമയം എപ്പോൾ വരുന്നുവെന്നു നിങ്ങൾക്ക്
അറിഞ്ഞുകൂടല്ലോ. 34ഒരു മനുഷ്യൻ തൻെറ വീടു
ദാസന്മാരെ ഏല്പിച്ചിട്ടു ദൂരേയ്ക്കു പോകു
ന്നതുപോലെയാകുന്നു അത്. അയാൾ ദാസന്മാ
രെ ഓരോരുത്തരെയും ഓരോ ജോലി ഏല്പിക്കു
കയും വാതിൽകാവൽക്കാരനോടു ജാഗ്രതയോ
ടെ ഇരിക്കുവാൻ കല്പിക്കുകയും ചെയ്യുന്നു.

35"വീടിൻെറ ഉടമസ്ഥൻ തിരികെ വരുന്നത്
എപ്പോഴാണെന്ന് അറിയാത്തതുകൊണ്ട്
ജാഗ്രതയോടെ ഇരിക്കുവിൻ. അത് സന്ധ്യയ്ക്കോ
അർദ്ധരാത്രിയിലോ കോഴി കൂവുമ്പോഴോ
പുലർച്ചയ്ക്കോ ആയിരിക്കാം. എപ്പോഴാണെന്ന്
നിങ്ങൾ അറിയാത്തതുകൊണ്ടു ജാഗ്രത
യുള്ളവരായിരിപ്പിൻ. 36അദ്ദേഹം പെട്ടെന്നു
വരുന്നുവെങ്കിൽ നിങ്ങളെ ഉറങ്ങുന്നവരായി
കാണരുത്. 37നിങ്ങളോടു പറയുന്നതുതന്നേ
ഞാൻ എല്ലാവരോടും പറയുന്നു: 'ജാഗ്രത
യോടെയിരിപ്പിൻ'"

*ബേഥാന്യയിൽ യേശുവിനെ*
*തൈലം പൂശുന്നു*

14 പെസഹായ്ക്കും പുളിപ്പില്ലാത്ത അപ്പ
ത്തിൻെറ പെരുന്നാളിനും രണ്ടു ദിവസം
കൂടി മാത്രമേ ഉണ്ടായിരുന്നുള്ളു. മുഖ്യപുരോ
ഹിതന്മാരും വേദജ്ഞരും യേശുവിനെ ചതിവിൽ
പിടികൂടി കൊല്ലുന്നതിനെപ്പറ്റി ആലോചിച്ചുകൊ
ണ്ടിരുന്നു. 2"എന്നാൽ ഉത്സവ കാലത്തു വേണ്ടാ,
ജനങ്ങൾ കലാപമുണ്ടാക്കും" അവർ പറഞ്ഞു.
3അദ്ദേഹം ബേഥാന്യയിൽ കുഷ്ഠരോഗിയായ

*a* 14 ദാനീയേൽ 9:27, 11:31, 12:11 *b* 25 യെശയ്യാവ് 13:10, 34:4 *c* 30 അഥവാ, *ജാതി*
*d* 33 ചില കയ്യെഴുത്തുപ്രതികളിൽ *ജാഗ്രതയോടെ ഇരുന്നു പ്രാർത്ഥിപ്പിൻ*

ശിമോൻെറ വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ
ഒരു സ്ത്രീ, വിലയേറിയ സ്വച്ഛജടാമാംസി
തൈലം നിറച്ച ഒരു വെൺകൽഭരണിയുമായി
വന്നു. അവൾ ഭരണി പൊട്ടിച്ച് തൈലം അദ്ദേഹ
ത്തിൻെറ ശിരസ്സിൽ ഒഴിച്ചു.
4സന്നിഹിതരായിരുന്നവരിൽ ചിലർ പരസ്
പരം: "ഈ സുഗന്ധതൈലം പാഴാക്കിയതെന്തിന്?
5ഇതു മുന്നൂറിലധികം ദിനാറിനു[a] വിറ്റു പണം
ദരിദ്രർക്കു കൊടുക്കാമായിരുന്നല്ലോ" എന്നു
നീരസത്തോടെ പറഞ്ഞ് അവളെ ഭർത്സിച്ചു.
6"അവളെ വെറുതേ വിട്ടേക്കുക" യേശു
പറഞ്ഞു: "നിങ്ങൾ അവളെ അസഹ്യപ്പെടുത്തു
ന്നത് എന്തിന്? അവൾ എനിക്കുവേണ്ടി ഒരു നല്ല
കാര്യമല്ലോ ചെയ്തിരിക്കുന്നത്. 7ദരിദ്രർ എ
പ്പോഴും നിങ്ങളുടെ അടുക്കൽ ഉണ്ടായിരിക്കും.
അവരെ നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും
സഹായിക്കാം. എന്നാൽ ഞാൻ നിങ്ങളുടെ കൂടെ
എപ്പോഴും ഉണ്ടായിരിക്കുകയില്ല. 8 തനിക്കു കഴി
വുള്ളതു അവൾ ചെയ്തു. എൻെറ ശവസംസ്
കാരത്തിനുള്ള ഒരുക്കമായി അവൾ മുൻകൂട്ടി എ
ൻെറ ശരീരത്തിൽ തൈലം പൂശിയിരിക്കുയാണ്.
9"ഭൂലോകത്തിൽ എവിടെയെല്ലാം സുവി
ശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം,
അവൾ ചെയ്തതും അവളുടെ സ്മരണയ്ക്കായി
പ്രസ്താവിക്കപ്പെടും എന്നു സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു."
10പിന്നീട് പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ
ഈസ്ക്കര്യോത്താവ് യേശുവിനെ മുഖ്യ
പുരോഹിതന്മാർക്ക് ഒററിക്കൊടുക്കുന്നതിനു
വേണ്ടി അവരുടെ അടുത്തേക്കു പോയി. 11അവർ
ഇതുകേട്ടു സന്തോഷിച്ച് അയാൾക്കു പണം
കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. അയാൾ
അദ്ദേഹത്തെ ഏല്പിച്ചുകൊടുക്കുവാൻ തക്കം
നോക്കിക്കൊണ്ടിരുന്നു.

*കർത്താവിൻെറ അത്താഴം*

12പെസഹാക്കുഞ്ഞാടിനെ അറുക്കുന്ന
പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരുന്നാളിൻെറ
ഒന്നാംനാൾ, ശിഷ്യന്മാർ യേശുവിനോട്:
"അങ്ങേയ്ക്കു പെസഹാ ഭക്ഷിപ്പാൻ ഞങ്ങൾ
അത് എവിടെ ഒരുക്കണമെന്നാണ് അങ്ങ്
ആഗ്രഹിക്കുന്നത്?" എന്നു ചോദിച്ചു.
13അദ്ദേഹം ശിഷ്യന്മാരിൽ രണ്ടുപേരെ വിളിച്ച്
അവരോട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ
നഗരത്തിലേക്കു പോകുവിൻ; ഒരു കുടംവെള്ളം
ചുമന്നുകൊണ്ടു വരുന്ന ഒരു മനുഷ്യൻ
നിങ്ങൾക്ക് അഭിമുഖമായി വരും. അയാളുടെ
പിന്നാലെ ചെല്ലുവിൻ. 14അയാൾ പ്രവേശിക്കുന്ന
വീടിൻെറ ഉടയവനോട്: "എൻെറ ശിഷ്യ
ന്മാരുമായി ഞാൻ പെസഹാ ഭക്ഷിക്കാനുള്ള
അതിഥിശാല എവിടെയാണ് എന്നു ഗുരു
ചോദിക്കുന്നു" എന്നുപറവിൻ. 15അയാൾ
നിങ്ങൾക്കു വിരിച്ചൊരുക്കിയ വിശാലമായ ഒരു
മാളികമുറി കാണിച്ചുതരും. അവിടെ നമുക്കു
വേണ്ടി ഒരുക്കങ്ങൾ ചെയ്വിൻ" എന്നു പറഞ്ഞു.
16ശിഷ്യന്മാർ നഗരത്തിലെത്തി; യേശു
തങ്ങളോടു പറഞ്ഞിരുന്നതുപോലെ എല്ലാം
കണ്ടു. അവിടെ അവർ പെസഹാ ഒരുക്കി.
17സന്ധ്യയായപ്പോൾ, യേശു പന്ത്രണ്ടു
പേരോടുകൂടെ അവിടെ എത്തി. 18അവർ
ഭക്ഷണത്തിനിരിക്കുമ്പോൾ യേശു: "സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ
– എന്നോടുകൂടെ ഭക്ഷിച്ചുകൊണ്ടിരിക്കുന്ന
ഒരുവൻതന്നേ – എന്നെ ഒറ്റിക്കൊടുക്കും" എന്നു
പറഞ്ഞു.
19അവർ ദുഃഖിതരായി; ഓരോരുത്തൻ 'ഞാ
നോ' 'ഞാനോ' എന്ന് അദ്ദേഹത്തോടു ചോദി
ച്ചുതുടങ്ങി.
20യേശു അവരോട്: "അതു പന്ത്രണ്ടുപേരിൽ
ഒരാൾ തന്നെയാണ്, എന്നോടു കൂടെ
പാത്രത്തിൽ അപ്പം മുക്കുന്നവൻതന്നേ. 21തന്നെ
ക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യ
പുത്രൻ പോകുന്നു; എങ്കിലും അവനെ ഒറ്റിക്കൊ
ടുക്കുന്നവന് ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാ
തിരുന്നുവെങ്കിൽ അവന് ഏറെ നന്നായിരുന്നു.
22അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം
എടുത്തു വാഴ്ത്തി നുറുക്കി, ശിഷ്യന്മാർക്കു കൊ
ടുത്തുകൊണ്ടു പറഞ്ഞു: "വാങ്ങുവിൻ; ഇത്
എൻെറ ശരീരം ആകുന്നു."
23പിന്നെ അദ്ദേഹം പാനപാത്രം എടുത്തു
വാഴ്ത്തി അവർക്കു കൊടുത്തു; അവരെല്ലാവരും
അതിൽ നിന്നു കുടിച്ചു.
24അദ്ദേഹം അവരോട് : "ഇത് എൻെറ രക്തം
ആകുന്നു- അനേകർക്കുവേണ്ടി ചൊരിയപ്പെടു
ന്ന, ഉടമ്പടിയുടെ[b] രക്തം. 25സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: ദൈവരാജ്യത്തിൽ
പുതുതായി അതു കുടിക്കുന്ന നാൾവരെ
മുന്തിരിവള്ളിയുടെ ഫലത്തിൽനിന്നു ഞാൻ
ഇനി കുടിക്കുകയില്ല" എന്നു പറഞ്ഞു.
26അവർ ഒരു സ്തോത്രഗീതം പാടിയതിനു
ശേഷം ഒലിവുമലയിലേക്കു പോയി.

*പത്രൊസ് തള്ളിപ്പറയുമെന്ന് യേശു മുൻകൂട്ടി പറയുന്നു*

27യേശു അവരോടു പറഞ്ഞു: "നിങ്ങൾ
എല്ലാവരും ഇടറിപ്പോകും;
'ഞാൻ ഇടയനെവെട്ടും,
ആടുകൾ ചിതറിപ്പോകും.'[c]

[a] 5 അതായത്, ഒരു വർഷത്തെ കൂലിക്കുമുകളിൽ വരുന്ന ഒരു തുക [b] 24 ചില കയ്യെഴുത്തുപ്രതികളിൽ *പുതിയ ഉടമ്പടിയുടെ* [c] 27 സെഖര്യാവ് 13:7

എന്ന് എഴുതിയിരിക്കുന്നുവല്ലോ. 28എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റതിനുശേഷം നിങ്ങൾക്കു മുമ്പായി ഗലീലയിലേക്കു പോകും."

29"എല്ലാവരും ഇടറിപ്പോയാലും ഞാൻ ഇടറുകയില്ല" പത്രൊസ് പറഞ്ഞു.

30അതിന് ഉത്തരമായി യേശു: "സത്യമായി ഞാൻ നിന്നോടു പറയുന്നു, ഇന്ന്, ഈ രാത്രിയിൽത്തന്നേ, കോഴി രണ്ടുതവണ കൂവുന്നതിനുമുമ്പേ നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും" എന്നു പറഞ്ഞു.

31എന്നാൽ പത്രൊസ്: "അങ്ങയോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ അങ്ങയെ ഒരുനാളും തള്ളിപ്പറയുകയില്ല" എന്ന് ഉറപ്പിച്ചു പറഞ്ഞു. മറ്റുള്ളവരും അതുതന്നേ പറഞ്ഞു.

*ഗെത്ത്ശേമന*

32അവർ പിന്നെ ഗെത്ത്ശേമന എന്നു പേരുള്ള സ്ഥലത്തു ചെന്നു; യേശു ശിഷ്യന്മാരോട്: "ഞാൻ പ്രാർത്ഥിച്ചു തീരുവോളം ഇവിടെ ഇരിപ്പിൻ" എന്നു പറഞ്ഞു. 33പിന്നെ അദ്ദേഹം പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടുപോയി; ദുഃഖവിവശനും വ്യാകുലനുമാകുവാൻ തുടങ്ങി. 34അദ്ദേഹം അവരോട്: "എന്റെ ഉള്ളം മരണവേദനപോലെ അതി ദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ എന്നോടൊപ്പം ഉണർന്നിരിക്കുക'' എന്നു പറഞ്ഞു.

35അദ്ദേഹം അല്പം മുമ്പോട്ടുചെന്നു നിലത്തു വീണ്, കഴിയുമെങ്കിൽ ആ നാഴിക തന്നിൽനിന്നു നീങ്ങിപ്പോകണമെന്നു പ്രാർത്ഥിച്ചു; 36 "*അബ്ബാ,*[a] പിതാവേ, അവിടുത്തേക്കു സകലവും സാധ്യമാണല്ലോ. ഈ പാനപാത്രം എന്നിൽനിന്നു മാറ്റണമേ. എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല, അവിടുന്ന് ഇച്ഛിക്കുന്നതു തന്നേ നടക്കട്ടെ" എന്നു പറഞ്ഞു.

37യേശു മടങ്ങിവന്നപ്പോൾ ശിഷ്യന്മാർ ഉറങ്ങുന്നതായി കണ്ടു. അദ്ദേഹം പത്രൊസിനോട്, "ശിമോനേ, നീ ഉറങ്ങുന്നുവോ? ഒരു മണിക്കൂർ ഉണർന്നിരിപ്പാൻ നിനക്കു കഴിഞ്ഞില്ലേ? 38പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുക. ആത്മാവ് ഒരുക്കമുള്ളത്; ജഡമോ ബലഹീനമാണ്" എന്നു പറഞ്ഞു.

39ഒരിക്കൽക്കൂടി അദ്ദേഹം പോയി ആ വാക്കു തന്നേ പറഞ്ഞു പ്രാർത്ഥിച്ചു. 40അദ്ദേഹം തിരിച്ചെത്തിയപ്പോൾ നിദ്രാഭാരം കൊണ്ട് അവർ പിന്നെയും ഉറങ്ങുന്നതു കണ്ടു; അദ്ദേഹത്തോട് എന്താണു പറയേണ്ടതെന്ന് അവർക്ക് അറിഞ്ഞുകൂടായിരുന്നു.

41അദ്ദേഹം മൂന്നാംപ്രാവശ്യം തിരിച്ചുവന്ന്, അവരോട്: "ഇപ്പോഴും നിങ്ങൾ ഉറങ്ങി വിശ്രമിക്കുന്നുവോ? മതി, സമയം വന്നിരിക്കുന്നു. നോക്കൂ, മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുവാൻ പോകുന്നു. 42എഴുന്നേല്പിൻ, നമുക്കു പോകാം; എന്നെ ഒറ്റിക്കൊടുക്കുന്നവൻ ഇതാ വരുന്നു." എന്നു പറഞ്ഞു.

*യേശുവിനെ ബന്ധിക്കുന്നു*

43അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ അവിടെയെത്തി. മുഖ്യപുരോഹിതന്മാരും വേദജ്ഞരും മൂപ്പന്മാരും അയച്ച ഒരു ജനക്കൂട്ടം വാളും വടികളുമായി അവരോടൊപ്പം ഉണ്ടായിരുന്നു.

44അദ്ദേഹത്തെ ഒറ്റിക്കൊടുക്കുന്നവൻ: "ഞാൻ ആരെ ചുംബിക്കുമോ അയാളാണ് ആ മനുഷ്യൻ; അയാളെ ബന്ധിച്ച് കരുതലോടെ കൊണ്ടുപൊയ്ക്കൊള്ളണം" എന്ന് ഒരു അടയാളം അവർക്കു കൊടുത്തിരുന്നു. 45യൂദാ പെട്ടെന്ന് യേശുവിന്റെ അടുത്തുചെന്ന് "ഗുരോ" എന്നു പറഞ്ഞ് അദ്ദേഹത്തെ ചുംബിച്ചു. 46അവർ യേശുവിനെ പിടിച്ചു ബന്ധിച്ചു. 47അപ്പോൾ, അടുത്തു നിന്നിരുന്നവരിൽ ഒരുവൻ വാൾ ഊരി മഹാപുരോഹിതന്റെ ദാസനെ വെട്ടി, അവന്റെ ചെവി ഛേദിച്ചുകളഞ്ഞു.

48യേശു അവരോട്: "എന്നെ പിടിക്കുവാൻ വാളും വടിയുമായി എന്റെ നേരേ വരുവാൻ ഞാനൊരു കൊള്ളക്കാരനോ? 49എല്ലാ ദിവസവും നിങ്ങളെ പഠിപ്പിച്ചുകൊണ്ടു ഞാൻ ദൈവാലയത്തിൽ നിങ്ങളോടുകൂടെ ഉണ്ടായിരുന്നു; എങ്കിലും നിങ്ങൾ എന്നെ പിടിച്ചില്ല. എന്നാൽ തിരുവെഴുത്തുകൾ നിറവേറുവാൻ ഇതു സംഭവിച്ചു" എന്നു പറഞ്ഞു. 50അപ്പോൾ എല്ലാവരും അദ്ദേഹത്തെവിട്ട് ഓടിപ്പോയി.

51ഒരു യുവാവ് പുതപ്പു മാത്രം ധരിച്ചുകൊണ്ട് യേശുവിനെ അനുഗമിക്കുന്നുണ്ടായിരുന്നു. 52അവർ അയാളെ പിടിച്ചപ്പോൾ അയാൾ വസ്ത്രം ഉപേക്ഷിച്ചിട്ടു നഗ്നനായി ഓടിപ്പോയി.

*ന്യായാധിപസംഘത്തിന്റെ മുമ്പിൽ*

53അവർ യേശുവിനെ മഹാപുരോഹിതന്റെ അടുക്കൽ കൊണ്ടുചെന്നു. എല്ലാ മുഖ്യപുരോഹിതന്മാരും മൂപ്പന്മാരും വേദജ്ഞരും അവിടെ ഒരുമിച്ചുകൂടി. 54പത്രൊസ് യേശുവിന്റെ പിന്നാലെ അല്പം അകലെയായി നടന്ന് മഹാപുരോഹിതന്റെ മുറ്റത്തെത്തി അവിടെ കാവല്ക്കാരോടുകൂടെ തീ കാഞ്ഞുകൊണ്ടിരുന്നു.

55മുഖ്യപുരോഹിതന്മാരും ന്യായാധിപസംഘം മുഴുവനും യേശുവിനെ കൊല്ലുന്നതിനുവേണ്ടി അദ്ദേഹത്തിനെതിരായി തെളിവുകൾ അന്വേ

[a] 36 *പിതാവ്* എന്നതിന്റെ അരാമ്യ പദം

ഷിച്ചുകൊണ്ടിരുന്നു; എന്നാൽ ഒന്നും കണ്ടെ
ത്തിയില്ല. 56പലരും യേശുവിനെതിരായി കള്ള
സ്സാക്ഷ്യം പറഞ്ഞു. എന്നാൽ അവരുടെ മൊഴി
കൾ പരസ്പരം പൊരുത്തപ്പെട്ടില്ല.
57അപ്പോൾ ചിലർ എഴുന്നേറ്റു അദ്ദേഹത്തിന്
എതിരായി: 58"കൈകളാൽ നിർമ്മിച്ച ഈ മന്ദിരം
നശിപ്പിച്ചശേഷം കൈകൊണ്ടു നിർമ്മിക്കാത്ത
മറ്റൊന്ന് മൂന്നു ദിവസത്തിനകം ഞാൻ പണിയും
എന്ന് ഇയാൾ പറഞ്ഞതു ഞങ്ങൾ കേട്ടിരിക്കു
ന്നു" എന്നു കള്ളസ്സാക്ഷ്യം പറഞ്ഞു. 59എന്നിട്ടും
അവരുടെ സാക്ഷ്യങ്ങൾ പൊരുത്തപ്പെട്ടില്ല.
60അപ്പോൾ മഹാപുരോഹിതൻ അവരുടെ
മുമ്പാകെ എഴുന്നേറ്റുനിന്നുകൊണ്ട് യേശുവി
നോട്: "നിനക്കു മറുപടിയൊന്നും ഇല്ലേ? അവർ
നിനക്കെതിരായി പറയുന്ന ഈ സാക്ഷ്യം എന്ത്?"
എന്നുചോദിച്ചു. 61എന്നാൽ യേശു മറുപടി
കൊടുക്കാതെ മൗനമായിരുന്നു.
മഹാപുരോഹിതൻ വീണ്ടും അദ്ദേഹത്തോട്:
"താങ്കൾ വന്ദ്യനായവൻെറ പുത്രനായ
ക്രിസ്തുവാണോ?" എന്നു ചോദിച്ചു.
62അതിന് യേശു: "ഞാൻ ആകുന്നു;
മനുഷ്യപുത്രൻ സർവ്വശക്തൻെറ വലത്തു
ഭാഗത്തിരിക്കുന്നതും ആകാശമേഘങ്ങളിൽ
വരുന്നതും നിങ്ങൾ കാണും" എന്നു പറഞ്ഞു.
63മഹാപുരോഹിതൻ തൻെറ വസ്ത്രം കീറി.
ഇനി മറ്റു സാക്ഷികൾ നമുക്കെന്തിന്? 64നിങ്ങൾ
ദൈവദൂഷണം കേട്ടിരിക്കുന്നുവല്ലോ. നിങ്ങൾ
ക്കെന്തു തോന്നുന്നു?" എന്നു ചോദിച്ചു. 'അയാൾ
മരണശിക്ഷയ്ക്ക് അർഹനാണ്' എന്ന് എല്ലാ
വരും വിധിച്ചു. 65അപ്പോൾ ചിലർ അദ്ദേഹ
ത്തിൻെറമേൽ തുപ്പുകയും അദ്ദേഹത്തിൻെറ
കണ്ണു മൂടിക്കെട്ടുകയും മുഷ്ടിചുരുട്ടി
അദ്ദേഹത്തെ ഇടിച്ചിട്ട് "പ്രവചിക്കുക" എന്നു
പറയുകയും ചെയ്തു. കാവല്ക്കാർ അദ്ദേ
ഹത്തെ ഏറ്റുവാങ്ങി പ്രഹരിച്ചു.

### *പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു*

66പത്രൊസ് താഴെ നടുമുറ്റത്തായിരുന്നപ്പോൾ
മഹാപുരോഹിതൻെറ വേലക്കാരിയായ ഒരു
പെൺകുട്ടി അവിടെ എത്തി, 67തീ കാഞ്ഞു
കൊണ്ടിരുന്ന പത്രൊസിനെ സൂക്ഷിച്ചുനോക്കി.
"ആ നസറായനായ യേശുവിൻെറകൂടെ
നിങ്ങളും ഉണ്ടായിരുന്നല്ലോ" അവൾ പറഞ്ഞു.
68എന്നാൽ അയാൾ അതു നിഷേധിച്ചു.
"എനിക്ക് അറിഞ്ഞുകൂടാ; നീ എന്താണു
പറയുന്നതെന്ന് എനിക്കു മനസ്സിലാകുന്നുമില്ല"
എന്നു പറഞ്ഞുകൊണ്ട് പടിപ്പുരയിലേക്കു
പോയി[a]. 69വേലക്കാരി വീണ്ടും അയാളെ അവിടെ
കണ്ടപ്പോൾ ചുറ്റും നിന്നിരുന്നവരോട്: "ഈ
മനുഷ്യൻ അവരിൽ ഒരാളാണ്" എന്നു പറഞ്ഞു.
70അയാൾ വീണ്ടും അതു നിഷേധിച്ചു.
അല്പംകഴിഞ്ഞ്, അടുത്തുനിന്നവർ
പത്രൊസിനോട്: "തീർച്ചയായും നിങ്ങൾ അവ
രിൽ ഒരുവനാണ്. നിങ്ങൾ ഗലീലക്കാരനാ
ണല്ലോ" എന്നു പറഞ്ഞു.
71അയാൾ സ്വയം ശപിച്ച്, അവരോട്
ആണയിട്ടുകൊണ്ട് പറഞ്ഞു: "നിങ്ങൾ പറയുന്ന
ആ മനുഷ്യനെ ഞാൻ അറിയുകയില്ല."
72ഉടനേ കോഴി രണ്ടാം പ്രാവശ്യം കൂവി. "കോഴി
രണ്ടു പ്രാവശ്യം കൂവുന്നതിനുമുമ്പ് നീ
മൂന്നുപ്രാവശ്യം എന്നെ തള്ളിപ്പറയും" എന്ന്
യേശു പറഞ്ഞ വാക്ക് ഓർത്തു; അത് വിചാരിച്ചു
പത്രൊസ് പൊട്ടിക്കരഞ്ഞു.

### *യേശു പീലാത്തോസിൻെറ മുമ്പിൽ*

15 അതിരാവിലെതന്നേ മുഖ്യപുരോഹിത
ന്മാരും, മൂപ്പന്മാരും, വേദജ്ഞരും
ന്യായാധിപസംഘത്തിലുള്ള എല്ലാവരും കൂടിയാ
ലോചിച്ച് ഒരു തീരുമാനത്തിലെത്തി. അവർ
യേശുവിനെ ബന്ധിച്ചുകൊണ്ടുപോയി
പീലാത്തോസിനെ ഏല്പിച്ചു.
2"നീ യഹൂദരുടെ രാജാവാണോ?" പീലാ
ത്തോസ് ചോദിച്ചു.
"അതേ, താങ്കൾ പറയുന്നതു ശരിതന്നെ"
യേശു ഉത്തരം പറഞ്ഞു. 3മുഖ്യപുരോഹിതന്മാർ
യേശുവിനെതിരായി പല ആരോപണങ്ങളും
ഉന്നയിച്ചു. 4പീലാത്തോസ് വീണ്ടും യേശു
വിനോട്: "താങ്കൾ മറുപടി ഒന്നും പറയുന്നില്ലേ?
നോക്കൂ, എത്രയോ ആരോപണങ്ങളാണ് അവർ
താങ്കൾക്കെതിരേ ഉന്നയിക്കുന്നത്?" എന്നു
ചോദിച്ചു.
5എന്നിട്ടും യേശു ഉത്തരമെന്നും പറയാതിരു
ന്നതുകൊണ്ടു പീലാത്തോസ് ആശ്ചര്യപ്പെട്ടു.
6ഉത്സവസമയത്ത് ജനങ്ങൾ ആവശ്യപ്പെടുന്ന
ഒരു തടവുകാരനെ മോചിപ്പിക്കുക പതിവാ
യിരുന്നു. 7ഒരു കലാപത്തിൽ കൊല നടത്തിയ
കലഹക്കാരുടെകൂടെ ബറബ്ബാസ് എന്നു പേരുള്ള
ഒരാൾ കാരാഗൃഹത്തിൽ ഉണ്ടായിരുന്നു.
8ജനക്കൂട്ടം പീലാത്തോസിൻെറ അടുക്കൽ
ചെന്നു തങ്ങൾക്കുവേണ്ടി പതിവുപോലെ
ചെയ്യണമെന്ന് ആവശ്യപ്പെട്ടു.
9മുഖ്യപുരോഹിതന്മാർ അസൂയകൊണ്ടാണ്
യേശുവിനെ തൻെറ പക്കൽ ഏല്പിച്ച
തെന്നറിഞ്ഞ് പീലാത്തോസ് അവരോട്:
10"യഹൂദരുടെ രാജാവിനെ നിങ്ങൾക്ക്
വിട്ടുതരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?"
എന്നു ചോദിച്ചു.
11എന്നാൽ ബറബ്ബാസിനെ വിട്ടുതരണമെന്നു
പീലാത്തോസിനോട് ആവശ്യപ്പെടുവാൻ മുഖ്യ
പുരോഹിതന്മാർ ജനക്കൂട്ടത്തെ പ്രേരിപ്പിച്ചു.

[a] 68 ചില പുരാതന കയ്യെഴുത്തുപ്രതികളിൽ, *പടിപ്പുരയിലേക്കുപോയി, അപ്പോൾ കോഴി കൂവി*

12“എങ്കിൽ, യഹൂദരുടെ രാജാവ് എന്നു
നിങ്ങൾ വിളിക്കുന്ന ഇയാളെ ഞാൻ എന്തു
ചെയ്യണം?” എന്നു പീലാത്തോസ് ചോദിച്ചു.
13 “അവനെ ക്രൂശിക്കുക” എന്ന് അവർ
ഉച്ചത്തിൽ അട്ടഹസിച്ചു. 14“എന്തിന്? അയാൾ
എന്തു കുറ്റമാണ് ചെയ്തത്?” പീലാത്തോസ്
ചോദിച്ചു.
“അവനെ ക്രൂശിക്കുക” എന്ന് അവർ
അത്യുച്ചത്തിൽ കൂകി വിളിച്ചു. 15ജനക്കൂട്ടത്തെ
തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിച്ചുകൊണ്ട്
പീലാത്തോസ് ബറബ്ബാസിനെ അവർക്കുവേണ്ടി
മോചിപ്പിച്ചു. അയാൾ യേശുവിനെ ചാട്ടവാറു
കൊണ്ട് അടിപ്പിച്ചശേഷം, ക്രൂശിക്കുവാൻ
ഏല്പിച്ചുകൊടുത്തു.

*പടയാളികൾ യേശുവിനെ പരിഹസിക്കുന്നു*

16പടയാളികൾ യേശുവിനെ കൊട്ടാരത്തി
നുള്ളിൽ ദേശാധിപതിയുടെ ആസ്ഥാനമുള്ള
മണ്ഡപത്തിലേക്കു കൊണ്ടുപോയി. അവർ
പട്ടാളത്തെ മുഴുവൻ വിളിച്ചുകൂട്ടി. 17അവർ
അദ്ദേഹത്തെ ഒരു ചുവന്ന അങ്കി ധരിപ്പിച്ചു;
അതിനുശേഷം മുള്ളുകൾകൊണ്ട് ഒരു കിരീടം
മെടഞ്ഞ് അദ്ദേഹത്തിൻെറ തലയിൽ വച്ചു.
18പിന്നീട്, “യഹൂദരുടെ രാജാവേ, ജയ ജയ”
എന്നു പറഞ്ഞ് അദ്ദേഹത്തെ പരിഹസിച്ചു.
19അവർ അദ്ദേഹത്തിൻെറ തലയിൽ കോൽ
കൊണ്ട് അടിച്ചു; ദേഹത്തു തുപ്പി; മുട്ടുകുത്തി
അദ്ദേഹത്തെ നമസ്കരിച്ചു. 20ഇങ്ങനെ
പരിഹസിച്ചശേഷം അവർ ചുവന്ന അങ്കി നീക്കി
അദ്ദേഹത്തെ സ്വന്തം വസ്ത്രം ധരിപ്പിച്ചു. പിന്നീട്
അവർ അദ്ദേഹത്തെ ക്രൂശിക്കുവാൻ
കൊണ്ടുപോയി.

*യേശുവിനെ ക്രൂശിക്കുന്നു*

21അലക്സാണ്ടറിൻെറയും രൂഫൊസി
ൻെറയും പിതാവായ ശിമോൻ എന്നുപേരുള്ള
കുറേനക്കാരനായ ഒരു മനുഷ്യൻ ഗ്രാമപ്രദേ
ശത്തുനിന്ന് അതുവഴി കടന്നുപോവുക
യായിരുന്നു. അവർ അയാളെ ക്രൂശു ചുമക്കു
വാൻ നിർബ്ബന്ധിച്ചു. 22അവർ യേശുവിനെ
‘തലയോടിൻെറ സ്ഥലം’ എന്നർത്ഥമുള്ള
ഗൊൽഗോഥാ എന്ന സ്ഥലത്തു കൊണ്ടുപോയി.
23മീറ കലർത്തിയ വീഞ്ഞ് അവർ അദ്ദേഹത്തിനു
കൊടുത്തു; എന്നാൽ അദ്ദേഹം അതു
സ്വീകരിച്ചില്ല. 24അവർ അദ്ദേഹത്തെ ക്രൂശിച്ചു.
അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ പങ്കിട്ട്,
ഓരോരുത്തനും ഏതു കിട്ടുമെന്ന് അറിയുവാൻ
നറുക്കിട്ടു. 25മൂന്നാംമണി നേരത്താണ് അവർ
അദ്ദേഹത്തെ ക്രൂശിച്ചത്. 26“യഹൂദരുടെ രാജാവ്”
എന്നതായിരുന്നു അദ്ദേഹത്തിൻെറമീതേ എഴുതി
വച്ചിരുന്ന കുറ്റപത്രം. 27അവർ അദ്ദേഹത്തോടു
കൂടെ രണ്ടു കൊള്ളക്കാരെ, ഒരുവനെ വലത്തും
മറ്റവനെ ഇടത്തുമായി ക്രൂശിച്ചു. [28“അധർമ്മി
കളുടെ കൂട്ടത്തിൽ അവൻ എണ്ണപ്പെട്ടു” എന്ന തി
രുവെഴുത്ത് നിവൃത്തിയായി.] 29കടന്നുപോയ
വർ തലകുലുക്കിക്കൊണ്ട്,
“ഹേ, ദൈവാലയം നശിപ്പിച്ചിട്ടു മൂന്നുദിവസ
ത്തിനകം പണിയുന്നവനേ, 30ക്രൂശിൽനിന്ന്
ഇറങ്ങി വരിക, നിന്നെത്തന്നേ രക്ഷിക്ക!” എന്നു
പറഞ്ഞ് അദ്ദേഹത്തെ ദുഷിച്ചു.
31അങ്ങനെതന്നേ, മുഖ്യപുരോഹിതന്മാരും
വേദജ്ഞരും അദ്ദേഹത്തെ പരിഹസിച്ചുകൊണ്ടു
പരസ്പരം പറഞ്ഞു: “ഇവൻ മറ്റുള്ളവരെ രക്ഷിച്ചു;
എന്നാൽ തന്നെത്താൻ രക്ഷിക്കാനോ കഴിവില്ല!
32യിസ്രായേലിൻെറ രാജാവായ ഈ ക്രിസ്തു
ഇപ്പോൾ ക്രൂശിൽനിന്ന് ഇറങ്ങിവരട്ടെ; എങ്കിൽ
നമുക്കു കണ്ടു വിശ്വസിക്കാം.” തന്നോടൊപ്പം
ക്രൂശിക്കപ്പെട്ടവരും അദ്ദേഹത്തെ നിന്ദിച്ചു.

*യേശുവിൻെറ മരണം*

33ആറാംമണിമുതൽ ഒമ്പതാംമണിവരെ ദേശ
മെല്ലാം അന്ധകാരം വ്യാപിച്ചു. 34ഒമ്പതാംമണി
നേരത്ത് യേശു: ‘എൻെറ ദൈവമേ, എൻെറ
ദൈവമേ, അവിടുന്ന് എന്നെ കൈവിട്ടതെന്ത്?’[a]
എന്നർത്ഥമുള്ള *“എലോഹീ, എലോഹീ, ലമ്മാ
ശബ്ബക്താനി”* എന്ന് ഉച്ചത്തിൽ നിലവിളിച്ചു.
35അടുത്തുനിന്നവരിൽ ചിലർ ഇതുകേട്ട്,
“അതാ, അയാൾ ഏലിയാവിനെ വിളിക്കുന്നു”
എന്നു പറഞ്ഞു.
36ഒരുത്തൻ ഓടിച്ചെന്ന് ഒരു സ്പോഞ്ചിൽ
പുളിച്ച വീഞ്ഞു നിറച്ച് ഒരു ഞാങ്ങണ
ത്തണ്ടിന്മേൽവച്ച് യേശുവിനു കുടിക്കാൻ
കൊടുത്തുകൊണ്ട്: “നില്ക്കൂ, ഏലിയാവ്
അയാളെ താഴെയിറക്കാൻ വരുമോ എന്നു
നമുക്കു നോക്കാം” എന്നു പറഞ്ഞു.
37യേശു ഉച്ചത്തിൽ നിലവിളിച്ചു പ്രാണൻ
വെടിഞ്ഞു.
38ദൈവാലയത്തിലെ തിരശ്ശീല മുകളിൽനിന്നു
താഴെവരെ രണ്ടായി കീറിപ്പോയി. 39യേശുവിൻെറ
മുമ്പിൽ നിന്നിരുന്ന ശതാധിപൻ അദ്ദേഹ
ത്തിൻെറ നിലവിളി കേൾക്കുകയും അദ്ദേഹം
മരിച്ചതെങ്ങനെയെന്നു കാണുകയും ചെയ്തിട്ട്[b]
“നിശ്ചയമായും, ഈ മനുഷ്യൻ ദൈവപുത്രൻ
ആയിരുന്നു” എന്നു പറഞ്ഞു.
40ചില സ്ത്രീകൾ ദൂരെനിന്നു നോക്കിക്കൊ
ണ്ടിരുന്നു. അവരുടെ കൂട്ടത്തിൽ മഗ്ദലക്കാരി
മറിയയും ചെറിയ യാക്കോബിൻെറയും യോസെ
യുടെയും അമ്മയായ മറിയയും ശലോമയും
ഉണ്ടായിരുന്നു. 41ഗലീലയിൽവച്ചു യേശുവിനെ
അനുഗമിക്കുകയും ശുശ്രൂഷിക്കുകയും

[a] 34 സങ്കീർത്തനം 22:1 [b] 39 ചില കയ്യെഴുത്തുപ്രതികളിൽ, *ശതാധിപൻ, അദ്ദേഹം മരിച്ചതെങ്ങനെയെന്ന് കണ്ടിട്ട്*

ചെയ്തിരുന്നവരാണ് ഈ സ്ത്രീകൾ. യെരൂശലേ
മിലേക്ക് അദ്ദേഹത്തോടുകൂടെവന്ന മറ്റു പല
സ്ത്രീകളും അവിടെ ഉണ്ടായിരുന്നു.

### *യേശുവിന്റെ ശവസംസ്കാരം*

42അന്ന് ശബ്ബത്തിന്റെ തലേ ദിവസമായ
ഒരുക്കദിവസമായിരുന്നു. അതുകൊണ്ടു വൈകു
ന്നേരമായപ്പോൾ 43ന്യായാധിപസംഘത്തിലെ
പ്രമുഖാംഗവും ദൈവരാജ്യത്തിനു വേണ്ടി
കാത്തിരുന്നവനുമായ അരിമഥ്യയിലെ യോസേ
ഫ് ധൈര്യത്തോടെ പീലാത്തോസിന്റെ അടു
ക്കൽ ചെന്ന് യേശുവിന്റെ ശരീരം ആവശ്യപ്പെട്ടു.
44ഇത്രവേഗം യേശു മരിച്ചുവോ എന്നു പീലാ
ത്തോസ് ആശ്ചര്യപ്പെട്ടു. അയാൾ ശതാധിപനെ
വരുത്തി യേശു മരിച്ചുകഴിഞ്ഞുവോ എന്നു
ചോദിച്ചു. 45ശതാധിപനിൽനിന്നു ഈ കാര്യം
ഉറപ്പുവരുത്തിയതിനുശേഷം അദ്ദേഹം ശരീരം
യോസേഫിനു വിട്ടുകൊടുത്തു. 46യോസേഫ് ഒരു
ലിനൻകച്ച വാങ്ങി, മൃതദേഹം താഴെയിറക്കി, ആ
വസ്ത്രത്തിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയി
രുന്ന കല്ലറയിൽ വച്ചു. പിന്നീട് അയാൾ ഒരു കല്ല്
ഉരുട്ടി കല്ലറയുടെ വാതില്ക്കൽ വച്ചു. 47മഗ്ദല
ക്കാരി മറിയയും യോസെയുടെ അമ്മയായ
മറിയയും അദ്ദേഹത്തെ വച്ചത് എവിടെയെന്നു
കണ്ടു.

### *യേശുവിന്റെ ഉയിർത്തെഴുന്നേല്പ്*

16 ശബ്ബത്ത് കഴിഞ്ഞശേഷം, മഗ്ദലക്കാരി
മറിയയും യാക്കോബിന്റെ അമ്മ
മറിയയും ശലോമിയും യേശുവിന്റെ ശരീരത്തിൽ
പൂശുവാൻ സുഗന്ധദ്രവ്യങ്ങൾ വാങ്ങി.
2ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ,
സൂര്യൻ ഉദിച്ചപ്പോൾത്തന്നെ അവർ കല്ലറയുടെ
സമീപത്തേക്കു പോയി. 3"കല്ലറവാതില്ക്കൽ
നിന്ന് ആര് കല്ലുരുട്ടിമാറ്റും?" എന്ന് അവർ
പരസ്പരം ചോദിച്ചു.
4എന്നാൽ അവർ നോക്കിയപ്പോൾ വളരെ
വലിപ്പമുള്ള ആ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതായി
കണ്ടു. 5അവർ കല്ലറയ്ക്കുള്ളിൽ കടന്നപ്പോൾ
വെള്ളവസ്ത്രം ധരിച്ച ഒരു യുവാവ് വലത്തു
ഭാഗത്ത് ഇരിക്കുന്നതു കണ്ടു പരിഭ്രമിച്ചു.
6അയാൾ അവരോട്: "പരിഭ്രമിക്കേണ്ടാ,
ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ
നിങ്ങൾ അന്വേഷിക്കുന്നു. അദ്ദേഹം ഉയിർത്തെഴു
ന്നേറ്റു. അദ്ദേഹം ഇവിടെ ഇല്ല. അവർ അദ്ദേഹ
ത്തെ വച്ച സ്ഥലം കാണുക. 7നിങ്ങൾ പോയി
അദ്ദേഹത്തിന്റെ ശിഷ്യന്മാരോടും പത്രൊസി
നോടും, അദ്ദേഹം അവർക്കു മുമ്പേ ഗലീലയി
ലേക്കു പോകുന്നുവെന്നും അവരോടു പറഞ്ഞി
രുന്നതുപോലെ അവിടെ വച്ചു അവർ അദ്ദേഹ
ത്തെ കാണുമെന്നും പറയുവിൻ" എന്നു പറഞ്ഞു.
8പരിഭ്രമിച്ചു വിറച്ചുകൊണ്ട് ആ സ്ത്രീകൾ
കല്ലറയിൽനിന്ന് ഇറങ്ങിയോടി. അവർ ഭയപ്പെട്ടി
രുന്നതിനാൽ ആരോടും ഒന്നും പറഞ്ഞില്ല.
[9ആഴ്ചയുടെ ഒന്നാംദിവസം രാവിലെ യേശു
ഉയിർത്തെഴുന്നേറ്റശേഷം താൻ ഏഴു ഭൂതങ്ങളെ
പുറത്താക്കിയ മഗ്ദലക്കാരി മറിയയ്ക്ക് ആദ്യം
പ്രത്യക്ഷനായി. 10അവൾ പോയി അദ്ദേഹ
ത്തോടുകൂടെ ഉണ്ടായിരുന്നവരോട് ഇതു
പറഞ്ഞു. അവർ കരഞ്ഞു വിലപിച്ചുകൊണ്ടി
രിക്കുകയായിരുന്നു. 11യേശു ജീവിച്ചിരിക്കുന്നു
വെന്നും അവൾ അദ്ദേഹത്തെ കണ്ടുവെന്നും
കേട്ടിട്ട് അവർ വിശ്വസിച്ചില്ല.
12പിന്നീട് അവരിൽ രണ്ടുപേർ നാട്ടിൻപു
റത്തേയ്ക്ക് നടന്നുപോകുമ്പോൾ യേശു
മറ്റൊരുരൂപത്തിൽ അവർക്കു പ്രത്യക്ഷനായി.
13അവർ മടങ്ങിവന്നു ശേഷമുള്ളവരെ വിവരം
അറിയിച്ചു. എന്നാൽ അവരെയും അവർ
വിശ്വസിച്ചില്ല.
14പിന്നീട് ശിഷ്യന്മാർ പതിനൊന്നുപേരും
ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ യേശു
അവർക്കു പ്രത്യക്ഷനായി. താൻ ഉയിർത്തെഴു
ന്നേറ്റതിനുശേഷം തന്നെ കണ്ടവരുടെ വാക്കു
വിശ്വസിക്കാതിരുന്നതുകൊണ്ട് അദ്ദേഹം
അവരുടെ അവിശ്വാസത്തെയും ഹൃദയകാഠി
ന്യത്തെയും ശാസിച്ചു.
15അദ്ദേഹം അവരോടു പറഞ്ഞു: "നിങ്ങൾ
ലോകത്തിലെല്ലാം പോയി സകല സൃഷ്ടിയോടും
സുവിശേഷം പ്രസംഗിക്കുവിൻ. 16വിശ്വസിക്കു
കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ
രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാ
വിധിയിൽ അകപ്പെടും. 17വിശ്വസിക്കുന്നവരാൽ
ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ
അവർ ഭൂതങ്ങളെ പുറത്താക്കും; പുതിയ ഭാഷ
കളിൽ സംസാരിക്കും; 18പാമ്പുകളെ കൈകളിൽ
എടുക്കും; മാരകമായ വിഷം കുടിച്ചാൽ അത്
അവർക്കു ഹാനി വരുത്തുകയില്ല; അവർ
രോഗികളുടെമേൽ കൈവച്ചാൽ, അവർക്കു
സൗഖ്യം വരും".
19കർത്താവായ യേശു അവരോടുസംസാരി
ച്ചതിനുശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട്
ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു.
20ശിഷ്യന്മാർ പോയി എല്ലായിടത്തും പ്രസംഗിച്ചു.
കർത്താവ് അവരോടുകൂടെ പ്രവർത്തിക്കുകയും
അടയാളങ്ങളിലൂടെ വചനത്തെ ഉറപ്പിക്കുകയും
ചെയ്തു.]